Reg. No C. 101, M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 ചിങ്ങം 29 | ലക്കം 5

## കത്തോലിക്കർ രാഷ്ട്രീയ രംഗത്തു്

**ഭാരതത്തിൽ കേവലം അഗണ്യമായ ഒരു ന്യൂനപക്ഷം മാത്രമാണെങ്കിലും കത്തോലിക്കർ ഉത്സാഹപൂർവ്വം രാഷ്ട്രീയരംഗത്തിറങ്ങി മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിൽ വിശദീകരിച്ചിട്ടുള്ള തത്വങ്ങളെ ആസ്പദമാക്കി കത്തോലിക്കാചൈതന്യത്തോടെ രാഷ്ട്രീയപ്രവർത്തനം നടത്തുകയാണെങ്കിൽ അതു സഭയ്ക്കും മാതൃരാജ്യത്തിനുംവേണ്ടി അവർക്കു ചെയ്യാവുന്ന ഒരു വലിയ സേവനമായിരിക്കും.**

(എ. വി. തോമസ്, ബോംബെ)


രാഷ്ട്രീയപ്രവർത്തനം വളരെ ദുഷിച്ചുപോയി എന്നു് ഒരു മുറവിളി ഇന്നു പല സ്ഥാനങ്ങളിൽനിന്നും കേൾക്കാറുണ്ടു്. ഇതു ശരിയാണെങ്കിൽ അതിന്റെ കാരണക്കാർ പൊതുജനങ്ങളല്ലാതെ മററാരുമല്ല; എന്തുകൊണ്ടെന്നാൽ പൊതുജനങ്ങൾ തങ്ങളുടെ കർത്തവ്യങ്ങൾക്കു് അനുയോജ്യമായ വിധം രാഷ്ട്രീയകാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ ഉത്സാഹം പ്രദർശിപ്പിച്ചിരുന്നുവെങ്കിൽ രാഷ്ട്രീയപ്രവർത്തനം അധഃപതനോന്മുഖമാകയില്ലായിരുന്നു.

രാഷ്ട്രീയപ്രവർത്തനം ദുഷിച്ചിരിക്കുന്നുവെന്നതു വാസ്തവംതന്നെ. എന്നാൽ അതു കേവലം പഞ്ചായത്തുകളിലോ, മുനിസിപ്പാലിററികളിലോ സാധാരണ രാഷ്ട്രീയപ്രവർത്തകന്മാരിലോ മാത്രമല്ല. ഇത്രമാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ അധികം ഉൽകണ്ഠയ്ക്കു കാരണമില്ലായിരുന്നു; അവ വേഗം ശരിപ്പെടുത്താവുന്നതത്രേ. ഭരണശകടത്തിന്റെ ചുക്കാൻപിടിക്കുന്നവരും പൊതുജീവിതത്തിന്റെ ഉന്നതസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നവരുമായ രാഷ്ട്രീയപ്രവർത്തകന്മാരിൽ കാണപ്പെടുന്ന ദുഷിപ്പാണു് നാം വളരെ ഭയപ്പെടേണ്ടതു്. അവരുടെ അമിതമായ അധികാരമോഹത്തിലോ ലാഭേച്ഛയിലോ സ്ഥാനകാംക്ഷയിലോ അല്ല യഥാർത്ഥമായ ദൂഷ്യം കിടക്കുന്നതു്. അവരിൽ മിക്കവരും വ്യക്തിപരമായി നോക്കുമ്പോൾ ഉത്തമന്മാരാണെന്നുള്ളതിൽ പക്ഷാന്തരമില്ല. പക്ഷേ വ്യക്തിപരമായ നിലയിൽ അവരുടെ ചെയ്തികൾ എത്രതന്നെ ശ്രേഷ്ഠമായിരുന്നാലും, സമ്മതിദായകന്മാരോടുള്ള വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ അവർ പലപ്പോഴും നിഷ്കർഷിക്കാറില്ലെന്നു കാണാവുന്നതാണു്.

### കുററക്കാർ ആരാണു്?

എന്നാൽ ഇതാരുടെ കുററമാണു്? മുഴുവൻ അവരുടെ കുററമാണോ? അല്ല. അഥവാ അവരുടെ രാഷ്ട്രീയപദ്ധതി വികലമാണെന്നുണ്ടോ? അതുമല്ല. പിന്നെ ഈ രാഷ്ട്രീയാധഃപതനത്തിനുള്ള കാരണമെന്തായിരിക്കാം? രാഷ്ട്രീയപ്രവർത്തനം ദുഷിച്ചുപോകുന്നതിനുള്ള യഥാർത്ഥകാരണം സമ്മതിദായകന്മാരത്രേ. ഇതു് അടിസ്ഥാനരഹിതമായ ഒരു പ്രഖ്യാപനമല്ല, പ്രത്യുത വസ്തുതകളുടെ യഥാർത്ഥമായ ഒരു പ്രകാശനമത്രേ. ഇതു നിഷ്പ്രയാസം തെളിയിക്കാവുന്നതുമാണു്. ഒരുദാഹരണം പറയാം. ഒരു കേസ് വിസ്തരിക്കുന്നതിനു നിയമിതനായിരിക്കുന്ന ജഡ്ജിയുടെ കാര്യമാണെന്നിരിക്കട്ടെ. കേസിൽ ഒരു കക്ഷി അധികാരസ്ഥാനങ്ങളുടെ ഒരു മിത്രമത്രേ. അധികാരസ്ഥാനങ്ങൾ ആരാണു്? അവർ ജനങ്ങളുടെ, നിയമാനുസരണം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണു്; ജനങ്ങൾ തങ്ങളുടെ സമ്മതിദാനാവകാശം നിയമാനുസൃതം വിനിയോഗിച്ചിട്ടുള്ള വോട്ടർമാരുമാണു്.

ഈ വസ്തുതകളിൽനിന്നും ഒരു കാര്യം അനുമേയമാണു്. ഒന്നുകിൽ പൊതുജനങ്ങൾ അനർഹന്മാർക്കു വോട്ടുചെയ്യു; അല്ലെങ്കിൽ തങ്ങളുടെ പ്രതിനിധിയുടെ ആശയഗതിയേയും സ്വഭാവനൈർമ്മല്യത്തേയും പററി അന്വേഷിക്കുന്നതിനുമാത്രം പൊതുകാര്യതല്പരത പൊതുജനങ്ങൾക്കില്ല. രണ്ടാമതു പറഞ്ഞതാണു് പലപ്പോഴും രാഷ്ട്രീയപ്രവർത്തനം ദുഷിച്ചുപോകുന്നതിനുള്ള പ്രധാനകാരണം. സാമൂഹ്യജീവിതം, സമുദായത്തെ അഭിമുഖീകരിക്കുന്ന വിഷമതകൾ, നിയമസമാധാനങ്ങളുടെ ആവശ്യകത മുതലായ ജീവൽപ്രശ്നങ്ങളെപ്പററി സമ്മതിദായകന്മാർ പലപ്പോഴും ചിന്തിക്കപോലും ചെയ്യാറില്ല.



തൃശ്ശൂർ "വ്യാകുലമാതാവിന്റെ പള്ളി"യിലെ ഒരു ബലിപീഠം

### മനസ്സാക്ഷിയനുസരിച്ചു വോട്ടുചെയ്യണം

തങ്ങളുടെ വോട്ടു വില്ക്കുന്നില്ല എന്നു പലരും പറഞ്ഞേക്കാം; അവർ പക്ഷേ പണത്തിനു വില്ക്കുന്നില്ലായിരിക്കാം. എന്നാൽ പൊതുജനങ്ങളുടെ മനോഭാവം ഹേതുവായി ഏററം ശ്രേഷ്ഠനായ രാഷ്ട്രീയപ്രവർത്തകൻപോലും വോട്ടിനു പകരം എന്തെങ്കിലും കൊടുക്കേണ്ടിയിരിക്കുന്നു. രാജ്യത്തെ അത്യുന്നതമായ അധികാരം കാംക്ഷിക്കുന്ന സ്ഥാനാർത്ഥികൾപോലും പലപ്പോഴും വോട്ടറന്മാരെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടി തങ്ങൾക്കു കഴിവുള്ളതും ഇല്ലാത്തതും ആയ പലതും വാഗ്ദാനം ചെയ്യേണ്ടിവരുന്നതു് അത്ഭുതമല്ല. തങ്ങളുടെ ഹൃദയകാരുണ്യം മററുള്ളവർക്കു കാണിക്കുന്നതിനുള്ള ഒരു വഴിയായിരിക്കുമോ പക്ഷേ ഇതു്? അല്ല. വോട്ടിനു പകരം കോഴ കൊടുക്കേണ്ടതു് ആവശ്യമാണെന്നു സ്ഥാനാർത്ഥികൾക്കു് അറിയാവുന്നതുകൊണ്ടാണു് അവർ ഇങ്ങനെ ചെയ്യുന്നതു്. അവരുടെ കോഴ വാഗ്ദാനങ്ങൾതന്നെ. ഇതു് ഒരിക്കലും ശരിയല്ലെന്നു പറയേണ്ടല്ലോ. എന്നാൽ ഇതിനു കുററക്കാർ അവർ മാത്രമല്ല.

സാമുദായികവും നൈയാമികവും സാമ്പത്തികവും ആയ കാര്യങ്ങളിലും, രാഷ്ട്രീയ ചിന്തയുടേയും തത്വങ്ങളുടേയും ഗതികളിലും, തനിക്കും സഹപൗരന്മാർക്കും ഉള്ള അവകാശങ്ങളിലും കർത്തവ്യങ്ങളിലും സമ്മതിദായകൻ കൂടുതൽ പ്രായോഗികമായ താല്പര്യം കാണിക്കുകയും, പൊതുകാര്യപ്രവർത്തകന്മാരിൽനിന്നും പ്രതീക്ഷിക്കപ്പെടേണ്ട ജീവിതനൈർമ്മല്യത്തേയും ആദർശശുദ്ധിയേയും പററി അല്പമെങ്കിലും ചിന്തിക്കുകയും, അനന്തരം തന്റെ അനുമാനങ്ങളും മനസ്സാക്ഷിയും അനുസരിച്ചു് വോട്ടുചെയ്യുകയും ചെയ്താൽ രാഷ്ട്രീയപ്രവർത്തനത്തിലെ ദുഷിപ്പു് മനുഷ്യശക്തിക്കു് എ

ത്രമാത്രം കുറച്ചാലും അത്രയും കുറഞ്ഞിരിക്കും. അപ്പോൾ സത്യസന്ധന്മാരായ രാജ്യതന്ത്രജ്ഞന്മാർക്ക് വോട്ടുപിടിക്കുന്നതിനുവേണ്ടി വ്യക്തവും അവ്യക്തവും ആയ ഭൗതികലാഭങ്ങൾ വാഗ്ദാനം ചെയ്യേണ്ടിവരികയില്ല.

### കത്തോലിക്കാ വോട്ടറന്മാർ

കത്തോലിക്കരായ സമ്മതിദായകന്മാരെ സാധാരണ അഞ്ചുതരക്കാരായി തിരിക്കാം. 1) മതവും രാഷ്ട്രീയപ്രവർത്തനവും തമ്മിൽ കലരുകയും തദനുസൃതം പ്രവർത്തിക്കയും ചെയ്യുകയില്ലെന്നു വിശ്വസിക്കുന്നവർ. 2) കേവലം പേരുകൊണ്ടുമാത്രം കത്തോലിക്കനായ സ്ഥാനാർത്ഥിക്കു വോട്ടുചെയ്യുന്നവർ. 3) രാഷ്ട്രീയകാര്യങ്ങളിൽ തല്പരരല്ലാത്തതിനാൽ വോട്ടുചെയ്യാത്ത കത്തോലിക്കർ. 4) രാഷ്ട്രീയപ്രവർത്തനം ഹീനമാണെന്നും തന്മൂലം അതു തങ്ങൾക്കു പററിയതല്ലെന്നും വിചാരിക്കുന്നവർ. 5) തങ്ങളുടെ മനസ്സാക്ഷി അനുസരിച്ച് ബുദ്ധിപൂർവ്വം വോട്ടുചെയ്യുന്ന "സാധുക്കളായ" കത്തോലിക്കർ. ഇതിൽ ആദ്യത്തെ നാലുതരക്കാരായ കത്തോലിക്കരും കത്തോലിക്കർ എന്ന നിലയിൽ തങ്ങൾക്കുള്ള സാമൂഹ്യകർത്തവ്യം നിർവഹിക്കുന്നതിൽ ദയനീയമാംവിധം പരാജയമടയുന്നു. "അജ്ഞതർ" എന്നുള്ളതാണ് അവരെപ്പററി പറയാവുന്ന ഏററം നല്ല വിശേഷണം. അവർ പരസ്നേഹത്തെപ്പററി അജ്ഞരാകുന്നു; സമുദായം പ്രകൃത്യാ ഉള്ളതാകയാൽ അതു ദൈവസൃഷ്ടിയുടെ ഒരു ഭാഗമാണെന്നുള്ള തത്വത്തെപ്പററി അവർ അജ്ഞരാകുന്നു. തങ്ങളുടെ ആത്മരക്ഷ സാധിക്കുന്നതിനും ആത്മശരീരങ്ങൾ ഐക്യത്തിൽ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനും ഉള്ള ദൈവദത്തവും അവിഭാജ്യവുമായ അവകാശത്തിനുപുറമേ സാമൂഹ്യമായ ചില കർത്തവ്യങ്ങളും ജന്മസിദ്ധമായി തങ്ങൾക്കുണ്ടെന്നും ഈ കർത്തവ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾ ബാദ്ധ്യസ്ഥരാണെന്നും ഉള്ള വസ്തുതകളെപ്പററിയും അവർ അജ്ഞരത്രെ.

രാഷ്ട്രീയജീവിതത്തിൽ കത്തോലിക്കർ അറിഞ്ഞിരിക്കേണ്ട തത്വങ്ങളെപ്പററി വിശദമായി ഇവിടെ പ്രതിപാദിക്കുക സ്ഥലച്ചുരുക്കത്താൽ സാദ്ധ്യമല്ല. മാത്രമല്ല അതിനാവശ്യമായ പാണ്ഡിത്യം എനിക്കില്ലതാനും. എന്നിരുന്നാലും അത്യന്താപേക്ഷിതങ്ങളായ ചില കാര്യങ്ങൾ ചാക്രികലേഖനങ്ങളിൽനിന്നും ഉദ്ധരിക്കാം: നാം ഏതു സ്ഥാനത്തേക്കു പ്രതിനിധികളെ തിരഞ്ഞെടുക്കുന്നുവോ ആ പൊതുവധികാരം ദൈവത്തിൽനിന്നാണു വരുന്നത്; സമ്മതിദായകന്മാരുടെ ഗണത്തിൽനിന്നും അല്ല. ഭരിക്കുന്നതിനുള്ള അവകാശവും അതിനാവശ്യമായ അധികാരങ്ങളും ദൈവം മനുഷ്യനു കൊടുത്തിരിക്കുന്നു. ദൈവത്തിൽനിന്നും സമുദായം വഴി നമ്മിലേക്കുവരുന്ന ഈ അധികാരം കൈവരിക്കുന്നതിനും അതിൻെറ അവകാശങ്ങൾ പ്രയോഗിക്കുന്നതിനും ഉള്ളയാളെ ചില രാഷ്ട്രീയപദ്ധതികൾ മുഖേന മനുഷ്യനു തിരഞ്ഞെടുക്കാവുന്നതാണ്.

പതിമൂന്നാംലെയോൻ പാപ്പാ ഇതെപ്പററി പലപ്പോഴും പ്രസ്താവിക്കുന്നുണ്ട്. "റേരും നൊവാരും" എന്ന വിശ്വലേഖനത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "ഭരിക്കുന്നതിനുള്ള അവകാശം ദൈവത്തിൽനിന്നു വരുന്നതുകൊണ്ട്, അതു ദൈവികാധികാരത്തിൻെറ സ്വീകരണമായതുകൊണ്ട്, ദൈവത്തിൻെറ അധികാരത്തെ അനുകരിച്ചു വേണം അതു പ്രയോഗിക്കുവാൻ.". "ഇമ്മോർത്താലെ ദേയി" എന്ന വിശ്വലേഖനത്തിൽ മനുഷ്യൻ അവശ്യം ഒരു രാഷ്ട്രീയ സമുദായത്തിൽ ജീവിക്കേണ്ടതാണെന്നു മഹാനായ ആ പാപ്പാ ചൂണ്ടിക്കാണിക്കുന്നു. സമുദായം കൂടാതെ ഏകനായി ജീവിതത്തിനു ആവശ്യമുള്ളതെല്ലാം സമ്പാദിക്കുന്നതിനു മനുഷ്യനു സാധിക്കുന്നില്ല; അവൻെറ ബുദ്ധിയേയും ആത്മാവിനേയും പരിപൂർണ്ണമാക്കുന്നതിനും സാധിക്കുന്നില്ല. തന്മൂലം അവൻ സമുദായത്തിൽ ജീവിക്കണമെന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു. എന്നാൽ എല്ലാസമുദായത്തേയും ഭരിക്കുന്നതിനും നയിക്കുന്നതിനും ഒരാൾ ആവശ്യമായിരിക്കയാൽ അതിനു ആവശ്യമായ അധികാരം അയാൾക്കു നല്കപ്പെട്ടിരിക്കുന്നു ഈ "അധികാരം സമുദായംപോലെതന്നെ പ്രകൃതിയിൽനിന്നും, തന്മൂലം അതിൻെറ നാഥനായ ദൈവത്തിൽനിന്നുതന്നെ ഉത്ഭവിക്കയും വരുകയും ചെയ്യുന്നു."

### കത്തോലിക്കർ പങ്കെടുക്കണം

"ലിബർത്താസ്" എന്ന വിശ്വലേഖനത്തിൽ കത്തോലിക്കർ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കണമെന്നും പ്രാദേശികവും ദേശീയവും ആയ വിഷയങ്ങളിൽ ബുദ്ധിപൂർവ്വമായ താല്പര്യം പ്രകടിപ്പിക്കണമെന്നും ലേയൊ പറയുന്നു. കേവലം രാഷ്ട്രീയംമാത്രമായ കാര്യങ്ങളിൽ യഥാർത്ഥമായ അഭിപ്രായവ്യത്യാസങ്ങൾ അനുവദനീയമാണെന്ന് "ഇമ്മോർത്താലെ ദേയി" എന്ന ലേഖനത്തിൽ പ്രസ്തുത പാപ്പാ പറയുന്നു. എന്നാൽ ഈ അഭിപ്രായവ്യത്യാസങ്ങൾ സത്യത്തേയൊ നീതിയേയൊ സംബന്ധിച്ചായിരിക്കരുതെന്ന് "സപ്പിയൻസിയെ ക്രിസ്ത്യാനേ" എന്ന ലേഖനത്തിൽ മഹാനായ ആ പാപ്പാ ഉൽബോധിപ്പിക്കുന്നു. കത്തോലിക്കർ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനെ നിരോധിച്ചിട്ടില്ലെന്നുമാത്രമല്ല, രാഷ്ട്രീയപാർട്ടികൾക്കതീതമായി നിലകൊള്ളുന്ന കത്തോലിക്കാപ്രവർത്തനത്തിൻെറ ഒരുദ്ദേശ്യംതന്നെ "തങ്ങളുടെ സഹപ്രവർത്തകന്മാർ സഭയേയും രാഷ്ട്രത്തിൻെറ താല്പര്യങ്ങളേയും സംരക്ഷിക്കത്തക്കവിധം അവരെ ക്രിസ്തീയപരിപൂർണ്ണതയ്ക്കു പ്രേരിപ്പിക്കയാണെ"ന്ന് പതിനൊന്നാം പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ടു സെഗ്ഗുറാ, ബെട്രാം എന്നി കർദ്ദിനാളന്മാരോടു നിർദ്ദേശിക്കയുണ്ടായി.

### രാഷ്ട്രീയപ്രവർത്തനം ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള ഒരു വഴി

പരസ്നേഹത്തിൻെറയും ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറയും തത്വങ്ങളെപ്പററി ചിന്തിക്കുന്ന ഒരുവനു പൊതുക്കാര്യങ്ങളിൽ താല്പര്യപൂർവ്വം പ്രവർത്തിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി സംശയം ജനിക്കാൻ വഴിയില്ല. നമ്മുടെ ആത്മരക്ഷ സാധിക്കുകയും ഇതരന്മാരുടെ ആത്മരക്ഷയ്ക്കു സഹായിക്കുകയും ചെയ്കയെന്നുള്ളതാണ് നമ്മുടെ ഭൗതികജീവിതത്തിൻെറ ഉദ്ദേശ്യം. നമ്മുടെ അയൽക്കാരനെ നാം യഥാർത്ഥത്തിൽ സ്നേഹിക്കുകയും അവൻെറയും ആത്മരക്ഷ കൈവരുകാണുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നെങ്കിൽ രാഷ്ട്രം ഈ അന്ത്യത്തിനായി പ്രവർത്തിക്കുന്നതിനിടയാക്കുന്നതിനെക്കാൾ ബുദ്ധിപൂർവ്വമായി യാതൊന്നും നമുക്കു ചെയ്യാനില്ല. ഇന്നത്തെ രാഷ്ട്രീയപദ്ധതിയിൽ ഒരു കത്തോലിക്കനു സമുദായത്തിനുവേണ്ടി ചെയ്യാവുന്ന ഏററം കുറഞ്ഞ കാര്യം ബുദ്ധിപൂർവ്വം വോട്ടുചെയ്കയും അപ്രകാരം ചെയ്യുന്നതിനു മററുള്ളവരെ പ്രേരിപ്പിക്കയും അത്രേ. ബുദ്ധിപൂർവ്വം വോട്ടുചെയ്ക എന്നുവച്ചാൽ ഒരുവനു ലഭിച്ചിട്ടുള്ള കത്തോലിക്കാശിക്ഷണവും മാർപ്പാപ്പാമാരുടെ പ്രബോധനങ്ങളും ആസ്പദമാക്കി മനസ്സാക്ഷിപ്രേരണയനുസരിച്ചു വോട്ടുചെയ്ക എന്നത്രെ. അങ്ങനെ ചെയ്യുന്നവൻെറ വോട്ടു അസ്ഥാനത്താവുകയോ അതു അബദ്ധജടിലമായ ആശയങ്ങൾക്കു വളംവച്ചുകൊടുക്കുകയോ ചെയ്കയില്ല.

### കത്തോലിക്കരും പാർട്ടികളും

കുറേ കത്തോലിക്കർ ഒരു പാർട്ടിക്കു വോട്ടുചെയ്യുമ്പോൾ മററു കുറേപേർ വേറൊരു പാർട്ടിക്കു വോട്ടുചെയ്യുന്നതു എങ്ങനെയാണെന്ന് ഒരു ചോദ്യമുണ്ടാകാം. വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിക്കാത്ത കാര്യങ്ങളിൽ അഭിപ്രായഭിന്നത നിഷിദ്ധമല്ലെന്ന് പതിമൂന്നാം ലേയോൻ പാപ്പായും അദ്ദേഹത്തിൻെറ അനുഗാമികളും പലപ്പോഴും സമർത്ഥിച്ചിട്ടുണ്ടല്ലോ. സ്ഥാനാർത്ഥി കുട്ടപ്പണിക്കർ ഒരു റോഡ് ഇടിയിക്കാമെന്നു പറയുമ്പോൾ മത്തായിസാർ തോടു വെട്ടിക്കാമെന്നു പറഞ്ഞുവെന്നിരിക്കട്ടെ. സമ്മതിദായകൻെറ അഭിപ്രായമനുസരിച്ച് റോഡോ തോടോ ഏതാണ് ആവശ്യമെന്നുവച്ചാൽ ആ സ്ഥാനാർത്ഥിക്കു വോട്ടുചെയ്യാൻ അയാൾക്കു സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഒരു സ്ഥാനാർത്ഥി ജനനനിയന്ത്രണം നടപ്പിലാക്കാൻ ശ്രമിക്കാമെന്നുകൂടി പറഞ്ഞുവെന്നിരിക്കട്ടെ. ആ സ്ഥാനാർത്ഥിക്കു വോട്ടുചെയ്യുവാൻ ഒരു കത്തോലിക്കനു ഒരിക്കലും പാടുള്ളതല്ല. ജനനനിയന്ത്രണം കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾക്കു വിരുദ്ധമത്രേ. അക്കാരണത്താൽ ആ സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെടാതിരിക്കാൻ കഴിവുള്ളതു ചെയ്യേണ്ടതു ഒരു കത്തോലിക്കൻെറ കർത്തവ്യമാണ്.

### സഭയും രാഷ്ട്രീയകാര്യങ്ങളും

കത്തോലിക്കാസഭയും രാഷ്ട്രീയകാര്യങ്ങളും തമ്മിൽ കലരുന്നില്ല; അവ വെവ്വേറെയാണ് എന്ന് അഭിപ്രായപ്പെടുന്നവരോടു സമാധാനം പറയുക എളുപ്പമാണ്. അവ യഥാർത്ഥത്തിൽ കലരുന്നില്ലെങ്കിൽ കത്തോലിക്കാസഭയ്ക്കു കാതോലികത്വം ഇല്ല; അതു വിശ്വവ്യാപകമല്ല. ഒരു കത്തോലിക്കൻ എല്ലാ സ്ഥലത്തും സമയത്തും കത്തോലിക്കൻതന്നെയാണ്. അയാളുടെ കത്തോലിക്കത്വം മാററിവയ്ക്കപ്പെടാവുന്ന സ്ഥലമോ സമയമോ ഇല്ല. അങ്ങനെ മാററിവയ്ക്കാമെന്നു വിചാരിക്കുന്നവൻെറ വിശ്വാസസംബന്ധമായ ജ്ഞാനം വികലമത്രേ. ചിലർ "കത്തോലിക്കരായ" രാഷ്ട്രീയപ്രവർത്തകന്മാർക്കു വോട്ടുചെയ്യുവാൻ ആഗ്രഹിക്കുന്നു. എന്നാൽ പേരുകൊണ്ടുമാത്രം ഒരു സ്ഥാനാർത്ഥി കത്തോലിക്കനാകുന്നില്ല. കത്തോലിക്കാപേരുകാരനായ സ്ഥാനാർത്ഥിയുടെ പ്രവൃത്തികൾ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾക്ക് അനുസൃതമാണോ എന്നു പരിശോധിച്ചശേഷമേ അയാൾക്കു വോട്ടുചെയ്യാവൂ. രാഷ്ട്രീയകാര്യങ്ങളിൽ തല്പരരല്ലാത്തതിനാൽ ചില കത്തോലിക്കർ വോട്ടുചെയ്യാറില്ല. ഇതു ആത്മഹത്യാപരമായ ഉദാസീനതയത്രേ. 1931ൽ ഹിററ്ലർ ജർമ്മനിയിൽ അധികാരത്തിൽവന്നപ്പോൾ പല കത്തോലിക്കരും വോട്ടുചെയ്യുന്നതിൽ ഉദാസീനരായിരുന്നു. അവർ ബുദ്ധിപൂർവ്വം വോട്ടുചെയ്ത് നാസിപാർട്ടിയെ അധികാരത്തിൽ പ്രവേശിപ്പിക്കാതിരുന്നെങ്കിൽ അവരുടെ മാതൃരാജ്യം ഇന്നത്തെ ദയനീയസ്ഥിതിയിൽ എത്തുകയില്ലായിരുന്നു. വോട്ടുചെയ്യുന്ന വിഷയത്തിൽ ഉദാസീനരായിരുന്ന ഇററലിയൻ കത്തോലിക്കരെ പരിശുദ്ധ പിതാവും ഇററലിയിലെ മെത്രാന്മാരും കത്തോലിക്കാ പ്രവർത്തകന്മാരും ബുദ്ധിപൂർവ്വം വോട്ടുചെയ്യുന്നതിനു പ്രേരിപ്പിക്കാതിരുന്നുവെങ്കിൽ ആ രാജ്യം ഇന്ന് ഇരുമ്പുകർട്ടൻെറ ഉള്ളിൽ മറഞ്ഞുപോകുമായിരുന്നു.

രാഷ്ട്രീയപ്രവർത്തനം "ഹീന"മാണെന്നു വിചാരിക്കുന്നവരുമുണ്ട്. രാഷ്ട്രീയപ്രവർത്തനം ഹീനമായിപ്പോകുന്നുണ്ടെങ്കിൽ അതിനു കാരണം അതു ശ്രേഷ്ഠമായിരിക്കുന്നതിനു വേണ്ടത്ര താല്പര്യം പൊതുജനങ്ങൾ പ്രദർശിപ്പിക്കാത്തതാണ്. രാഷ്ട്രീയപ്രവർത്തനം ഹീനമായിപ്പോകുന്നതിനുള്ള ഒരു പ്രധാന കാരണം തിരഞ്ഞെടുപ്പുദിവസങ്ങളിൽ വോട്ടുചെയ്യാൻ പോകാതെ വീട്ടിനുള്ളിൽ സുഖമായി കഴിയുന്നവരാണ്. സാക്ഷാൽ ക്രിസ്തീയ ആദർശങ്ങളോടുകൂടിയവർ അധികാരത്തിൽ വരുന്നുവെങ്കിൽ രാഷ്ട്രീയപ്രവർത്തനം ഒരിക്കലും ഹീനമാവുകയില്ല.

### സ്വതന്ത്രഭാരതം

സ്വതന്ത്രഭാരതത്തിലെ പൊതുതിരഞ്ഞെടുപ്പ് അനതിവിദൂരമായ ഭാവിയിൽത്തന്നെ ഉണ്ടാകുമല്ലൊ. ആദർശശുദ്ധരും സംസ്കാരസമ്പന്നരും ആയ ജനപ്രതിനിധികൾ അധികാരത്തിൽ വരാത്തപക്ഷം നമുക്കു ഇന്നു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം തീർച്ചയായും ദീർഘനാൾ ആസ്വദിക്കുവാൻ നമുക്കു സാധിക്കയില്ല. കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് മുതലായ പാർട്ടികൾ അധികാരത്തിൽ വന്നാൽ ചെക്കോസ്ലോവാക്യാ, ഹങ്കറി മുതലായരാജ്യങ്ങളിലെ അനുഭവം നമുക്കുണ്ടാവുകയും നമ്മുടെ മാതൃഭൂമി റഷ്യയുടെ അടിമയായിത്തീരുകയും ചെയ്യുമെന്നുള്ളതു നിസ്തർക്കമത്രേ. മാർപ്പാപ്പാമാരുടെ അപലപനത്തിനു വിഷയമായിട്ടുള്ള പ്രസ്തുത പാർട്ടികളിൽ ചേരുകയോ അതിലെ സ്ഥാനാർത്ഥികൾക്കു വോട്ടു കൊടുക്കയോ ചെയ്യാൻ ഒരു കത്തോലിക്കനു് ഒരിക്കലും പാടുള്ളതല്ല. നല്ല ആദർശങ്ങളോടും പരിപാടികളോടുംകൂടിയ പാർട്ടികൾ നിർത്തുന്ന സ്ഥാനാർത്ഥികൾ കത്തോലിക്കാസഭയുടെ ആദർശങ്ങളോട് അനുഭാവമുള്ളവരായിരിക്കുന്നതിനും അങ്ങനെയുള്ളവരെ വിജയിപ്പിക്കുന്നതിനും കത്തോലിക്കർ കഴിവുള്ളതെല്ലാം ചെയ്യേണ്ടതാണ്. ഭാരതത്തിൽ കേവലം അഗണ്യമായ ഒരു ന്യൂനപക്ഷംമാത്രമാണെങ്കിലും, കത്തോലിക്കർ ഉത്സാഹപൂർവ്വം രാഷ്ട്രീയരംഗത്തിറങ്ങി മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിൽ വിശദീകരിച്ചിട്ടുള്ള തത്വങ്ങളെ ആസ്പദമാക്കി കത്തോലിക്കാചൈതന്യത്തോടെ രാഷ്ട്രീയപ്രവർത്തനം നടത്തുകയാണെങ്കിൽ അതു സഭയ്ക്കും മാതൃരാജ്യത്തിനും വേണ്ടി അവർക്കു ചെയ്യാവുന്ന ഒരു വലിയ സേവനമായിരിക്കും.

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്‌വെ- എറണാകുളം

## സംഭവകഥകൾ

### പ്രഥമ ദിവ്യകാരുണ്യസ്വീകരണം

ഒരിക്കൽ ഒരാംഗ്ലേയവനിത തൻെറ കൊച്ചുമകനുമൊരുമിച്ചു പത്താം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചു. ആ പിഞ്ചുബാലൻ യാതൊരു ഭയവും കൂടാതെ പരിശുദ്ധ പിതാവിൻെറ മുട്ടുകാലേൽ ചാരിനിന്നു. അവനിൽ വാത്സല്യം തോന്നിയതിനാൽ തിരുമേനി അവനെന്തു പ്രായമുണ്ടെന്നു ചോദിച്ചു.

"നാലുവയസ്സ്" അവൻെറ അമ്മ മറുപടിപറഞ്ഞു.

അനന്തരം പരിശുദ്ധ പിതാവു സ്നേഹപുരസ്സരം ബാലകനെ സൂക്ഷിച്ചുനോക്കികൊണ്ടു ചോദിച്ചു: "പ്രിയ കുഞ്ഞേ, പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിവരുന്നതു് ആരെന്നുപറയാമോ?"

"ഈശോ"—അവൻ തൽക്ഷണം പ്രതിവചിച്ചു.

"ഈശോ എന്നുപറഞ്ഞാൽ ആരാണ്?"

"ദൈവം."

ആ പ്രത്യുത്തരം കേട്ട് സന്തുഷ്ടനായ മാർപ്പാപ്പാ ബാലൻെറ മാതാവിൻെറ നേരെ തിരിഞ്ഞ് സ്നേഹപൂർവ്വം പറഞ്ഞു: "ഇവനെ നാളെ കാലത്തു കൊണ്ടുവരിക. ഞാൻ അവനു ആദ്യകുർബാന കൊടുക്കാം."

പത്താം പീയൂസു മാർപ്പാപ്പായാണു കുട്ടികൾക്കു ചെറുപ്രായത്തിലേതന്നെ ദിവ്യകാരുണ്യം കൊടുക്കാൻ അനുമതി നല്കിയതു്. ഈശോയെ അറിയുന്നതിനും സ്നേഹിക്കുന്നതിനും പ്രായമായാൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു വിരോധമില്ലെന്നായിരുന്നു അവിടുന്നു നല്കിയ നിർദ്ദേശം.

### പ്രസന്നത

സദാ പ്രസന്നവദനയായിരുന്ന ഒരു ആശ്രമശ്രേഷ്ഠയാണ് അവിലായിലെ വി. ത്രേസ്യാ. ഒരു ദിവസം പുണ്യവതി വലിയ ക്ഷീണവും കുറേശ്ശെ പനിയും തോന്നിയതുകൊണ്ട് ഉല്ലാസത്തിനു നില്ക്കാതെ സ്വന്തം മുറിയിലേക്കു പോകാൻ ഉദ്യമിക്കയായിരുന്നു. അപ്പോൾ ഒരു നവസന്യാസിനി വിളിച്ചു ചോദിച്ചു: "ബ. അമ്മ ഞങ്ങളുടെകൂടെ ഉല്ലസിക്കുവാൻ വരുന്നില്ലയോ?" സ്നേഹമസൃണമായ ആ ക്ഷണം തിരസ്കരിക്കാൻ വിശുദ്ധയ്ക്കു മനസ്സുവന്നില്ല. നല്ല സുഖമില്ലായിരുന്നെങ്കിലും, സഹസന്യാസിനികളെപ്രതി പുണ്യവതിയും അവരുടെ കൂട്ടത്തിൽകൂടി പാടുകയും ഉല്ലസിക്കയും ചെയ്തു.

"സന്തോഷത്തോടുകൂടി ദൈവത്തിനു ശുശ്രൂഷ ചെയ്യുവിൻ."—വി. ലിഖിതം.

### റഷ്യക്കൊരു പാഠം

നെപ്പോളിയൻ ഒരിക്കൽ പറഞ്ഞതാണിതു്: "അലക്സാണ്ടരും സീസരും കാറൽമാനും, ഞാനും വലിയ സാമ്രാജ്യങ്ങൾ സ്ഥാപിച്ചു. പക്ഷെ അവ എന്തിലാണ് അധിഷ്ഠിതമായിരുന്നതു്? ബലപ്രയോഗത്തിൽ മാത്രം. ഈശോമിശിഹായാകട്ടെ, തൻെറസാമ്രാജ്യം സ്നേഹത്തിന്മേൽ അധിഷ്ഠിതമാക്കി തന്മൂലം ഇന്നും ജനങ്ങൾ ലക്ഷക്കണക്കിനു് അദ്ദേഹത്തെപ്രതി ജീവൻ വെടിയാൻ സന്നദ്ധരായിരിക്കുന്നു."

റഷ്യാ! നീ ഇതോർത്തുകൊള്ളുക.

# "റോമൻ കത്തോലിക് കൗശലപദ്ധതി"

അഥവാ

# മി. ഡാനിയേലിന്റെ പഴങ്കഥകൾ

(ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി)

IV

മുപ്പതു ഖണ്ഡങ്ങളടങ്ങിയ മി: ഡാനിയേലിന്റെ കൌശലപദ്ധതിയിൽ ആദ്യന്തം പഴങ്കഥകളാണ് അടങ്ങിയിരിക്കുന്നതെങ്കിലും "എന്റെ തെററു" എന്ന തലക്കെട്ടോടുകൂടിയ 8-ാം ഖണ്ഡംമാത്രം ഒരു പുതിയ കഥയാണെന്നു പറയാവുന്നതാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് "മലങ്കരസഭയും നവീകരണവും" എന്ന പേരിൽ മി: ഡാനിയേൽ എഴുതിയ ഒരു പുസ്തകത്തിൽ "കാതലിക്ക എൻസൈക്ലോപ്പീഡിയാ"യിൽനിന്നും വാല്യവും പുറവും പറഞ്ഞുകൊണ്ടു കുമ്പസാരക്കൂദാശയെപ്പററി പത്താം പീയൂസു മാർപ്പാപ്പാ പഠിപ്പിക്കുന്നതായി ഒരു ഭാഗം ഉദ്ധരിച്ചിരുന്നു. മി: ഡാനിയേൽ ഉദ്ധരിച്ചിരിക്കുന്ന ഭാഗം പത്താം പീയൂസു മാർപ്പാപ്പാ പഠിപ്പിക്കുന്നതല്ല, പിന്നെയോ, ശപിക്കുന്നതാണെന്നും, ആ സംഗതി "കാതലിക്ക എൻസൈക്ലോപ്പീഡിയാ"യിൽ ഉദ്ധൃതഭാഗത്തിനു നേരെ മുകളിൽ സ്പഷ്ടമായി പ്രസ്താവിച്ചിട്ടുണ്ടെന്നും, മാർപ്പാപ്പാ ശപിക്കുന്ന ഒരു കാര്യം അദ്ദേഹം പഠിപ്പിക്കുന്നതാണെന്നു് എഴുതി സാധുക്കളായ വായനക്കാരെ ഭയങ്കരമാംവിധം വഞ്ചിക്കയാണ് മി: ഡാനിയേൽ ചെയ്തിരിക്കുന്നതെന്നും "സത്യസഭാകാഹളം" മാസികയുടെ 1948 മെയ് ലക്കത്തിൽ ഞാൻ എഴുതിയിരുന്നു. ഇതിനു മറുപടിയെന്നോണം "മലങ്കരസഭാതാരക" എന്ന മാർത്തോമ്മാക്കാരുടെ മാസികയിലും തുടർന്നു ഈ "കൌശലപദ്ധതി"യിലും ദീർഘമായി മി: ഡാനിയേൽ എഴുതിയിരിക്കുന്നു. ഈ സംഗതി വായനക്കാർക്കു സുഗ്രഹമാകുന്നതിനുവേണ്ടി വിശദീകരണസഹിതം ചുവടേ ചേർത്തുകൊള്ളുന്നു.

"മലങ്കരസഭയും നവീകരണവും" എന്ന പുസ്തകത്തിൽ മി: ഡാനിയേൽ എഴുതിയിരുന്നതു് ഇപ്രകാരമാണ്:-

"ഇരുപതാം നൂററാണ്ടിലെ പത്താം പീയൂസു പാപ്പാ പറയുന്നതു കേൾക്കണം:- സഭയുടെ അധികാരത്താൽ ക്രിസ്ത്യാനിയായ ഒരു പാപിയെ സംയോജിപ്പിക്ക എന്നൊരാശയം പ്രാചീനസഭയിൽ ഇല്ലായിരുന്നു. എന്നാൽ സഭ വളരെ സാവധാനമായിട്ടുമാത്രമാണു് ഈ ആശയത്തോടു പരിചയിച്ചതു്. എന്നുമാത്രമല്ല, കുമ്പസാരം സഭയുടെ ഒരു ഏർപ്പാടായി അംഗീകരിക്കപ്പെട്ടശേഷവും അതിനെ കൂദാശ എന്നു വിളിച്ചിരുന്നില്ല. കാരണം, അതു് [illegible] കൂദാശയായി ഗണിക്കപ്പെട്ടിരുന്നു. വീണ്ടും, "പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവ നിർത്തിയിരിക്കുന്നു" (യോഹ. 20; 22-23) എന്നിങ്ങനെ കർത്താവു പറഞ്ഞതും ത്രെന്തൂസുന്നഹദോസിലെ പിതാക്കന്മാർ എന്തു പറഞ്ഞിരുന്നാലും കുമ്പസാരക്കൂദാശയെപ്പററിയല്ല" (Catholic Encyclopedia vol. XI p. 620)

In the Primitive Church ആദിയായ ഇതിന്റെ ഇംഗ്ലീഷുഭാഗം ഉദ്ധരിച്ചുകൊണ്ടു് മി: ഡാനിയേൽ തുടരുന്നു: "പട്ടക്കാരനോടു പാപം ഏററുപറയുന്ന ഏർപ്പാടു അപ്പസ്തോലകാലംമുതലുള്ളതല്ലെന്നും വളരെ സാവധാനത്തിലാണു് ഇതിനോടു ക്രിസ്ത്യാനികൾക്കു പരിചയംവന്നതെന്നും, പാപ്പാതന്നെ ഏററുപറഞ്ഞിരിക്കുന്നു." (മലങ്കരസഭയും നവീകരണവും. പുറം 116-117)

പ്രസ്തുതപുസ്തകത്തിൽ വേറെ രണ്ടു സ്ഥലങ്ങളിൽക്കൂടെ ഇതെപ്പററി മി: ഡാനിയേൽ എഴുതിയിട്ടുണ്ടു്.

"പിന്നൊരു വാക്യം സാധാരണ ഉദ്ധരിക്കുന്നതു ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കുന്നു. ആരുടെ പാപങ്ങൾ നിറുത്തുന്നുവോ അവ നിറുത്തിയിരിക്കുന്നു. (യോഹ. 20-23) ഈ വാക്യം കുമ്പസാരക്കൂദാശയെപ്പററിയല്ലെന്നു് ഇരുപതാം നൂററാണ്ടിലെ പീയൂസുപാപ്പാതന്നെ പറഞ്ഞിട്ടുണ്ടെന്നു കാതലിക്ക എൻസൈക്ലോപ്പീഡിയായിൽ കാണുന്നു." (മലങ്കരസഭയും നവീകരണവും. പുറം 130)

"വേദവിഹിതമല്ലാത്തതും വളരെ സാവധാനത്തിൽ സഭയിൽ കടന്നുവന്നതാണെന്നു് പീയൂസു പാപ്പാ സമ്മതിക്കുന്നതും......" (മലങ്കരസഭയും നവീകരണവും. പുറം 130)

ഇപ്രകാരം തന്റെ പുസ്തകത്തിൽ മൂന്നു പ്രാവശ്യം ഇതെപ്പററി മി: ഡാനിയേൽ എഴുതിയിട്ടുണ്ടു്. ഇതിന്റെ വാസ്തവസ്ഥിതി എന്താണെന്നു് അറിയുന്നതിനു ജിജ്ഞാസയോടുകൂടിയിരിക്കുന്ന വായനക്കാരുടെ അറിവിനുവേണ്ടി മി: ഡാനിയേൽ ഉദ്ധരിച്ചിരിക്കുന്ന ഭാഗത്തിനു നേരെമുകളിൽ "കാതലിക്ക" എൻസൈക്ലോപ്പീഡിയാ"യിൽ കാണുന്നതു് അതേവിധം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

Belief and Practice of the Early Church.

Among the Modernistic Propositions condemned by Pius x in the Decree "Lamantabili Sane" (3rd July 1907) are the following:-(Catholic Encyclopedia vol. XI p. 620)

ഇതിന്റെ മലയാളപരിഭാഷയും ചുവടെ ചേർത്തുകൊള്ളുന്നു.

ആദിമസഭയിലേ വിശ്വാസവും ആചാരവും.

"ലമന്താബിലിസാനെ" (3 ജൂലായി 1907) എന്ന ചാക്രികലേഖനത്തിൽ പത്താം പീയൂസുമാർപ്പാപ്പാ ശപിച്ചിരിക്കുന്ന ആധുനികസിദ്ധാന്തങ്ങൾ ചുവടെ ചേർക്കുന്നവയാണു്:-" (കത്തോലിക്ക എൻസൈക്ലോപ്പീഡിയാ വാല്യം XI പുറം 620)

"പാപ്പായുടെ ആധിപത്യം" ആദിയായ കൃതികളിൽ നിരവധി കൃത്രിമങ്ങൾ ചെയ്തതിനാൽ പ്രസിദ്ധനായിത്തീർന്നിരിക്കുന്ന മി. ഡാനിയേൽ ഇതിലും ചെയ്തിരിക്കുന്ന ഭയങ്കരമായ കൃത്രിമം സത്യാന്വേഷികളായ വായനക്കാർക്കു് ഇപ്പോൾ മനസ്സിലായിരിക്കുമെന്നു വിശ്വസിക്കുന്നു. കുമ്പസാരക്കൂദാശയെപ്പററിയുള്ള ഏതോ പാഷണ്ഡികളുടെ ദുരുപദേശം പത്താംപീയൂസു മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് സ്പഷ്ടമായി ശപിക്കുന്നതായിട്ടാണു് കാതലിക്ക എൻസൈക്ലോപ്പീഡിയായിൽ കാണുന്നതു്. ആ ദുരുപദേശം ഉദ്ധരിച്ചുകൊണ്ടു് അതു് "ഇരുപതാംശതകത്തിലെ പത്താംപീയൂസ് പാപ്പാ പറയുന്ന"താണെന്നും, "പാപ്പാ തന്നെ ഏററുപറഞ്ഞിരിക്കുന്നു"വെന്നും, "പീയൂസു പാപ്പാ സമ്മതിക്കുന്നതാണെ"ന്നും, "റോമൻ കത്തോലിക്കർക്കു് ഇതു നിഷേധിക്കുവാൻ നിവൃത്തിയില്ലെ"ന്നും, "കാതലിക്ക എൻസൈക്ലോപ്പീഡിയായിൽ കാണുന്നു"വെന്നും യാതൊരു സങ്കോചവുംകൂടാതെ പ്രസ്താവിച്ചശേഷം കാതലിക്ക എൻസൈക്ലോപ്പീഡിയായുടെ വാല്യവും പുറവും കൂടെ ചൂണ്ടിക്കാണിച്ചു്, പ്രസ്തുത പുസ്തകം നോക്കുവാൻ സൌകര്യമില്ലാത്ത സാധുക്കളായ വായനക്കാരെ കബളിപ്പിക്കുവാൻ മുതിർന്ന മി. ഡാനിയേലിന്റെ മനസ്സാക്ഷിയെ ചോദ്യം ചെയ്യാതെ ഇരിക്കുകതന്നെ നല്ലതു്!

"സത്യസഭാകാഹളം" മാസികവഴിയായി ഈ കൃത്രിമം ഞാൻ പരസ്യപ്പെടുത്തിയതിനു് മറുപടിയെന്നോണം "കൌശലപദ്ധതി"യുടെ പത്തു പുറങ്ങൾ അതും ഇതും എഴുതി മി. ഡാനിയേൽ നിറച്ചിരിക്കുന്നു. തനിക്കു് ഒരബദ്ധം പററിപ്പോയതാണെന്നു സമ്മതിച്ചുകൊണ്ടു് ആ അബദ്ധത്തെ നീതീകരിക്കുന്നതിനുള്ള ശ്രമമാണു് പിന്നീടു നടത്തുന്നതു്. ഇക്കാര്യത്തിൽ അബദ്ധം എങ്ങനെ പററുവാൻ സാധിക്കുമെന്നു് എത്ര ചിന്തിച്ചിട്ടും മനസ്സിലാക്കുവാൻ എനിക്കു സാധിക്കുന്നില്ല. കാതലിക്ക എൻസൈക്ലോപ്പീഡിയായിൽനിന്നും നേരിട്ടു ഉദ്ധരിക്കാതെ ആരോ എവിടെയോ എഴുതിയിരുന്ന കൃത്രിമം ശരിയാണെന്നു തെററിദ്ധരിച്ചു തന്റെ കൃതിയിൽ എടുത്തു ചേർത്തതാണെന്നു വാദിച്ചിരുന്നുവെങ്കിൽ മി. ഡാനിയേലിനു രക്ഷപെടുവാൻ സാധിക്കുമായിരുന്നു. എന്നാൽ "കാതലിക്ക് എൻസൈക്ലോപ്പീഡിയായിൽ കാണുന്നു" എന്നു സ്പഷ്ടമായി പറഞ്ഞിരിക്കുന്നതിനാലും മററാരിടത്തുനിന്നും പകർത്തിയതാണെന്നു് വാദിക്കുന്നില്ലാത്തതിനാലും നേരിട്ടുതന്നെ കാതലിക്ക എൻസൈക്ലോപ്പീഡിയായിൽനിന്നും ഉദ്ധരിച്ചതാണെന്നുള്ളതു സ്പഷ്ടമാണു്. ആ സ്ഥിതിക്കു് condemned by Pius X എന്നതിലേ Pius X എന്നതു മാത്രം കണ്ടുവെന്നും, "condemned by" എന്നതു കണ്ടില്ലെന്നും പറയുവാൻ സുബുദ്ധിയും മനസ്സാക്ഷിയുമുള്ള ഒരുവനു് എങ്ങനെ സാധിക്കും? condemned എന്ന ഇംഗ്ലീഷു് പദത്തിന്റെ മലയാളം അറിവാൻ പാടില്ലാത്തവിധം ഇംഗ്ലീഷു് പരിജ്ഞാനം ഇല്ലാത്തവനെന്നു് മി. ഡാനിയേലിനെപ്പററി പറയുവാനും നിവൃത്തിയില്ല. ആ സ്ഥിതിക്കു് അബദ്ധം പററിയതാണെന്നുള്ള സമാധാനം താൻ ചെയ്ത കൃത്രിമത്തെ മറയ്ക്കുന്നതിനുമാത്രമാണെന്നു് സ്പഷ്ടമായി തെളിയുന്നു.

"ഈ ഭാഗം ഞാൻ ധരിച്ചതുപോലെ തെററായിധരിക്കാൻ ഇടയുള്ളതു തർക്കിക്കാനാണെങ്കിൽ ധാരാളം തർക്കിക്കാൻ വകയുള്ളതുമാണു്" (കൌശലപദ്ധതി. പുറം 69) എന്നു് എഴുതിയശേഷം ഉദ്ധൃതഭാഗം ഒരു സാധാരണ കത്തോലിക്കന്റേതെന്നു മാത്രമല്ല പ്രമുഖനായ ഒരു കത്തോലിക്കന്റേതാണെന്നു് അതിൽനിന്നുതന്നെ തെളിയിക്കുവാൻ സാധിക്കുമെന്നും തന്മൂലം അതു പത്താംപീയൂസു മാർപ്പാപ്പാ പഠിപ്പിക്കുന്നതാണെന്നു് താൻ തെററിദ്ധരിച്ചുപോയതാണെന്നും വാദിച്ചുകൊണ്ടു് സ്വയം നീതീകരിക്കുന്നതിനുള്ള ശ്രമമാണു് പിന്നീടു മി. ഡാനിയേൽ നടത്തുന്നതു്. കുമ്പസാരത്തെപ്പററിയുള്ള ഈ ഭാഗം ഒരു സാധാരണ കത്തോലിക്കന്റേതാണോ, അതോ പ്രമുഖനായ ഒരു കത്തോലിക്കന്റേതാണോ എന്നുള്ളതല്ല ഇവിടത്തെ പ്രശ്നം. പത്താംപീയൂസു പാപ്പാ ശപിക്കുന്നതാണോ, അതോ, പഠിപ്പിക്കുന്നതാണോ? ശപിക്കുന്നതാണെന്നു് കാതലിക്ക എൻസൈക്ലോപ്പീഡിയായിൽ സ്പഷ്ടമായി പറഞ്ഞിട്ടില്ലേ? ആ പുസ്തകത്തിൽനിന്നും നേരിട്ടു ഉദ്ധരിച്ച മി. ഡാനിയേൽ condemned എന്ന വാക്കു് അതിൽ കണ്ടില്ലേ? ആ പദം കണ്ടില്ല എന്നു എങ്ങനെ പറവാൻ സാധിക്കും? കണ്ടെങ്കിൽ ആ ഭാഗം പത്താം പീയൂസു പാപ്പാ "ഏററുപറഞ്ഞിരിക്കുന്നു"വെന്നും, "സമ്മതിക്കുന്നു" വെന്നും, "പറയുന്ന"താണെന്നും മററും എഴുതി വായനക്കാരെ വഞ്ചിക്കുവാൻ മുതിർന്നതു ഭയങ്കരമായ കൃത്രിമമല്ലേ? ഈ ചോദ്യങ്ങൾക്കു് ഉത്തരം പറയാതെ അതും ഇതും എഴുതി പത്തു പുറങ്ങൾ നിറച്ചിരിക്കുന്നതു് രാത്രിസമയത്തു തേങ്ങാമോഷ്ടിക്കുന്നതിനായി തെങ്ങിൽകയറിയ കള്ളനെ തെങ്ങേൽവച്ചുതന്നെ പിടികൂടിയപ്പോൾ "ഇരുട്ടായിരുന്നതുകൊണ്ടു് വഴിതെററി തെങ്ങിൽകയറിപ്പോയതാണെ"ന്നു സമാധാനം പറഞ്ഞതുപോലെയല്ലാതെ പരിഗണിക്കുവാൻ എങ്ങനെ സാധിക്കും?

മാർപ്പാപ്പാ ശപിക്കുന്ന ഒരു കാര്യം എത്ര പ്രമുഖനായ ഒരു കത്തോലിക്കൻ പഠിപ്പിക്കുന്നതാണെന്നു വാദിച്ചു സ്ഥാപിച്ചാലും കത്തോലിക്കരുടെ ദൃഷ്ടിയിൽ ആ ഉപദേശത്തിനു് ഒരു വിലയുമില്ല. കത്തോലിക്കർക്കു് അതു സ്വീകാര്യവുമല്ല. എന്നിട്ടും മാർപ്പാപ്പാ ശപിക്കുന്നതു പ്രമുഖനായ ഒരു കത്തോലിക്കൻ പഠിപ്പിക്കുന്നതാണെന്നു് വേണമെങ്കിൽ വാദിച്ചു സ്ഥാപിക്കാം എന്നു പറഞ്ഞു വീണ്ടും മി. ഡാനിയേൽ വാദിക്കുന്നു. ഇത്തരത്തിൽ വിതണ്ഡാവാദം നടത്തുന്ന ഒരുവനോടു മോൺ. നടുവത്തുശ്ശേരി ആദിയായ കത്തോലിക്കാ പണ്ഡിതന്മാർ മറുപടി പറയാതെ മൌനം അവലംബിച്ചുവെങ്കിൽ അവരെ കുററപ്പെടുത്തുന്നതിനു് ഒരുവനും മുതിരുന്നതല്ല. അവരുടെ മൌനത്തെ പരാജയമായി എത്രമാത്രം മി. ഡാനിയേൽ കൊട്ടിഘോഷിച്ചാലും ശരി, വീണ്ടും അവർ മൌനമറുപടി നല്കുകതന്നെ ചെയ്യും.

തന്റെ "കൌശലപദ്ധതി"യുടെ അവസാനപുറത്തുകൂടെയും മി. ഡാനിയേൽ ചെയ്തിരിക്കുന്ന ഒരു കൃത്രിമംകൂടെ ചൂണ്ടിക്കാണിച്ചുകൊണ്ടു് എന്റെ ഈ ലേഖനപരമ്പര ഉപസംഹരിച്ചുകൊള്ളട്ടെ!

"റോമാസഭയിലേ ഒരു വലിയ വേദശാസ്ത്രപണ്ഡിതനെ"ന്നും, "മഹാനായ ഒരു റോമൻ കത്തോലിക്കൻ" എന്നും മററും സ്തുതിച്ചുകൊണ്ടു് മാർപ്പാപ്പായുടെ ആധിപത്യത്തിനും അപ്രമാദിത്വത്തിനും എതിരായുള്ള ഫാദർ ഗ്രാററ്റിയുടെ ചില എഴുത്തുകൾ മി. ഡാനിയേൽ ഉദ്ധരിച്ചിരിക്കുന്നു. അവയിൽ ഒരു ഭാഗം ഇപ്രകാരമാണു്:

"മനുഷ്യചരിത്രത്തിൽ ദൈവശാസ്ത്രപരമായോ, തത്വജ്ഞാനപരമായോ, ചരിത്രപരമായോ, മറേറതെങ്കിലും സംബന്ധിച്ചോ ഉള്ള ഏതെങ്കിലും പ്രശ്നം ഇതുപോലെ (പാപ്പായുടെ ആധിപത്യംപോലെ) വ്യാജത്താലും വഞ്ചനയാലും വ്യാജരേഖകളുടെ നിർമ്മാണങ്ങളാലും ഇത്ര അധികം അപമാനിക്കപ്പെട്ടിട്ടുള്ളതായി നിങ്ങൾക്കറിയാമോ? ഈ പ്രശ്നം വഞ്ചനയാൽ പരിപൂർണ്ണമായി അഴുകി പുഴുത്തതാണെന്നു് ഞാൻ വീണ്ടും പറയുന്നു (Second Letter Gratry P. 46)" കൌശലപദ്ധതി. പുറം 195.

മി: ഡാനിയേൽ ഉദ്ധരിച്ചിരിക്കുന്ന ഈ ഭാഗം ഒരു റോമൻ കത്തോലിക്കനായ ഫാദർ ഗ്രാററ്റിയുടേതാണോ എന്നും, ആണെങ്കിൽ അദ്ദേഹം കത്തോലിക്കാസഭയിലെ ഒരു വൈദികനായി എങ്ങനെ നില്ക്കുവാൻ സാധിച്ചുവെന്നും മററും ഓർത്തു എന്റെ വായനക്കാർ ഇപ്പോൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കാം. ക്രിസ്തുവർഷം 1870-ൽ നടന്ന വത്തിക്കാൻ സുന്നഹദോസിൽ മാർപ്പാപ്പായുടെ അപ്രമാദിത്വവും മററു വിശ്വാസസത്യങ്ങളായി പ്രഖ്യാപനംചെയ്യുന്നതിനുമുമ്പു് ഫാ. ഗ്രാററ്റി എഴുതിയ എഴുത്തുകളാണു് ഇവ. എന്നാൽ മാർപ്പാപ്പായുടെ അപ്രമാദിത്വം വിശ്വാസസത്യമായി തിരുസഭയിൽനിന്നും പ്രഖ്യാപനം ചെയ്തുകഴിഞ്ഞപ്പോൾ ഫാദർ ഗ്രാററ്റി ആ വിശ്വാസസത്യത്തെ പരസ്യമായി സ്വീകരിക്കുകയും അതിനെതിരായി താൻ എഴുതിയിട്ടുള്ള സകലവും തെററാണെന്നു് സമ്മതിച്ചുകൊണ്ടും അവയെല്ലാം പിൻവലിച്ചുകൊണ്ടും തന്റെ മെത്രാപ്പോലീത്തായുടെ പേർക്കു് ഒരു പരസ്യക്കത്തു് അയക്കുകയും ചെയ്തു. ഫാദർ ഗ്രാററ്റിയെപ്പററി മി: ഡാനിയേൽ ഉദ്ധരിച്ചിരിക്കുന്ന കാതലിക്ക എൻസൈക്ലോപ്പീഡിയായുടെ അതേവരത്തു തന്നെ ഈ കാര്യം സ്പഷ്ടമായി രേഖപ്പെടുത്തിയിട്ടുണ്ടു്. അതിന്റെ ഇംഗ്ലീഷും മലയാളപരിഭാഷയും ചുവടെ ചേർത്തുകൊള്ളുന്നു.

"After the Proclamation of Papal Infallibility, Gratry gave his full and sincere adhesion to the Dogma, and when Archbishop Guilbert had taken possession of the See of Paris in December 1871, he wrote him a public letter wherein he retracted all that he had written against the Infallibility of the Pope" (Catholic Encyclopedia. Vol. VI P. 731)

പരിഭാഷ

മാർപ്പാപ്പായുടെ അപ്രമാദിത്വം പ്രഖ്യാപനംചെയ്യപ്പെട്ടശേഷം ഗ്രാററ്റി

പൂർണ്ണമായും ഹൃദയംഗമമായും ആ വിശ്വാസസത്യം സ്വീകരിക്കയുണ്ടായി. ഗ്രയിബർട്ട് മെത്രാപ്പോലീത്താ പാരിസ്സ് രൂപതയുടെ ഭരണം കയ്യേറ്റതോടുകൂടെ ഗ്രാറ്റ്റി 1871 ഡിസംബർ മാസത്തിൽ അദ്ദേഹത്തിനു് ഒരു പരസ്യക്കത്തു അയക്കുകയും അതിൽ മാർപ്പാപ്പായുടെ അപ്രമാദിത്വത്തിനു എതിരായി താൻ എഴുതിയിട്ടുള്ള സകലവും പിൻവലിക്കുന്നതായി അറിയിക്കുകയും ചെയ്തു. (കത്തോലിക്ക എൻസൈക്ലോപ്പീഡിയാ. വാല്യം VI പുറം 731)

ഗ്രാറ്റ്റിയുടെ കത്തുകൾ ഉദ്ധരിച്ചശേഷം തന്റെ "കൌശലപദ്ധതി"യിലെ അവസാനവാചകമായി മി: ഡാനിയേൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഇവിടത്തെ റോമൻകത്തോലിക്കർ മഹാനായ ഈ റോമൻകത്തോലിക്ക വൈദികന്റെ ഉപദേശത്തിനു് ചെവികൊടുക്കുമെങ്കിൽ അതു വലിയ അനുഗ്രഹമായിരിക്കും." (പുറം 195)

പത്താംപിയൂസ് മാർപ്പാപ്പാ ശപിക്കുന്ന സംഗതികൾ അദ്ദേഹം പഠിപ്പിക്കുന്നവയാണെന്നു് എഴുതിപ്പിടിപ്പിക്കുന്നതിനു യാതൊരു സങ്കോചവും പ്രദർശിപ്പിക്കാത്ത മി: ഡാനിയേൽ, ഫാദർ ഗ്രാറ്റ്റി, ആപാദചൂഡം തെറ്റാണെന്നു സമ്മതിച്ചുകൊണ്ടു പിൻവലിച്ച അബദ്ധോപദേശങ്ങളെ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളായി ഇപ്പോൾ ഉദ്ധരിച്ചിരിക്കുന്നതിൽ വായനക്കാർ തെല്ലും അത്ഭുതപ്പെടേണ്ടതില്ല. ഫാദർ ഗ്രാറ്റ്റി ഇന്നു ഉയിർത്തെഴുന്നേറ്റു വരുന്നെങ്കിൽ മി: ഡാനിയേൽ കാണിച്ച ഈ മഹാകൃത്രിമത്തെ സധൈര്യം പ്രതിഷേധിച്ചുകൊണ്ടു് ഇങ്ങനെ പറയുമായിരു

---

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു ഉപകാരസ്മരണ.

ലൂക്കാ നമ്പൂടാകം.

---

ന്നില്ലേ? "അല്ലയോ മി: ഡാനിയേൽ, മാർപ്പാപ്പായുടെ അപ്രമാദിത്വത്തിനും മറ്റും എതിരായി "അഴുകിപ്പുഴുത്ത" അനേകം അബദ്ധങ്ങൾ ഞാൻ എഴുതിയിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അവയെല്ലാം പരസ്യമായി ഞാൻ പിൻവലിച്ചിട്ടു് ഇപ്പോൾ എൺപതോളം വർഷങ്ങളായിരിക്കുന്നു. അവ പിൻവലിച്ചകാര്യം കാതലിക്ക എൻസൈക്ലോപ്പീഡിയായിൽ നിങ്ങൾ നോക്കിയ അതേ പുറത്തുതന്നെ ഉണ്ടായിരുന്നിട്ടും അക്കാര്യം നിങ്ങൾ വെളിപ്പെടുത്താതെ എന്റെ പഴയ അഭിപ്രായങ്ങളെയെല്ലാം നിങ്ങൾ ചികഞ്ഞെടുത്തു കേരളക്കരയിൽ പ്രചരിപ്പിച്ചു നാറ്റിക്കുന്നതിനു മുതിർന്നതു മഹാകഷ്ടംതന്നെയാണു്. എന്റെ പേരിൽ നിങ്ങൾ കാണിച്ച ഈ മഹാകൃത്രിമത്തെ സർവ്വശക്തിയോടുംകൂടെ ഞാൻ പ്രതിഷേധിക്കുന്നു. എനിക്കു സാധിക്കുമായിരുന്നുവെങ്കിൽ, മാനനഷ്ടക്കേസ്സു നടത്തി പരിചയമുള്ള നിങ്ങളുടെ പേരിൽ, ഉടൻതന്നെ ഒരു കേസ്സുകൊടുക്കുമായിരുന്നു. ഞാൻ തള്ളിക്കളഞ്ഞ അബദ്ധോപദേശങ്ങൾക്കു കേരളത്തിലെ കത്തോലിക്കർ ചെവികൊടുക്കണമെന്നു് നിങ്ങൾ ആവശ്യപ്പെടുന്നതു സത്യത്തെക്കാൾ നിങ്ങൾ അസത്യത്തെ സ്നേഹിക്കുന്നതുകൊണ്ടും, പ്രകാശത്തെക്കാൾ അന്ധകാരത്തെ വിലമതിക്കുന്നതുകൊണ്ടുമല്ലേ? സ്നേഹിതാ, വഞ്ചനങ്ങൾക്കും കൃത്രിമങ്ങൾക്കും നിങ്ങൾ ചെവി മാത്രമല്ല, ബുദ്ധിയും മനസ്സുംകൂടെ കൊടുത്തുകാണുന്നതിൽ ഞാൻ വളരെ വേദിക്കുന്നു. ഞാൻ ചെയ്ത അബദ്ധങ്ങൾ പിൻവലിച്ചതുപോലെ നിങ്ങൾ മനഃപൂർവ്വം ചെയ്തിരിക്കുന്ന ഈ കൃത്രിമത്തെയും ഉടൻതന്നെ പരസ്യമായി പിൻവലിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു."

ഏവംവിധമുള്ള ഒട്ടനേകം കൌശലങ്ങൾ കൊണ്ടാണു് മി: ഡാനിയേൽ തന്റെ "കൌശലപദ്ധതി" ആദ്യന്തം നിറച്ചിരിക്കുന്നതു്. റോമൻ കത്തോലിക്കരുടെ കൌശലപദ്ധതികൾ കണ്ടുപിടിക്കാൻ ബുദ്ധിമുട്ടുന്ന മി: ഡാനിയേൽ വാസ്തവത്തിൽ സ്വന്തം "കൌശലപദ്ധതി"കളെയല്ലയോ പൊതുജനസമക്ഷം നഗ്നമായി വെളിപ്പെടുത്തിയിരിക്കുന്നതു്?



## ബോസ്കോ ബാലരംഗം

പ്രഥമം പ്രാർത്ഥന പ്രസന്നത

Bosco Children's Club (ബി. സി. സി.)

# വിശുദ്ധ ജോൺബോസ്കോ

"വിലയേറിയ മുത്തിലും പരം നിർ-
മ്മലനായ പ്രിയ നന്ദനനു താതൻ
പലവർണ്ണവുമൊത്തിണങ്ങി നന്നായ്
വിലസീടുന്നൊരു പട്ടുടുപ്പു നൽകി."

പ്രിയകുഞ്ഞുങ്ങളേ,

പൂർവ്വപിതാവായ യാക്കോബിനു പന്ത്രണ്ടു പുത്രന്മാരാണല്ലോ ഉണ്ടായിരുന്നതു്. സ്വഭാവഗുണങ്ങളാൽ പിതാവിനു കൂടുതലിണങ്ങിയ യൗസേപ്പെന്ന പുത്രനു അതിമനോഹരമായ ഒരു പലവർണ്ണക്കുപ്പായം അദ്ദേഹം ഉണ്ടാക്കിക്കൊടുത്തതായി വേദാഗമത്തിൽ പറയുന്നു. പിതാവായ ദൈവവും ഇപ്രകാരം അനുവർത്തിക്കുന്നുണ്ടു്. എല്ലാ മക്കളെയും താൻ സ്നേഹിക്കുന്നു. എന്നാൽ കൂടുതൽ തന്റെ സ്നേഹത്തിനു പാത്രീഭവിക്കുന്ന മക്കൾക്കു അന്യാദൃശമായ ചില ബഹുമതികൾ നൽകുമാറാകുന്നു. ഇങ്ങനെ തന്റെ തിരുസ്സഭവഴിയായി പ്രദാനംചെയ്യുന്ന ഏറ്റം ഉന്നതമായ ബഹുമാനപദവിയാണു് വിശുദ്ധപദം. ജീവിതകാലത്തിൽ ധീരോചിതമായ സുകൃതാഭ്യാസം നടത്തിയിട്ടുള്ളതായി കർശനപരീക്ഷണത്താൽ തെളിയുന്ന ഒരാളിനു മരണശേഷം ഈ മഹോന്നതപദവി നൽകപ്പെടുന്നു. തൽസംബന്ധമായ തിരുസ്സഭയുടെ പരീക്ഷണങ്ങൾ മഹാകർക്കശമാണെന്നുതന്നെ പറയണം. അല്പംപോലും ദാക്ഷിണ്യമില്ലാത്തതരത്തിലുള്ള സുദീർഘപര്യന്വേഷണങ്ങളാണു നടത്തുന്നതു്. വല്ലതുമൊരു ന്യൂനത കണ്ടുപിടിക്കാനാഗ്രഹിച്ചെന്നതുപോലെ അന്വേഷണങ്ങൾ നടത്തുന്നു. ഏതെങ്കിലുമൊരു പോരായ്മ കണ്ടെത്തിയാൽ അതിനോടെ കേസുതള്ളിപ്പോകും. നിശ്ചിതരീതിയിലുള്ള പ്രാരംഭപരിശോധനകൾ വിജയപ്രദമായി കഴിഞ്ഞാൽ റോമയിൽ കേസെടുക്കുന്നു. അതോടെ പരേതൻ (Venerable) വന്ദ്യൻ എന്ന പേരിനു അർഹനായിത്തീരും. അനന്തരം ആ വന്ദ്യന്റെ മദ്ധ്യസ്ഥതയാൽ നടന്ന അനിഷേദ്ധ്യമായ ഒന്നാംതരം രണ്ടു അത്ഭുതങ്ങൾ തെളിഞ്ഞുകഴിയുമ്പോൾ (Blessed) അനുഗൃഹീതൻ എന്ന നാമം നൽകപ്പെടുന്നു. വീണ്ടും മേൽപ്രകാരം രണ്ടു അത്ഭുതസംഭവങ്ങൾ തെളിയിക്കപ്പെട്ടുകഴിയുമ്പോൾ മാർപ്പാപ്പാ പ്രമാദരഹിതമായ തന്റെ പരമാധികാരത്താൽ ആഘോഷപൂർവ്വം അദ്ദേഹത്തെ വിശുദ്ധപദവിയിലേക്കുയർത്തുന്നു. സഭയൊക്കയുടെയും പരസ്യവണക്കത്തിനു ആ വിശുദ്ധൻ പാത്രീഭവിക്കയും ചെയ്യുന്നു. പലപ്പോഴും പലശതകങ്ങൾകൊണ്ടു മാത്രമെ ഈ നടപടികളെല്ലാം നടന്നുവരുന്നതു്.

ഫാദർ ജോൺബോസ്കോയുടെ ജീവിതം മുഴുവൻ തുടർച്ചയായ ഒരത്ഭുതമായിരുന്നെന്നു പറയാം. ജീവിതകാലത്തുതന്നെ ഒരു പരിശുദ്ധനായി അദ്ദേഹം സർവ്വത്ര പരിഗണിക്കപ്പെട്ടിരുന്നു. മരണാനന്തരവും അദ്ദേഹം ഈ അത്ഭുതങ്ങൾ അനുസ്യൂതം തുടന്നുകൊണ്ടിരുന്നു. നിര്യാണദിവസംതന്നെ അദ്ദേഹം പലടത്തും പ്രത്യക്ഷപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ശവകുടീരത്തിങ്കലേക്കു് അചിരേണ നാനാഭാഗത്തുനിന്നും തീർത്ഥയാത്രക്കാർ പ്രവഹിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതങ്ങളുടെ കീർത്തി ലോകമെങ്ങും പ്രചരിച്ചു. ആകയാൽ മരണശേഷം രണ്ടുകൊല്ലം കഴിഞ്ഞപ്പോഴേക്കും അദ്ദേഹത്തിന്റെ നാമകരണം സംബന്ധിച്ചുള്ള രൂപതാനടപടികൾ ട്യൂറിനിൽ ആരംഭിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തെയും പുണ്യങ്ങളെയും ഗ്രന്ഥങ്ങളെയും അത്ഭുതങ്ങളെയും പററിയുള്ള ഈ പര്യന്വേഷണം എട്ടുകൊല്ലംകൊണ്ടാണു തീർത്തതു്. ഇതിലേക്കു നിശ്ചയിക്കപ്പെട്ട കമ്മിറ്റി 564 യോഗങ്ങൾകൂടി, ആയിരത്തോളം പേയ്ജുകൾ വിതമുള്ള മുപ്പത്തിനാലു വാല്യങ്ങളായി അവരുടെ റിപ്പോർട്ടു റോമിൽ സമർപ്പിച്ചു. പത്തുകൊല്ലത്തെ പരിശോധനയ്ക്കുശേഷം 1907-ൽ പത്താംപിയൂസു മാർപ്പാപ്പാ മുറപ്രകാരം കേസെടുത്തു. അങ്ങനെ ഫാദർ ബോസ്കോ സഭാസമക്ഷം (Venerable) വന്ദ്യനായ ജോൺബോസ്കോ ആയിത്തീർന്നു. തുടർന്നു നടന്ന അന്വേഷണങ്ങളുടെയും വാദപ്രതിവാദങ്ങളുടെയും ശേഷം 1929 ജൂൺ 2-ാംനു പതിനൊന്നാം പിയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ അനുഗൃഹീതൻ (Blessed) എന്നു നാമകരണംചെയ്തു. അനന്തരം രണ്ടു അത്ഭുതങ്ങൾകൂടി അനിഷേദ്ധ്യമായി തെളിഞ്ഞതിനോടെ 1934 ഏപ്രിൽ 1-ാംനു ഉയിർപ്പുഞായറാഴ്ച പ്രസ്തുത പരിശുദ്ധപിതാവുതന്നെ നമ്മുടെ പ്രിയപ്പെട്ട മദ്ധ്യസ്ഥനെ വിശുദ്ധപദത്തിലേക്കു ഉയർത്തുകയാണുണ്ടായതു്. 1883-ൽ ഫാദർ ബോസ്കോയുടെ അതിഥിയായി ട്യൂറിനിൽ താമസിക്കാനിടയായപ്പോൾ അദ്ദേഹത്തിന്റെ സുകൃതപരിമളം നേരിട്ടു ആസ്വദിക്കാൻ ഭാഗ്യം സിദ്ധിച്ച മോൺസിഞ്ഞോർ അക്കിലസ് റാത്തിതന്നെ തന്റെ ആതിഥേയനെ അൾത്താരയിലേക്കു അവരോധിക്കുവാൻ ദൈവം ചിത്തമായി. വി. പത്രോസിന്റെ ബ്രഹ്മാണ്ഡദേവാലയത്തിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നായി അന്നു അരലക്ഷത്തിൽപ്പരം ബോസ്കോഭക്തന്മാർ സന്നിഹിതരായിരുന്നു.

ഫാദർ ബോസ്കോ എന്നു നാം പറയുന്നതിനൊപ്പിച്ചു് ഇറ്റാല്യൻ ഭാഷയിൽ ഡോൺബോസ്കോ എന്നാണു് അദ്ദേഹം അറിയപ്പെട്ടിരുന്നതു്. വിശുദ്ധപദപ്രാപ്തിക്കുശേഷവും ആ മധുരനാമത്താൽത്തന്നെ അവർ പുണ്യവാനെ വിളിച്ചുവരുന്നു. ഇങ്ങനെ മമ്മാമാർഗ്ഗരറ്റിന്റെ ഓമനമകനായി നാം ആദ്യം പരിചയപ്പെട്ട ദരിദ്രബാലനായ ജോണി ഇന്നു വി. ഡോൺബോസ്കോ ആയി ലോകമാസകലം വണങ്ങപ്പെടുന്നു. ജനുവരി 31-ാംനു തിരുസ്സഭ വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കുന്നു.

വിശുദ്ധൻ എന്നു നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതായി ഇപ്പോൾ സലേഷ്യൻ സന്യാസകുടുംബത്തിലുള്ളതു ജോൺബോസ്കോ മാത്രമാണു്. വന്ദ്യരും അനുഗൃഹീതരുമായ മററുപലരെ പേരുവിളിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ടു്. വിശുദ്ധ ജോൺബോസ്കോയുടെ പിൻഗാമിയായ ഫാദർ മൈക്കൽ റൂവാ, ഡോമ്നിക്ക സാവ്യോ, ഫാദർ ആൻഡ്രൂ ബെൻട്രാമി, മദർ മസ്സറേല്ലോ, മദർ വാൽസു ആദിയായവർ ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു. മോൺസിഞ്ഞോർ വെർസിലിയോ, ഫാദർ കറാരിയോ, തുടങ്ങി പല സലേഷ്യൻ മിഷനറിമാർ വേദസാക്ഷിമുടിയും സിദ്ധിച്ചിട്ടുണ്ടു്. 1936-ലെ സ്പാനിഷ് കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൽ ജീവൻ ബലികൊടുത്ത 110 സലേഷ്യൻകാരും രക്തസാക്ഷികളായി പരിഗണിക്കപ്പെടുന്നു.

### നമ്മുടെ സ്ഥിതിവിവരക്കണക്ക്

പുതിയ റിക്രൂട്ടമെന്റു ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ കഴിഞ്ഞ കൊല്ലത്തെ ബാലസംഘത്തിന്റെ സ്ഥിതിവിവരക്കണക്കുകൂടി ഹാജരാക്കിക്കൊള്ളുന്നു. 490 ആൺകുട്ടികളും 460 പെൺകുട്ടികളും ഉൾപ്പെടെ 950 അംഗങ്ങളാണു കഴിഞ്ഞ ലിസ്റ്റിൻപടിയുള്ളതു്. ആൺകുട്ടികളുടെ ബറ്റേലിയനിൽ 85 അംഗങ്ങളുള്ള രാമപുരം മുന്നണിയിൽ നില്ക്കുന്നു. രണ്ടാം സ്ഥാനം ആരക്കുഴ, പോത്താനിക്കാടു്, 19 വിതം. മൂന്നു്, കുഴിക്കാട്ടുശേരി, 15. നാലു കുറുമശേരി, 14. അഞ്ചു പാലാ, വെളിച്ചിയാനി, 12 വിതം. ആറു, വാഴക്കുളം, 11. ഏഴു, കുറവിലങ്ങാടു്, തൃശ്ശൂർ, ഇരിങ്ങാലക്കുട, 10 വിതം. ബാക്കിയെല്ലാം 10നു താഴെത്തന്നെ നില്ക്കുന്നു.

പെൺകുട്ടികളുടെ ഗണത്തിലും മുന്നണിയിൽ രാമപുരംതന്നെ, 83. II ആരക്കുഴ, 49. III മുട്ടം, 36. IV കുഴിക്കാട്ടുശേരി, 25. V ചമ്പക്കുളം, 12. VI കോതമംഗലം, പോത്താനിക്കാടു്, 10. രാമപുരത്തിനു പലപ്പോഴും സമ്മാനങ്ങൾ ലഭിച്ചിരുന്നതും, ഒരു തവണ വല്യച്ചൻ അതിനു കീജെ വിളിച്ചതും എന്താണെന്നു് ഇപ്പോൾ എല്ലാവർക്കും മനസ്സിലാകുന്നുണ്ടല്ലോ. പിന്നോക്കം കിടക്കുന്ന സ്ഥലങ്ങൾ ഇത്തവണത്തെ റിക്രൂട്ടിങ്ങിൽ ചവിട്ടിപ്പിടിച്ചു ശ്രമിച്ചുകൊള്ളണം.

### പദ്യരചനക്ലാസ്

പാഠപുസ്തകം എടുക്കുക. ഒന്നാം ശതകം ഒന്നാം കാണ്ഡത്തിലെ ഒന്നാം പദ്യം വായിച്ചു് ഒരു പാദത്തിൽ എത്ര അക്ഷരങ്ങളാണുള്ളതെന്നു പറയണം. ശരി, പതിനൊന്നക്ഷരങ്ങൾ. നിങ്ങൾക്കു കണ്ടുപിടിക്കാൻ എളുപ്പത്തിനുവേണ്ടി ഒന്നാം ശതകം, പതിനൊന്നക്ഷരം, രണ്ടാം ശതകം പന്ത്രണ്ടക്ഷരം, മൂന്നാം ശതകം പതിമ്മൂന്നു് ഇങ്ങനെയാണു ക്രമപ്പെടുത്തിയിരിക്കുന്നതു്.

പാദത്തിൽ പതിനൊന്നക്ഷരമുള്ള ഛന്ദസ്സിനു വൃത്തശാസ്ത്രത്തിൽ ത്രിഷ്ടുപ്പ് എന്നാണു പേരു കൊടുത്തിരിക്കുന്നതെന്നും ഓർത്തുകൊള്ളണം. മൂന്നക്ഷരങ്ങൾ മാത്രമുള്ള ഒരു ഗണം ഗുരുലഘുക്കൾ മാറ്റിയും മറിച്ചും ഇടുമ്പോൾ എട്ടുതരത്തിൽ വരാമെന്നു നാം കണ്ടല്ലോ. അപ്പോൾ പതിനൊന്നക്ഷരങ്ങൾകൊണ്ടു എത്ര എത്ര തരത്തിൽ തിരിച്ചും മറിച്ചും രൂപപ്പെടുത്താമെന്നു ഏകദേശം ഊഹിക്കാമല്ലോ. അങ്ങനെ ഓരോ ഛന്ദസ്സിലും ഗുരുലഘുഭേദങ്ങൾ വരുത്തി വാർത്തെടുക്കുന്ന ഓരോ ഇനത്തിനും വൃത്തമെന്നു പേരു പറയുന്നു. അവയെല്ലാം ഒരുപോലെ ഭംഗിയുള്ളതോ ഉപയോഗയോഗ്യമോ ആയിരിക്കയില്ല. കൊള്ളാവുന്നതു കൊള്ളുന്നു, തള്ളേണ്ടതു തള്ളുന്നു. അതു ഔചിത്യം നോക്കി ചെയ്തുകൊള്ളുകയെന്നേയുള്ളു.


## തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

കുറിപരസ്യം

നറുക്കു് 1 ക്കു് 100 ക. 111 നറുക്കു് 11100 ക. ആകെ സല

ഒന്നാമത്തെ നറുക്കെടുപ്പ്:- 1949 നവംബർ 22-ാംനു / 1125 വൃശ്ചികം 7-ാംനു

കുറി ആക്ടനുസരിച്ചും, ബ. ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച L. Dis. 163 49-ാം നമ്പ്ര് കല്പനയനുസരിച്ചും ഒരു മാസക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു് 3 ക. 2 ണ. യുടെ വിതം വരെ ചേരാം. കൂടുതൽ വിവരങ്ങൾ താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശ്ശൂർ
1—9—1949

Trustee, The Lourdes Church
Kuri Office.

പതിനൊന്നക്ഷരമുള്ള ഈ ത്രിഷ്ടുപ്പ് ഛന്ദസ്സിൽ അങ്ങനെ മുപ്പത്തിരണ്ടോളം വൃത്തങ്ങൾ വൃത്തശാസ്ത്രത്തിൽ കൊടുത്തിട്ടുണ്ട്. അതിൽ ഓരോന്നിനും ഗുരുലഘുക്കൾ ഇന്നവിധം വേണമെന്നും വിധിച്ചിട്ടുണ്ട്; വെവ്വേറെ പേരും കൊടുത്തിട്ടുണ്ട്. അതിലൊന്നായ ഇന്ദ്രവജ്റ എന്ന വൃത്തമാണ് ഈ ഒന്നാം കാണ്ഡത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പരിശോധിച്ചു നോക്കുക. രണ്ടു തഗണവും ഒരു ജഗണവും രണ്ടു ഗുരുവുമാണ് ഇതിന്റെ ഒരു പാദം. അതായതു

--∪|--∪|∪-∪|--

ആ കാണ്ഡത്തിലെ പദ്യങ്ങൾ രണ്ടു മൂന്നാവർത്തി വായിക്കണം. കഴിയുന്നതും മനഃപാഠമാക്കണം. അപ്പോൾ അതിന്റെ ഒരു താളം ഉള്ളിൽ ഉറയ്ക്കും. ആ താളത്തിനൊപ്പിച്ച്, പുസ്തകത്തിലെ ഓരോ പാദത്തിനു തുല്യമായി, തനിച്ചു ഓരോന്നുണ്ടാക്കി ചൊല്ലിനോക്കുക. ഗുരുലഘുക്കൾ അപ്പോൾ താനേ ഒത്തുവന്നുകൊള്ളും. സംശയം തോന്നുന്നതു കടലാസിൽ എഴുതി ഗുരുലഘുക്കൾ ഇട്ടു നോക്കണം. അപ്പോൾ തെറ്റിയിട്ടുണ്ടെങ്കിൽ എവിടെയാണെന്നു കാണാം. അതു തിരുത്തിയെടുക്കണം. പുസ്തകം പിന്നെയും സമയംപോലെ വായിക്കണം. ചുമ്മാനടക്കുന്ന നേരങ്ങളിൽ ചൊല്ലിനോക്കണം. വായിൽ തോന്നിയതു എന്തെങ്കിലുമൊക്കെ അതിനൊപ്പിച്ചു ചൊല്ലിനടക്കുക. ചില ഉദാഹരണങ്ങൾ കാണിച്ചുതരാം:

ചെല്ലൂരാണ്ട ബോസ്കോയുടെ നാമധേയം
ഉൾക്കൊണ്ടിടും നമ്മുടെ ബാലരംഗം
പത്രങ്ങളിൽ കീർത്തിവളർന്നതാകും
സത്യപ്രകാശം ചൊരിയുന്ന ദീപം.
വല്ലാത്ത ക്ലേശങ്ങൾ സഹിച്ചിടുന്നു
വല്യച്ചനീബാലഗണത്തിനായി.
പദ്യം ചമച്ചിങ്ങനെ താമസിച്ചാൽ
വാദ്ധ്യാരു തല്ലിത്തുടകീറുമല്ലോ.

ഇങ്ങനെ അതുമിതും, ഒന്നും രണ്ടും പാദങ്ങൾ ഇടയ്ക്കിടെ ഉണ്ടാക്കി ചൊല്ലിയും, പുസ്തകത്തിലെ പദ്യങ്ങൾ വായിച്ചും കുറെ ദിവസം കഴിയുമ്പോൾ ഇന്ദ്രവജ്റനല്ലപോലെ ബോധത്തിൽ ഉറയ്ക്കും. ആവശ്യപ്പെടുമ്പോൾ അക്ഷരമെണ്ണാനിടയാകാതെ താനേയിങ്ങു വന്നുകൊള്ളുകയും ചെയ്യും.

* * *

അടുത്ത ഞായറാഴ്ച വ്യാകുലഅമ്മയുടെ തിരുനാളാണ്. പാഠമില്ലാത്ത ദിവസമാകയാൽ എല്ലാവരും ദിവ്യകാരുണ്യം ഉൾക്കൊള്ളുവാൻ ശ്രമിക്കണം.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

അർത്ഥം വിശദമാക്കുക:—

1 ശ്ലേമോന്റെ സിംഹാസനം.
2 മനോഹരമായ മേഘവില്ല്
3 ദീർഘദർശി കണ്ട മുൾച്ചെടി.

(ഉത്തരങ്ങൾ 9 ാം പേജിൽ)

നീതികഥ

## നിരായുധീകരണം

ഒരിക്കൽ വന്യമൃഗങ്ങളും മറ്റു ജന്തുക്കളുമൊരുമിച്ച് ഒരു അന്തർദേശീയ കോൺഫറൻസുകൂടി, ആയുധങ്ങൾ ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പര്യാലോചിച്ചു. സിംഹമാണു ആദ്യം പ്രസംഗിച്ചതു്. കഴുകനെ നോക്കി, അവന്റെ ചിറകുകൾ ഉപേക്ഷിച്ചാൽ വളരെ നന്നായിരിക്കുമെന്നു മൃഗരാജൻ അഭിപ്രായപ്പെട്ടു. കഴുകനാകട്ടെ, കാളയെ നോക്കി, അവന്റെ കൊമ്പു കളയണമെന്നു വാദിച്ചു. കാള, സിംഹത്തിന്റെ കൂർത്തുമൂർത്ത നഖങ്ങൾ കളയണമെന്നാവശ്യപ്പെട്ടു. അവസാനം, കരടി പ്രസംഗിക്കുന്നതിനായി എഴുന്നേറ്റു. അവൻ പ്രസംഗം തുടർന്നു, "നിങ്ങളെല്ലാവരും പരിപൂർണ്ണമായ നിരായുധീകരണത്തെ സ്വാഗതംചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളശേഷം ഭയപ്പെടേണ്ട. നിങ്ങളെയെല്ലാം ഞാൻ സംരക്ഷിച്ചുകൊള്ളാം. അതിനായി എന്റെ നഖങ്ങൾ ഞാൻ മുറിച്ചുകളയാതിരിപ്പാൻ അനുവദിച്ചാൽ മതി.

ചെറുകഥ

# ഭ്രാന്തി സൂസന്ന

(ഡാനിയൽ എ. ലോർഡ് എസ്. ജെ.)

ഭ്രാന്തി സൂസന്നയെന്ന് അവളെ വിളിക്കും. എല്ലാവരും അവളെ അവഗണിച്ചു പിന്തള്ളിയിരുന്നെങ്കിലും അവളുടെ ഭ്രാന്തിനൊരു കാരണമുണ്ടെന്ന് ആരും സന്ദേഹിച്ചതേയില്ല. ബതലഹേം—അതാണവളുടെ ജന്മദേശം. ഗ്രാമംതോറും അവൾ ഓടിനടക്കും. മലകളും മരതകക്കുന്നുകളുമെല്ലാമവൾ കേറിയിറങ്ങും. ഗലീലയും ജറുസലേമുമൊക്കെ അവൾ ചുറ്റിക്കറങ്ങും. കാണുന്നവരോടൊക്കെ അവൾ തന്റെ കഥപറയും.

"അയ്യോ!" കരളലിയിക്കുന്ന ഒരു നിലവിളിയോടെ അവൾ തന്റെ ആ പല്ലവി പാടിത്തുടങ്ങും. "ഇതുവരെ അതുപോലെ ഒരു തങ്കക്കുടത്തിനെ ഒരു മാതാവും പേറിയിട്ടില്ല. തളിരിനൊത്ത അവന്റെ പിഞ്ചുകരങ്ങൾകൊണ്ട് അവൻ എന്നെ തലോടുന്നതായി ഇപ്പോഴും എനിക്കനുഭവപ്പെടുന്നു. എന്റെ പ്രാണവല്ലഭൻ മൃതനായതിലുള്ള ദുഃഖം എന്റെ കുഞ്ഞോമനയെ കാണുമ്പോൾ ഞാൻ പാടേ മറന്നുപോകുമായിരുന്നു. മന്ദിരാങ്കണത്തിൽ പടർന്നുകിടക്കുന്ന ആ വൃക്ഷത്തിന്റെ ശാന്തസുന്ദരമായ ശീതളച്ഛായയിലിരുന്ന് എന്റെ സ്നേഹകതിരിനെ താരാട്ടുപാടിയുറക്കുമ്പോൾ എത്രവേണ്ട മധുരക്കിനാക്കൾ കണ്ടാനന്ദിച്ചിട്ടുണ്ട്, ഒരു മഹാരാജ്ഞി പോലും എന്നെപ്പോലെ ഭാഗ്യവതിയായിരിക്കയില്ലെന്ന്."

ഇത്രയുമാകുമ്പോഴേക്കും തിരമാലകൾ പോലെ പൊന്തിവരുന്ന വികാരപരമ്പരകൾ അവളെ മൂകയാക്കിക്കളയും. എന്നാലും അവൾ വിരമിക്കയില്ല. "ഒരുദിനം രാത്രിയിൽ ഞാൻ അവന്റെ തൊട്ടിലിനടുത്തു നിൽക്കയായിരുന്നു. എന്റെ ഉള്ളങ്ങളിൽ അങ്കുരിപ്പിച്ചിരുന്ന ആ കരുന്നു വിചാരങ്ങൾ വെളിപ്പെടുത്തിയാൽ ഉണർന്നുപോയെങ്കിലോ എന്ന ഭീതിയോടെയാണ് അവനെ ഞാൻ തൊട്ടിലിൽ കിടത്തിയതു്. അപ്പോൾ കേൾക്കാം പടയാളികളുടെ മുട്ടിക്കൊണ്ടുള്ള ഇടി; തുടർന്ന് പട്ടാളക്കാരുടെ ചില ഭീകരാട്ടഹാസങ്ങളും. പെട്ടെന്ന് എന്റെ കുഞ്ഞിനെ തൊട്ടിലിൽനിന്നും ഞാൻ കോരിയെടുത്തു. അപ്പോഴേക്കും ഹേറോദേസിന്റെ പട്ടാളക്കാർ വാതിൽപൊളിച്ച് ഊരിപ്പിടിച്ച വാളുമായി ഇരച്ചുകയറിക്കഴിഞ്ഞു. സർവ്വശക്തിയോടെ ഞാൻ അവരോടു പൊരുതി. എന്നാൽ ഈ അബല എന്തുചെയ്യാനാണ്. ആ നിഷ്ഠുരകർമർ എന്റെ പൊന്നിൻകുടത്തിനെ എന്നിൽനിന്നും പിടിച്ചുപറിച്ചെടുത്തു. കരവാളുംകൊണ്ടു അവന്റെ പിഞ്ചുഗളം ഛേദിച്ചുകളഞ്ഞു." ഇത്രയുമാകുമ്പോഴേക്കും അവളുടെ കണ്ണുകൾ ഉഗ്രകോപംകൊണ്ടു ജ്വലിതമാകും.

ഇനിയുമുണ്ടവൾക്കു പറയാൻ "എന്ത്, ഹേറോദേസ് എന്റെ കുഞ്ഞിനെ വെറുത്തിരുന്നോ? ഇല്ല. എന്റെ കുഞ്ഞിനോടല്ലായിരുന്നു അവനു വിദ്വേഷം. അക്കാലത്തു ജാതനായ ക്രിസ്തുവിനെ കൊന്നു എന്നു നിശ്ചയംവരുത്താൻവേണ്ടി അവൻ അങ്ങനെ ചെയ്തു. എന്നിട്ടും അവർക്ക് ആ ക്രിസ്തുവിനെ കൊല്ലുവാൻ കഴിഞ്ഞില്ല. അദ്ദേഹം ഇപ്പോൾ ലോകത്തെവിടെയോ ജീവിച്ചിരിപ്പുണ്ട്. എനിക്കാ ക്രിസ്തുവിനോടു യാതൊരു വിരോധവുമില്ല. എന്നാൽ എന്നെങ്കിലും അദ്ദേഹത്തിന്റെ മാതാവിനെ കാണാൻ എനിക്കിടവരുന്നെങ്കിൽ—അതെ അന്നു ഞാനവളോടിതിനു പ്രതികാരം ചെയ്യും; ഞാൻ ദുഃഖം അനുഭവിച്ചതുപോലെ അവളേയും ഞാൻ കദനത്തിന്റെ കൈപ്പു കുടിപ്പിക്കും. കണ്ടുകിട്ടുന്നതുവരെ അവളെ ഞാൻ അന്വേഷിച്ചുകൊണ്ടേയിരിക്കും."

ഒരിക്കൽ അവളിങ്ങനെ ഗലീലയിൽ അലഞ്ഞുതിരിഞ്ഞുകൊണ്ടിരുന്നപ്പോൾ ക്രിസ്തുവിനേയും അദ്ദേഹത്തിന്റെ മാതാവിനേയും പററി കേൾക്കുന്നതിനിടയായി. ജറുസലേമിൽ അപ്പോൾ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന അവസരമാണെന്നും കൂടെക്കൂടെ മേരി അദ്ദേഹത്തെ അനുധാവനം ചെയ്യാറുണ്ടെന്നും അവൾക്കറിവുകിട്ടി. ജറുസലേം നഗരോപാന്തത്തിലുള്ള ഒരു ചെറുഭവനത്തിൽ അദ്ദേഹം വിശ്രമാർത്ഥം വസിക്കുമ്പോൾ മേരി അദ്ദേഹത്തെ സന്ദർശിക്കാറുണ്ടെന്നുംകൂടി അറിഞ്ഞപ്പോൾ അവളുടെ ഉത്സാഹവും സന്തോഷവും എത്രമാത്രം വർദ്ധിച്ചില്ല!

നീണ്ടു നിവർന്നു കിടക്കുന്ന ആ രാജവീഥിയിൽക്കൂടി അവൾ പാഞ്ഞു. രാപകൽ വ്യത്യാസംകൂടാതെയുള്ള പ്രയാണം അവസാനം അവളെ തീരെ അപരിചിതമായ ജറുസലേം നഗരത്തിൽ എത്തിച്ചു

ആകാശം അതിന്റെ സർവ്വഭീകരതയേയും പ്രത്യക്ഷമാക്കാൻ തുടങ്ങിയിരുന്നു അപ്പോൾ. കൊള്ളിമീൻ കാർമേഘപടലങ്ങൾക്കിടയിൽക്കൂടി നുഴഞ്ഞുകയറി; അംബരത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ അന്തരീക്ഷത്തെ അനവരതം ത്രസിപ്പിച്ചുകൊണ്ടിരുന്ന ഇടിനാദം ചക്രവാളവളപ്പിൽ മാറ്റൊലിക്കൊണ്ടു. ആളുകളെല്ലാം ഭീതിയോടെ ഭവനാന്തർഭാഗമണഞ്ഞു. പക്ഷെ സൂസന്ന ഇതുകൊണ്ടൊന്നും ഭയപ്പെട്ടില്ല. അവൾ മുന്നോട്ടു പായുകയാണ്. അവൾക്കു പട്ടണത്തിനു പുറത്തുള്ള ആ ചെറുഭവനത്തിലെത്തണം. ആ മേരിയോടൊന്നു ചോദിക്കാതിരിക്കുമോ? അവളുടെ മകനുവേണ്ടിയല്ലേ തന്റെ കുഞ്ഞു കൊല്ലപ്പെട്ടതു?

അനേകം ഇടവഴികളും തിരിവുകളുമുള്ള ഒരു തെരുവിൽക്കൂടി അവൾ അതിവേഗം നടന്നു. അതാ ആ ചെറുഭവനം. ആശ്വാസത്തോടെ അവൾ അങ്ങോട്ടോടി. ഒട്ടും താമസിച്ചില്ലവിടെ; മുഷ്ടിചുരുട്ടി കവാടത്തിൽ തെരുതെരെ ഇടിച്ചുതുടങ്ങി. അതെ അവൾക്കാ ക്രിസ്തുവിന്റെ ജനയിത്രിയെ ഒന്നു കാണണം. അവളുടെ കോമളിയായ മകനുവേണ്ടി നിർദ്ദോഷിയായ തന്റെ കുഞ്ഞു വധിക്കപ്പെട്ടു; അങ്ങനെ തനിക്കു ഭീകരദുഃഖം വരുത്തിവച്ചതിനു നേരത്തെ തന്നെ കരുതിക്കൂട്ടിവച്ചിരുന്ന തന്റെ പ്രതികാരം നിവർത്തിക്കുന്നതിനാണു താൻ വന്നിരിക്കുന്നതെന്ന് അവളോടു നേരിട്ടു പറയണം.

ഒരാൾ സാവധാനം കോണിപ്പടിയിറങ്ങിവരുന്ന ശബ്ദം അവൾ കേട്ടു. കതകിന്റെ കുററി നീക്കി ഒരാൾ പുറത്തുവന്നു. കോമളനായ ഒരു യുവാവ്! ഒരു വിദ്യുൽപ്രഭ അതാ ആ വിമലവദനത്തിൽ!

"ആരെ കാണണം?" ആഗതൻ ചോദിച്ചു.

"ക്രിസ്തുവിന്റെ മാതാവ്—മേരി..." കഴിയുന്നത്ര താഴ്ന്ന സ്വരത്തിൽ അവൾ പറഞ്ഞു.

ആ യുവാവ് അവളെ അകത്തേക്കു വരാൻ അനുവദിച്ചു. അനന്തരം നീണ്ടുരുണ്ട ഒരു കമ്പികൊണ്ടു വാതിലടച്ചു പൂട്ടിയിട്ട് സൂസന്നയാൽ അനുഗതനായി അദ്ദേഹം പടികയറി നടന്നു.

മുകളിലത്തെ മുറിയിൽ ഒരു മങ്ങിയ ദീപം കത്തുന്നുണ്ടായിരുന്നു. ഇടവിടാതെയുള്ള കൊള്ളിമീൻപ്രഭകൊണ്ടു അങ്ങനെയൊന്നുണ്ടായിരുന്നുവെന്ന് ഒററനോട്ടത്തിൽ പറക അസാദ്ധ്യമായിരുന്നു. പനിനീർപ്പൂവിന്റെ നിറമൊത്ത ആ കോമളപാദങ്ങൾ കാണത്തക്കവിധത്തിൽ മൂടുപടമണിഞ്ഞ് കൂപ്പുകൈയോടെ അവനതശിരസ്കയായി ഒരു പീഠത്തിനടുത്തിരുന്നിരുന്ന ഒരു മനോജ്ഞാംഗി.

"മേരിയല്ലേ?" സൂസന്ന ചോദിച്ചു.

"അതെ." ആ യുവാവുത്തരംപറഞ്ഞു.

ഒരു വന്യമൃഗം തന്റെ ഇരയെപ്പിടിക്കാനൊരുമ്പെടുന്നപോലെ അവൾ ആ ഉയർന്ന പീഠത്തിനു വലംവച്ചു മേരിയുടെ മുമ്പിൽ വന്നു നിലയായി.

മേരി മെല്ലെ തലയുയർത്തി ശിരോവസനം നീക്കി. അവളുടെ മുഖേന്ദുവിൽ വിഷാദത്തിന്റെ കരിനിഴലുകൾ തത്തിക്കളിക്കുന്നുണ്ടെന്നു പ്രതികാരാവേശയായിരുന്നെങ്കിലും സൂസന്ന കാണാതിരുന്നില്ല. പിന്നവിടെ നടന്നതെന്തെന്നു പറക പ്രയാസം. വളരെ നാളുകളായി ഒളുകിവച്ചിരുന്ന അവളുടെ പ്രതികാരാഗ്നി ആളിക്കത്താൻ തുടങ്ങി. മേരിയുടെമേൽ ശാപവചനങ്ങൾ അവൾ കണക്കില്ലാതെ ചൊരിഞ്ഞു. എന്നാൽ മേരി അതെല്ലാം ശാന്തമായി ശ്രവിച്ചുകൊണ്ടിരുന്നു. ഇടയ്ക്കു ആ യുവാവ് മുന്നോട്ടാഞ്ഞ് എന്തോ പറവാൻ മുതിർന്നു. പക്ഷെ മേരി തന്റെ കരതലം ഉയർത്തി അദ്ദേഹത്തെ തടഞ്ഞു.

"എന്റെ കുഞ്ഞ്" സൂസന്ന നിലവിളിച്ചുകൊണ്ടു പറഞ്ഞു "നിർദ്ദോഷിയായ എന്റെ കുഞ്ഞോമന, നിന്റെ മകനുവേണ്ടി നിഷ്ഠുരം നിഹനിക്കപ്പെട്ടു. ഹാ! നിന്റെ മകനുവേണ്ടി എന്റെ കുഞ്ഞ്!" ഹൃദയത്തിന്റെ അത്യഗാധതയിൽനിന്നും പുറപ്പെട്ട ഒരു പരിദേവനം!

മേരി സാവധാനം എഴുന്നേറ്റ് വിറപൂണ്ടിരുന്ന സൂസന്നയുടെ ഭുജത്തിൽ തന്റെ കരതലം നിക്ഷേപിച്ചുകൊണ്ടു തുറന്നു കിടന്നിരുന്ന ജനാലയുടെ അടുക്കലേക്ക് അവളെ നയിച്ചു. സൂസന്നയാതൊരു പ്രതിഷേധവും പ്രകടിപ്പിച്ചില്ല. മേരിയുടെ പ്രശാന്തഭാവത്തിനുമുമ്പിൽ അവൾ പരമമൂകയായിപ്പോയി.

അന്തരീക്ഷത്തിന്റെ ഭാവം ആകപ്പാടെയൊന്നുമാറി. ഭയദ്യോതകമാംവണ്ണം കൊള്ളി മിന്നാൻതുടങ്ങി. ആകാശം കണ്ണഞ്ചിക്കുന്ന ചഞ്ചൽപ്രഭയാൽ നിറഞ്ഞു. അകലെയുള്ള ആ കുന്നിനെ ലക്ഷ്യമാക്കി മേരി തന്റെ കൈവിരൽ ചൂണ്ടി. ശക്തിയായ ഒരു മിന്നൽ! അതാ അവിടെ മൂന്നു കുരിശുകൾ; ഒന്ന് ഉയർന്ന് ഋജുവായും രണ്ടെണ്ണം ഓരോ വശത്തേക്കു ചരിഞ്ഞും. സൂസന്നയുടെ ഭുജത്തിൽ അമർത്തിപ്പിടിച്ചുകൊണ്ട് ഇടറാത്ത സ്വരത്തിൽ മേരി പറഞ്ഞു:

"സൂസന്നാ, ഇപ്പോൾ നാം ഇരുവരും ഒന്നുപോലെ. അതാ നോക്കു", എന്റെ കണ്മണി—നിർദ്ദോഷിയായ എന്റെ ഓമനപ്പുത്രൻ നിനക്കും നിന്റെ മകനുംവേണ്ടി കൊല്ലപ്പെട്ടിരിക്കുന്നു."

സൂസന്ന—അവളൊന്നും പറഞ്ഞില്ല. ഭ്രാന്തിന്റെ കരിനിഴലുകൾ തന്റെ മിഴിയിണകളിൽനിന്നു മാഞ്ഞുപോകുന്നതായി അവൾക്കു തോന്നി. അവൾ മേരിയുടെ മുമ്പിൽ മുട്ടുകുത്തി, അവളുടെ വിമലവസനത്തിൽ അനവരതം ചുംബനമുദ്രകളണിയിച്ചു.

*ഫാദർ ലോർഡ് എസ്. ജെ. പറയുന്നതു', ഇങ്ങനെയുള്ള സംഭവങ്ങൾ നടന്നുകാണാനിടയില്ല 'എന്നു' ആർക്കും പറയാൻ സാദ്ധ്യമല്ലെന്നാണ്. പരിഭാഷകൻ: ഉമ്മൻ അയ്യനേത്തു്.

## Thanksgiving

My grateful thanks for favours received through the intercession of Sr. Alphonsa.

George Joseph.
Thathampally

ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റ്രാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | |
|---|---|---|---|
| പലിശനിരക്ക് കറന്റ് | 1½% | 6 മാസം കാലാവധി | 4% |
| സേവിംഗ്സ് | 3% | 12 „ | 4½% |
| ഷോർട്ട് നോട്ടീസ് | 3% | 24 „ | 5% |
| | | 36 „ | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്ക് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കറുകളും വാങ്ങാവുന്നതാണ്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ
എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, SEPTEMBER 14, 1949 ‖ No 5


# അകത്തോലിക്കാസഭകളും

## കമ്മ്യൂണിസത്തെ അപലപിക്കുന്നു

റോമയിലെ തിരുസ്സംഘത്തിൽനിന്നുള്ള പുതിയ ഡിക്രി കമ്മ്യൂണിസത്തെ അപലപിച്ചിരിക്കുന്നതും, കത്തോലിക്കർക്കു കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുവാനോ അതിനോടു് ഏതെങ്കിലും വിധത്തിൽ അനുഭാവം പ്രദർശിപ്പിക്കുവാനോ പാടുള്ളതല്ലെന്നു വിധിച്ചിരിക്കുന്നതും കമ്മ്യൂണിസം ഭൗതികമാത്രവും ക്രിസ്തുമതവിരുദ്ധവുമായ സിദ്ധാന്തമാണെന്നുള്ള കാരണത്താലാണല്ലോ. ഈ ന്യായത്താൽ കത്തോലിക്കാസഭ മാത്രമല്ല, മററു ക്രൈസ്തവ സഭകളും കമ്മ്യൂണിസത്തെ പരിപൂർണ്ണമായും അപലപിക്കേണ്ടതാണ്. അവരങ്ങനെ ചെയ്യുന്നുണ്ടെന്നുള്ളതിനു് ഒരുത്തമദൃഷ്ടാന്തം ചൂണ്ടിക്കാണിക്കാം. (അകത്തോലിക്കാ) ക്രൈസ്തവസഭകളുടെ അഖിലലോക കൗൺസിലിന്റെ സെൻട്രൽകമ്മിററിയുടെ ഒന്നാമത്തെ സമ്മേളനം ഇക്കഴിഞ്ഞ ആഗസ്റ്റിൽ ഇംഗ്ലണ്ടിൽ ചിസ്റ്റർട്ടർ എന്ന സ്ഥലത്തു് കൂടുകയുണ്ടായി. പ്രോട്ടസ്റ്റൻറും ഓർത്തഡോക്സും മററു അകത്തോലിക്കവുമായ 150 സഭകളുടെ പ്രതിനിധികൾ 144 രാജ്യങ്ങളിൽ നിന്നായി അതിൽ സന്നിഹിതരായിരുന്നു. കിഴക്കെ യൂറോപ്പിൽ ക്രൈസ്തവസഭകളുടെ നേർക്കു്, പ്രധാനമായും കത്തോലിക്കാസഭയുടെ നേർക്കു്, നടത്തപ്പെടുന്ന മതമർദ്ദനത്തെ സമ്മേളനം പ്രത്യാവലോകനംചെയ്തു. തദനന്തരം അവർ പാസാക്കിയ പ്രസ്താവന താഴെ കാണുംപ്രകാരമാണ്:

### അകത്തോലിക്കാസഭകളുടെ പ്രസ്താവന

“മനുഷ്യസമുദായത്തിൽ നീതി നേടേണ്ടതു സർവ്വാധിപത്യപരമായ (Totalitarian) സമ്പ്രദായങ്ങളാലല്ല. സർവ്വാധിപത്യപരമായ സിദ്ധാന്തം അബദ്ധമായ സിദ്ധാന്തമാകുന്നു. സാമുദായികമോ രാഷ്ട്രീയമോ ആയ ലക്ഷ്യം പ്രാപിക്കുവാൻ സമസ്തവും അനുവദനീയമാണെന്നാണ് ആ സിദ്ധാന്തം പഠിപ്പിക്കുന്നതു്. മനുഷ്യൻ പരിപൂർണ്ണമായും സ്വയം പര്യാപ്തനായ ജീവിയാണെന്നു് അതു വിശ്വസിക്കുന്നു. ദൈവത്തിന്റെ സ്ഥാനത്തു രാഷ്ട്രീയാധികാരത്തെ അതു പ്രതിഷ്ഠിച്ചുവരുന്നു. അനുപാധികമായ ധാർമ്മികമാനദണ്ഡത്തിന്റെ അസ്തിത്വത്തെ അതു നിഷേധിക്കുന്നു. സുവിശേഷസന്ദേശങ്ങൾക്കു വിരുദ്ധമായ മാതൃകയനുസരിച്ചു യുവജനങ്ങളുടെ മനസ്സിനെ അതു കരുപ്പിടിപ്പിക്കുന്നു. ഇതരങ്ങളായ സകല അഭിപ്രായങ്ങളേയും ജീവിതരീതികളേയും തകിടംമറിക്കുവാൻ സകലവിധമാർഗ്ഗങ്ങളും ഉപയോഗിച്ചുകൊള്ളുവാൻ അതു് അനുവദിക്കുന്നു.”

ഈ പ്രസ്താവനയിൽ കമ്മ്യൂണിസം എന്ന പദം ഉപയോഗിച്ചിട്ടില്ല. എന്നുവരികിലും അതിൽ അപലപിക്കപ്പെട്ടിട്ടുള്ള സിദ്ധാന്തത്തിന്റെ സ്വഭാവത്തെ വിശദീകരിച്ചിരിക്കുന്നതിൽനിന്നു് കമ്മ്യൂണിസമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നു് സ്പഷ്ടമാകുന്നുണ്ടു്. കമ്മ്യൂണിസത്തെ സർവ്വാധിപത്യപരമായ സിദ്ധാന്തമെന്നു നാമകരണം ചെയ്തിരിക്കുന്നതു് അക്ഷരംപ്രതി ശരിയാണ്. ഒരു മനുഷ്യവ്യക്തിയുടെമേൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രത്തിനു സർവ്വാധികാരവുമുണ്ടെന്നാണ് കമ്മ്യൂണിസത്തിന്റെ സിദ്ധാന്തം. മനുഷ്യന്റെമേൽ അവന്റെ സ്രഷ്ടാവെന്നനിലയിൽ സർവ്വാധികാരവുമുള്ള ദൈവത്തിന്റെ അസ്തിത്വം നിഷേധിച്ചുകൊണ്ടു് തൽസ്ഥാനത്തു രാഷ്ട്രത്തെയാണ് കമ്മ്യൂണിസം പ്രതിഷ്ഠിക്കുന്നതു്. ദൈവനിഷേധത്തിന്റെ ഫലമായി, മനുഷ്യൻ പരിപൂർണ്ണമായും സ്വതന്ത്രനാണെന്നും അവന്റെ ആവശ്യങ്ങൾക്കു മതിയായ ശക്തികളെല്ലാം അവനുണ്ടെന്നും അവയെ വേണ്ടവിധം വിനിയോഗിച്ചാൽ സ്വയം പര്യാപ്തനായി അവനു കഴിഞ്ഞുകൂടാമെന്നും കമ്മ്യൂണിസം വിശ്വസിക്കുന്നു. യഥാർത്ഥമായ ധാർമ്മികത്വം ദൈവത്തിന്റെ അസ്തിത്വത്തിൽ അടിയുറച്ചിരിക്കുന്നതിനാൽ, ദൈവത്തെ നിഷേധിക്കുന്നതോടുകൂടി അനുപാധികമായ ധാർമ്മികമാനദണ്ഡത്തേയും കമ്മ്യൂണിസം നിഷേധിക്കുകയാണു ചെയ്യുന്നതു്. തൊഴിലാളി സർവ്വാധിപത്യം ലക്ഷ്യമായി സ്വീകരിച്ചുകൊണ്ടു്, അതു പ്രാപിക്കുവാൻ പ്രയോജനപ്പെടുന്ന എത്ര ഭയങ്കരങ്ങളായ അധർമ്മങ്ങളെത്തന്നെയും കമ്മ്യൂണിസം ധാർമ്മികങ്ങളായി പരിഗണിക്കുന്നു. ക്രിസ്തുമതം ദൈവാധികാരത്തിനുവേണ്ടി നിലകൊള്ളുകയും ദൈവഹിതത്തിനു വിപരീതമായ സമസ്തവും പ്രതിഷേധിക്കുകയും ചെയ്യുന്നതിനാൽ കമ്മ്യൂണിസം ആ മതത്തിന്റെ ശത്രുവായിവർത്തിക്കുന്നു. ഭാവിപൗരന്മാരായ യുവജനങ്ങളുടെ മനസ്സിൽ കമ്മ്യൂണിസ്റ്റാശയങ്ങൾ നിരന്തരം കുത്തിവച്ചു വളർത്തിക്കൊണ്ടുവരുവാൻവേണ്ടി വിദ്യാഭ്യാസവും വിദ്യാദാനം ചെയ്യുന്ന സകല മാർഗ്ഗങ്ങളും കമ്മ്യൂണിസ്റ്റധികാരികൾ അവരുടെ കുത്തകയാക്കിവരുന്നു. മനുഷ്യവ്യക്തികളുടെമേൽ സർവ്വാധികാരങ്ങളും തങ്ങൾക്കുണ്ടെന്നു നിഷ്കർഷിക്കുന്നതിനാൽ കമ്മ്യൂണിസ്റ്റധികാരികൾ പൗരന്മാരുടെ ചിന്താസ്വാതന്ത്ര്യവും ജീവിതസ്വാതന്ത്ര്യവും പരിപൂർണ്ണം നിഷേധിക്കുന്നു. ഈ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന പ്രസ്താവനയാണ് പ്രസ്തുത അകത്തോലിക്കാസഭകളുടെ സമ്മേളനം പുറപ്പെടുവിച്ചിരിക്കുന്നതു്. കമ്മ്യൂണിസത്തെ ഏററവും കഠിനമായി അപലപിക്കുന്ന പ്രസ്താവനയാണ് അതെന്നുള്ളതിനു വല്ല സംശയവുമുണ്ടോ? ഈ അപലപനം തിരുസ്സംഘത്തിന്റെ ഡിക്രിക്കു സമകാലീനമായി നടന്നുവെന്നുള്ളതു് പ്രത്യേകിച്ചും ചിന്താർഹമാണ്. സാമുദായികവും ധാർമ്മികവും രാഷ്ട്രീയവുമായ ഒരബദ്ധസിദ്ധാന്തത്തെ അപലപിക്കുന്നതിൽ കത്തോലിക്കാമതാധികാരികളും അകത്തോലിക്കാ മതാധികാരികളും യോജിച്ചതു് ചരിത്രത്തിൽ ഇതാദ്യമായിട്ടാണെന്നുള്ള വസ്തുതയും സ്മരണീയമാണ്.

### വൈ. എം. സി. എ. യും അപലപിക്കുന്നു

വൈ. എം. സി. എ. എന്ന നാമത്തിൽ അറിയപ്പെടുന്ന അകത്തോലിക്കാ ക്രിസ്തീയസംഘടന സാർവദേശീയമായ ഒന്നാണല്ലോ. ഇന്ത്യ, ബർമ്മ, പാക്കിസ്ഥാൻ, സിലോൺ എന്നീ രാജ്യങ്ങളിലുള്ള അതിന്റെ ശാഖകളുടെ മതപരമായ സിക്രട്ടറി മി. ഫ്രെഡറിക് ഫ്രാങ്ക്ളിൻ ഇക്കഴിഞ്ഞ ജൂലൈ 22-ാംനു എറണാകുളത്തെ വൈ. എം. സി. എ ശാഖയുടെ ആഭിമുഖ്യത്തിൽ സമ്മേളിച്ച ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയുണ്ടായി. ക്രിസ്തുമതവും കമ്മ്യൂണിസവും തമ്മിൽ യോജിപ്പുണ്ടാവുക അസാദ്ധ്യമാണെന്നു് അദ്ദേഹം ഊന്നിപ്പറഞ്ഞു. കമ്മ്യൂണിസത്തിന്റെ ഭൗതികമാത്രമായ സ്വഭാവത്തെ അദ്ദേഹം പ്രത്യേകം ചൂണ്ടിക്കാണിക്കുകയും അതിനെതിരായി ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. കമ്മ്യൂണിസത്തിന്റേയും ക്രിസ്തുമതത്തിന്റേയും അടിസ്ഥാനവും പ്രവർത്തനസമ്പ്രദായവും ലക്ഷ്യവും തമ്മിൽ മൗലികമായ വ്യത്യാസമുണ്ടെന്നു് അദ്ദേഹം സ്പഷ്ടമാക്കി. കമ്മ്യൂണിസം വിദ്വേഷത്തിൽ അടിയുറച്ചിരിക്കുന്നു; ക്രിസ്തുമതമാകട്ടെ സ്നേഹത്തിൽ ആധാരപ്പെട്ടതായിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ ലക്ഷ്യം അന്യരുടേതു പിടിച്ചെടുക്കുകയാണ്; ക്രിസ്തുമതത്തിന്റെ ലക്ഷ്യമാകട്ടെ അവനവന്റേതു അന്യർക്കു കൊടുക്കുകയാണ്. “നിന്റേതെല്ലാം എന്റേതു്” എന്നു കമ്മ്യൂണിസം പഠിപ്പിക്കുമ്പോൾ, “എന്റേതെല്ലാം നിന്റേതു” എന്നു ക്രിസ്തുമതം പഠിപ്പിക്കുന്നു. ക്രിസ്തുമതത്തിന്റെ മൗലികതത്വങ്ങൾ ത്യാഗവും സ്നേഹവും സാഹോദര്യവുമായിരിക്കുമ്പോൾ, കമ്മ്യൂണിസത്തിന്റേതു് ദ്വേഷവും ക്രൂരതയും അപഹരണവുമാണ്. പ്രവർത്തനരീതികളിലും രണ്ടും തമ്മിൽ വ്യത്യാസമുണ്ടു്. കമ്മ്യൂണിസത്തിൽ വ്യക്തിയെ പരിപൂർണ്ണമായും അവഗണിക്കുന്നു. ഒരു ന്യൂനപക്ഷത്തിന്റെ ഹിതാഹിതങ്ങൾ ബലപ്രയോഗത്താലും അക്രമത്താലും ഇതരന്മാരുടെമേൽ കെട്ടിവയ്ക്കുകയാണ് കമ്മ്യൂണിസം ചെയ്യുന്നതു്. ക്രിസ്തുമതമാകട്ടെ വ്യക്തിയെ സർവോപരി വിലമതിക്കുന്നു.

വൈ. എം. സി. എ. സിക്രട്ടറിയുടെ ഈ ആശയങ്ങൾ ഏററവും യഥാർത്ഥങ്ങളാണെന്നു കമ്മ്യൂണിസത്തേയും ക്രിസ്തുമതത്തേയും ശരിയായി അറിഞ്ഞിട്ടുള്ളവർ എല്ലാവരും സമ്മതിക്കുന്നതാണല്ലോ.

### ക്രിസ്തുമതതത്വങ്ങൾ പ്രായോഗികങ്ങളാക്കണം

മോൺസിഞ്ഞോർ പിയെത്രൊ ബാർബിയേരി റോമയിലെ “കൂദാശകളുടെ തിരുസ്സംഘത്തിലെ” ഒരംഗമാണ്; ഇററലിയിൽ അസാമാന്യമായ സ്വാധീനശക്തിയോടുകൂടി പ്രചരിച്ചുവരുന്ന സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു പത്രഗ്രന്ഥത്തിന്റെ അധിപരാണ്; പ്രക്ഷേപണപ്രസംഗം നടത്തുന്ന ജോലിയിൽ നിരന്തരം ഏർപ്പെട്ടിരിക്കുന്ന ഒരു പണ്ഡിതനുമാണ്. ഈ നിലകളിൽ ഇററലിയിലെ പണ്ഡിതന്മാരുടെ ഗണത്തിൽ അദ്ദേഹത്തിനു ഉൽകൃഷ്ടമായ സ്ഥാനമുണ്ടു്. വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കു് ഇററലിയൻ ഗവർമ്മെൻറു് വളരെയധികം വിലകല്പിക്കുന്നുമുണ്ടു്. കഴിഞ്ഞ യുദ്ധകാലത്തു ദേശസംരക്ഷണത്തിനുവേണ്ടി നടത്തപ്പെട്ട പ്രതിരോധനപ്രസ്ഥാനത്തിൽ വഹിച്ച പങ്കും ലഭിച്ചനേട്ടങ്ങളും പ്രമാണിച്ചു് അദ്ദേഹത്തിന്റെ നാമം ഇററലിയിലെ സകല രാഷ്ട്രീയകക്ഷികളും ബഹുമാന്യമായി ഗണിച്ചുപോരികയാണ്. ഈ വൈദികവര്യൻ തിരുസ്സംഘത്തിന്റെ പുതിയ ഡിക്രിയുടെ ഫലത്തെ സംബന്ധിച്ചു ഒരു പ്രസ്താവനചെയ്യുകയുണ്ടായി. ഇററലിയിലുള്ള അതിന്റെ പ്രത്യാഘാതത്തെ വിവരിച്ചശേഷം അദ്ദേഹം പറഞ്ഞതിങ്ങനെയാണ്:-

“സാമുദായികവും സാമ്പത്തികവുമായ ദുരവസ്ഥകളാണ് അടുത്തകാലത്തു കമ്മ്യൂണിസ്റ്റുകാർക്കു് അവസരം നല്കിയതു്. എന്നാൽ പ്രധാനമന്ത്രിയായ സിഞ്ഞോർ ഗസ്പാരിയുടെ കീഴിൽ ക്രിസ്ത്യൻ ഡെമോക്രാററിക് കക്ഷിക്കാർ ഈ ദുരവസ്ഥകളെ ഉന്മൂലനം ചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കമ്മ്യൂണിസം ഏററവും ശക്തിയായി അവിടെ വേരുറച്ചതു് സ്ഥലത്തെ വൈദികന്മാർ ഒഴിഞ്ഞുമാറിനില്ക്കുകയും ഇടപെടുവാൻ മടിക്കുകയും ചെയ്ത ഡിസ്ട്രിക്ടുകളിലാണ്. ആ പ്രദേശങ്ങളിലാണ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു “സാധുക്കളുടെ പാർട്ടി” എന്ന നില സ്വീകരിച്ചുകൊണ്ടു സാധുക്കളെ പാട്ടിലാക്കുവാൻ കഴിഞ്ഞതു്. ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടി തിരുസ്സഭയുടെ സാമുദായികബോധനങ്ങൾ മനസ്സിലാക്കുകയും ആദ്യംമുതൽ അവയെ പ്രയോഗത്തിൽ വരുത്തുകയും ചെയ്തതാലാണ് കമ്മ്യൂണിസത്തെ തടയാൻ അവർക്കു സാധിച്ചതു്.”

മററുരാജ്യങ്ങളിലെന്നപോലെ ഇവിടെയും കമ്മ്യൂണിസത്തെ തടയുവാനുള്ള ഏകമാർഗ്ഗം മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിലെ ബോധനങ്ങളും നിർദ്ദേശങ്ങളും ശരിയായി മനസ്സിലാക്കുകയും അവയെ പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്യുകയാണ്.

## അടുത്ത ആഴ്ചയിൽ

സെപ്റ്റംബർ
18 ഞാ: പന്തക്കുസ്താ 15-ാം ഞായർ
മറിയത്തിന്റെ ഏഴു വ്യാകുലങ്ങൾ
19 തി: യാനുവാരിയോസ്
20 ചൊ: യൂസ്റ്റസ്
21 ബു: മത്തായി
22 വ്യാ: മൗരിത്തിയോസ്
തോമ വില്ലനോവ
23 വെ: ലീനോസ്
24 ശ: മനോഗുണമാതാവ്


സത്യദീപം

വരിസംഖ്യ

| | |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഒററപ്രതി | 0—2—0 |


## പത്രാധിപജൂബിലി

“സത്യനാദം” പത്രാധിപർ മി. പി. സി. വക്കി പ്രസ്തുതപത്രത്തിന്റെ ആധിപത്യം സ്വീകരിച്ചിട്ടു് കഴിഞ്ഞ സെപ്റ്റംബർ 10-ാംനു 50 വർഷം പൂർത്തിയായിരിക്കുന്നു. പത്രാധിപർ, സമുദായനേതാവ്, രാഷ്ട്രീയപ്രവർത്തകൻ എന്നീ നിലകളിൽ അരനൂററാണ്ടുകാലം പ്രശസ്തസേവനമനുഷ്ഠിച്ചിട്ടുള്ള ഒരു മാതൃകാകത്തോലിക്കനായ മി. വക്കിയെ ഹാർദ്ദമായി അനുമോദിക്കുകയും അദ്ദേഹത്തിനു ആയുരാരോഗ്യങ്ങൾ നേരുകയും ചെയ്യുന്നു.

(സത്യദീപം പത്രാധിപർ)

### അർദ്ധസഹസ്രാബ്ദ ജൂബിലി

കാഞ്ഞിരപ്പള്ളി പഴയപള്ളി സ്ഥാപിച്ചിട്ടു് 500 വർഷം പൂർത്തിയായതു സംബന്ധിച്ചുള്ള ജൂബിലിമഹാമഹം സെപ്റ്റംബർ 7—ം 8—ം തീയതികളിൽ അത്യാഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു. 7-ാംനു തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറർ മാർ സെവേരിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയുണ്ടായി. സെപ്റ്റംബർ 8-ാംനു ചങ്ങനാശ്ശേരി മെത്രാൻ തിരുമനസ്സിലെ ദിവ്യപൂജാർപ്പണം, പ. കുർബാനയുടെ പ്രദക്ഷിണം, ലാഹ് ആലാഹാ എന്ന സ്തോത്രഗീതാലാപം, പ. കുർബാനയുടെ വാഴ്വു് മുതലായ തിരുക്കർമ്മങ്ങൾക്കുശേഷം ജൂബിലിസ്മാരകങ്ങളായ ലൂർദ്ദ് ഗ്രോട്ടോയുടെ ശിലാസ്ഥാപനകർമ്മവും പ്രേഷിതവൈദികവിദ്യാർത്ഥിഭവനത്തിന്റെ ഉൽഘാടനകർമ്മവും മെത്രാനച്ചൻ തിരുമനസ്സുകൊണ്ടുതന്നെ നിർവ്വഹിക്കുകയുണ്ടായി. ആണ്ടുതോറും ഓരോ പ്രേഷിതവൈദികൻ പഠനം പൂർത്തിയാക്കി മിഷൻവേലയ്ക്കിറങ്ങാൻ ആവശ്യമായ പണം പലിശയായി കിട്ടത്തക്കവണ്ണം 10,000 ക. വീതമുള്ള ഏഴു നിധികൾ പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നു. ഇതിൽ ഒന്നാമത്തേതായ പ. കന്യകാമറിയത്തിന്റെ നാമത്തിലുള്ള നിധിയിലേക്കു് 10,000 ക. മോൺ. ജയിക്കബ് കല്ലറയ്ക്കൽ അവർകളും, മററു രണ്ടു നിധികളിലേക്കു് ാ000 ക. വീതം സ്ഥലത്തെ രണ്ടു വനിതകളും നല്കുവാൻ സമ്മതിച്ചിരിക്കുന്നതായി ഉൽഘാടനാവസരത്തിൽത്തന്നെ പ്രഖ്യാപിക്കുകയുണ്ടായി. തിരുനാൾ ആഘോഷങ്ങളുടെയെല്ലാം ചെലവു വഹിച്ചതു് കൊല്ലംകുളത്തു കുഞ്ഞുവക്കി എബ്രാഹം അവർകളായിരുന്നു.

## മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്കു്

മാന്യ വരിക്കാർ മേലാൽ പത്രത്തിനു വരിസംഖ്യ അടയ്ക്കുമ്പോഴും പത്രസംബന്ധമായുള്ള എല്ലാം എഴുത്തുകുത്തുകളിലും അവരുടെ മേൽവിലാസത്തോടൊന്നിച്ചുള്ള നമ്പ്രു് കൂടി കാണിച്ചിരിക്കണമെന്നു പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

മാനേജർ

# കപോതസന്ദേശം

(സി. എം.)

കപോതസന്ദേശമെന്ന പേരു കാണുമ്പോൾ സാഹിത്യകാരന്മാർക്കു സന്ദേശകാവ്യങ്ങളെക്കുറിച്ചു അല്പം പ്രതീതിയുളവാകാം. എന്നാൽ ഈ പേരുകൊണ്ടുദ്ദേശിക്കുന്നതു് മാടപ്രാവുകൾ പ്രളയകാലംമുതൽ സമാധാനസന്ദേശവാഹികളായി ക്രൈസ്തവമതഗ്രന്ഥങ്ങളിൽ അറിയപ്പെടുന്ന വസ്തുതയാണു്. നോഹിന്റെ പെട്ടകത്തിൽ (കപ്പലിൽ) നിന്നും കരകണ്ടുപിടിക്കുന്നതിനായി അയച്ചതു കപോതങ്ങളെയാണു്. പ്രളയം കഴിഞ്ഞെന്നും ഭൂമി തെളിഞ്ഞെന്നുമുള്ള സന്ദേശം—സമാധാനസന്ദേശം—നല്കിയതു മാടപ്രാവുകളാണു്. അവയുടെ സമാധാനദൌത്യം ഇതാ ഫാത്തിമാമാതാവിന്റെ സന്നിധിയിൽ ആവർത്തിക്കപ്പെട്ടിരിക്കുന്നു.

1946 ഡിസംബർ 1-ാം തീയതി സ്പെയിനിലെ ബോംബാറാൽ (Bombarral) എന്ന ഗ്രാമത്തിൽക്കൂടി ഫാത്തിമാമാതാവിന്റെ തിരുസ്വരൂപം ലിസ്ബണിലേക്കു ആഘോഷപൂർവ്വം കൊണ്ടുപോവുകയായിരുന്നു. ആ ഗ്രാമത്തിലെ ഡോണാമറിയാ എന്ന സ്ത്രീരത്നം ആ തിരുസ്വരൂപത്തിനു കാഴ്ചവയ്ക്കുന്നതിനു തന്റെ രണ്ടു പെൺമക്കൾവശം അഞ്ചു മാടപ്രാവുകളെ കൊടുത്തയച്ചു. അവയെ അവർ ഫാത്തിമാമാതാവിന്റെ സന്നിധിയിൽ സമർപ്പിച്ചു. എന്നാൽ അവയിൽ രണ്ടെണ്ണം പറന്നുപോയി. ശേഷിച്ച മൂന്നു പ്രാവുകളാകട്ടെ ആ തിരുസ്വരൂപത്തിന്റെ പാദങ്ങളിൽ ആദരപൂർവ്വം പറന്നുചെന്നിരുന്നു. തിരുസ്വരൂപവാഹകന്മാർക്കു് ഇതു ശേഷം ഇഷ്ടമായില്ല. തങ്ങൾ പൂജ്യമായി വഹിച്ചുകൊണ്ടുപോകുന്ന അത്ഭുതമാതാവിന്റെ പ്രതിമയുടെ കാൽക്കൽ മാടപ്രാവുകളിരിക്കുന്നതു ആശാസ്യമല്ലെന്നു പലരും നിശ്ചയിച്ചു. അവയെ ആട്ടിപ്പായിച്ചു. സമാധാനരാജ്ഞിയുടെ തൃപ്പാദങ്ങളിൽ അഭയംതേടിയ ആ സമാധാനസന്ദേശകരുണ്ടോ പറന്നുപോകുന്നു. അവ എങ്ങോട്ടു പറക്കും. ആളുകളുടെ ഉപദ്രവം വർദ്ധിച്ചപ്പോൾ ആ സാധുപറവകൾ പറന്നുമാറിയിട്ടു വീണ്ടും ആ പാദങ്ങളിൽത്തന്നെ വന്നിരുന്നു. ഇങ്ങനെ അനേകം പ്രാവശ്യം സംഭവിച്ചു. അവസാനം ജനക്കൂട്ടം ആ മാടപ്രാവുകളെ മാതൃസന്നിധിയിൽ ഇരുന്നുകൊള്ളുന്നതിനനുവദിച്ചു.

ഈ ഘോഷയാത്ര അഞ്ചുദിനരാത്രങ്ങൾ നീണ്ടുനിന്നു. ഈ ദിവസങ്ങളിൽ ഈ പ്രാവുകൾ ഒന്നോ രണ്ടോ പ്രാവശ്യമേ ഇരതേടിപ്പറന്നുപോയുള്ളു. ഉടൻതന്നെ അവ തിരിച്ചുവരികയും ചെയ്തു. വഴിനീളെ ആളുകളുടെ ജയജയശബ്ദങ്ങളോ വെടിക്കെട്ടിന്റെ കഠിനാരവങ്ങളോ പീരങ്കിയുടെ ഗംഭീരനിനാദങ്ങളോ ഇവയെ തെല്ലും ഭയപ്പെടുത്തിയില്ല. മാതൃപാദത്തിൽ അഭയംതേടിയ മാടപ്രാവുകൾക്കെങ്ങനെ കലുഷമുണ്ടാകും. ലക്ഷക്കണക്കിനു ജനങ്ങൾ ഇതിനു ദൃക്സാക്ഷികളാണു്. ഇതു സകലരുടെയും സംസാരവിഷയമായിത്തീർന്നു. പത്രങ്ങളിൽ ഛായാചിത്രങ്ങളോടുകൂടിയ ഒരു പ്രധാനവാർത്തയായി ഇതു പ്രസിദ്ധീകരിക്കപ്പെട്ടു

അടുത്തവർഷം (1947) സ്പെയിനിൽത്തന്നെ ഇൗവോറാ എന്ന അതിരൂപതയിൽ നടത്തപ്പെട്ട ഘോഷയാത്രയിലും മാടപ്രാവുകൾ ഫാത്തിമാമാതാവിന്റെ പാദസേവ ചെയ്യുകയുണ്ടായി. ബഡാജോസ് എന്ന സ്ഥലത്തുകൂടി നടത്തിയ ഘോഷയാത്രയിലും അരിപ്രാവുകൾ അമലോത്ഭവജനനീപ്രതിമയുടെ തൃപ്പാദങ്ങളെ ആശ്ലേഷിച്ചു. സ്പെയിനിൽ മററു പലസ്ഥലത്തും നടത്തപ്പെട്ട ഘോഷയാത്രകളിലെല്ലാം മാടപ്രാവുകൾ പറന്നുവന്നു മാതൃപാദത്തിൽ സങ്കേതം തേടിയതായി റിപ്പോർട്ടുകൾ ഉണ്ടു്. ലോകസമാധാനത്തിനു സമാധാനരാജ്ഞിയായ മേരിമാതാവിന്റെ തൃപ്പാദങ്ങളിൽ ആശ്രയം തേടണമെന്നുള്ള ഈ കപോതസന്ദേശം നമ്മുടെ മാതൃഭൂമിയിലും മാറൊലിക്കൊള്ളട്ടെ.

## ഒരു പുതിയ പുസ്തകം

യാക്കോബായ സഭയിലെ സമാധാന പരിശ്രമങ്ങൾ. ഗ്രന്ഥകർത്താ:—ഫാദർ ഇഞ്ചക്കലോടി. വില 1 ണ 4 ണ. 5 നു 1 ക. ഉടൻ അപേക്ഷിക്കുക.

മാനേജർ

സെൻറ് ജോസഫ്സ് പ്രസ്സ്,
തിരുവല്ല.

## ഇടവകവാർത്തകൾ

—അതിരമ്പുഴ മിഷൻ സഹായസംഘങ്ങളുടെ ഒരു പൊതുയോഗം സെപ്റ്റംബർ 12-ാംനു സംഘം ഡയറക്ടർ വെ. റവ. ഫാ. മാത്യു തഴേത്തൽ അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടി സംഘത്തിന്റെ ഏഴാമതു വാർഷികത്തോടനുബന്ധിച്ചു മിഷൻ സഹായാർത്ഥം, മുൻപതിവനുസരിച്ചുള്ള കാർഷികവിഭവശേഖരണത്തിനുപുറമെ ഒരു കാർഷികപ്രദർശനവും മിഷൻപ്രദർശനവും നടത്തണമെന്നു തീരുമാനിച്ചിരിക്കുന്നു.

—നരിവേലപ്പള്ളി ഇടവകയിൽ സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ഉൽഘാടനം പ്രമാണിച്ചു് സെപ്റ്റംബർ 11-ാംനു ബ്രദർ വി. പി. സെബാസ്ത്യൻ ബി. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗംകൂടുകയുണ്ടായി. റവ. ഫാ. ജോസഫ് വാറാനി, ബ്രദർ സി. എം. സെബാസ്ത്യൻ എന്നിവർ തദവസരത്തിൽ ഓരോ പ്രസംഗം ചെയ്തു. അനന്തരം, വി. കൊച്ചുത്രേസ്യായുടെ നാമത്തിൽ സ്ഥാപിതമായ കോൺഫറൻസ് അദ്ധ്യക്ഷനവർകൾ ഉൽഘാടനംചെയ്കയുണ്ടായി.

—ഏളവൂർ സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ഒരു വിശേഷാൽയോഗം സെപ്റ്റംബർ 11-ാംനു ചിറമേൽ ബ. ഗീവറുഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. തദവസരത്തിൽ മെ. ജോസഫ് പുളിക്കത്തറ, ജോൺ സി. പാത്താടൻ ബി. എ. ബി. എൽ. എന്നിവർ ഓരോ പ്രസംഗം ചെയ്തു. യോഗാനന്തരം, മി. എ. ജോസഫ് പഴേക്കാടൻ സംഭാവന ചെയ്ത വി. വിൻസെൻറ് ഡി പോളിന്റെ രൂപം വെഞ്ചരിച്ചു് പള്ളിയുടെ കിഴക്കുഭാഗത്തു സ്ഥാപിച്ചിരിക്കുന്ന കുരിശിൽ പ്രതിഷ്ഠിക്കുകയുണ്ടായി.

—ഓസ്സാനാം സൺഡേ പ്രമാണിച്ചു് അതിരമ്പുഴ പ്രാദേശിക കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 18-ാംനു അതിരമ്പുഴ, കോട്ടയ്ക്കുപുറം, മാന്നാനം, ആർപ്പൂക്കര, കുടമാളൂർ, പുന്നത്തുറ, ചെറുവാണ്ടൂർ, നരിവേലി, പട്ടിത്താനം എന്നീ കോൺഫറൻസുകളുടെ ഒരു സംയുക്തസമ്മേളനം അതിരമ്പുഴ സ്കൂൾഹാളിൽവച്ചു് റവ. ഫാ. റയണാൾഡ് സി. ഡി., എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

## കൊ-തി. വാർത്തകൾ

—വിദ്യാലയങ്ങളിൽ ഷിഫ്ററു സമ്പ്രദായം ഏർപ്പെടുത്തിയപ്പോൾ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാരിൽ ഇതുവരെ ഗവമെൻറു സർവ്വീസിൽ സ്വീകരിക്കപ്പെടാതെ ശേഷിക്കുന്ന 400 പേരെ സർവ്വീസിലെടുക്കുന്നതിനു ഗവമെൻറുത്തരവായിരിക്കുന്നു. പ്രൈവററു സ്കൂളുകളിൽ ഷിഫ്ററു സമ്പ്രദായം നിർത്തലാക്കുമ്പോൾ, ഷിഫ്ററുമൂലം പിരിച്ചുവിടപ്പെട്ടവരെത്തന്നെ നിയമിച്ചുകൊള്ളണമെന്നും ഗവമെൻറു ആജ്ഞാപിച്ചിട്ടുണ്ടു്.

—പാലായിൽ ഒരു കോളെജു സ്ഥാപിക്കുന്നതിനുള്ള അപേക്ഷയെ ആസ്പദമാക്കി സർവ്വകലാശാലയിൽനിന്നും നിയോഗിച്ചിട്ടുള്ള കമ്മീഷൻ കന്നി 13-ാംനു പാലാ സന്ദർശിക്കുന്നതാണു്.

—ഐക്യസംസ്ഥാന പാർലിമെൻററി ബോർഡിന്റെ പ്രഥമയോഗം സെപ്റ്റംബർ 12-ാംനു ശ്രീ സി. കേശവന്റെ അദ്ധ്യക്ഷതയിൽ എറണാകുളത്തുവച്ചു കൂടിയിരിക്കുന്നു.

—ഇൻഡ്യൻ സ്റ്റേററ്സ് മിനിസ്ട്രി സെക്രട്ടറി മി എം. കെ. വെള്ളോടി ഐക്യസംസ്ഥാനത്തെത്തിയിരിക്കുന്നു. രാജകുടുംബാംഗങ്ങളുടെ സ്വകാര്യസ്വത്തുക്കളെപ്പററി ഒരവസാനതീരുമാനം ചെയ്യുക എന്നതാണു് അദ്ദേഹത്തിന്റെ ആഗമനോദ്ദേശം എന്നു പറയപ്പെടുന്നു.

—പബ്ളിക് സർവ്വീസിൽ നിയമനങ്ങൾക്കുള്ള അപേക്ഷകൾ പബ്ളിക് സർവ്വീസ് കമ്മീഷൻ സിക്രട്ടറിയുടെ പേർക്കയക്കേണ്ടതാണെന്നും അതിലേക്കുള്ള അപേക്ഷാഫോറങ്ങൾ തിരുവിതാംകൂറിൽ ഡിവിഷനൽ ട്രഷറികളിലും അഞ്ചലാഫീസുകളിലും ഗവമെൻറു പ്രസ്സിലും, കൊച്ചിയിൽ താലൂക്കു ട്രഷറികളിലും അഞ്ചലാഫീസുകളിലും രണ്ടു ചക്രം വിലയ്ക്കു കിട്ടുന്നതാണെന്നും ഒരു ഗവമെൻറു പ്രസ്സ്നോട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

—വൈദ്യുതശക്തി വിതരണകാര്യത്തിൽ കൃഷിയാവശ്യങ്ങൾക്കു മുൻഗണന നല്കുവാൻ ഗവമെൻറു തീരുമാനിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാനത്തെ ചൗക്കകളെല്ലാം കന്നി 1-ാംനു-കം നീക്കംചെയ്യുന്നതാണെന്നു് മന്ത്രി ശ്രീ ഇക്കണ്ടവാര്യർ പ്രസ്താവിച്ചിരിക്കുന്നു.

—കൊച്ചി ഡിവിഷനിലെ കോൾകൃഷി സംരക്ഷണാർത്ഥം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി കൃഷിഡയറക്ടർ, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു കേന്ദ്ര അധികാരസമിതി രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

—വില്പനനികുതിയും പരസ്യനികുതിയുമുൾപ്പെടെ വർത്തമാനപ്പത്രങ്ങൾക്കു നികുതി ചുമത്തുവാനുള്ള അവകാശം കേന്ദ്രത്തിനുമാത്രമേ ഉണ്ടായിരിക്കാവൂ എന്നും പ്രസ്തുത നികുതിയിനത്തിൽ ലഭിക്കുന്ന സംഖ്യ സ്റ്റേററുകൾക്കു വീതിച്ചുകൊടുക്കേണ്ടതാണെന്നും ഇൻഡ്യൻ കോൺസംബ്ളി കോൺഗ്രസ് പാർട്ടി തീരുമാനിച്ചിരിക്കുന്നു.

—മണിപ്പൂർ സ്റ്റേററും ത്രിപുരസ്റ്റേററും കേന്ദ്രത്തിൽനിന്നു നേരിട്ടു ഭരിക്കുന്നതിനും, ബനാറിസ് സ്റ്റേററിനെ യു. പി. യിലും, ആസാമിലെ കാസി നാട്ടുരാജ്യങ്ങളെ ആസാം പ്രവിശ്യയിലും ലയിപ്പിക്കുന്നതിനും കേന്ദ്രഗവമെൻറു തീരുമാനിച്ചിരിക്കുന്നു.

—സോഷ്യൽ ഡെമോക്രാററിക് പാർട്ടി എന്നപേരിൽ പ്രൊഫസർ കെ. ടി. ഷായുടെ നേതൃത്വത്തിൽ 12 പേരടങ്ങിയ ഒരു പ്രതിപക്ഷകക്ഷി ഇൻഡ്യൻ പാർലിമെൻറിൽ രൂപവൽകൃതമായിരിക്കുന്നു.

ഭൂകമ്പംമൂലം

## ഭയങ്കരനഷ്ടം

ഇക്കഴിഞ്ഞ ആഗസ്റ്റ് 5-ാംനു ഉണ്ടായ ഒരു ഭൂകമ്പംമൂലം തെക്കെ അമേരിക്കയിലെ എക്വഡോർ സംസ്ഥാനത്തിലെ കത്തോലിക്കാ ജനതതിയിൽ ഗണ്യമായ ഒരു ഭാഗം മൃത്യുവിനിരയായിരിക്കുന്നു. അനേകം ദേവാലയങ്ങളും സ്കൂളുകളും ആസ്പത്രികളും നശിപ്പിക്കപ്പെട്ടിട്ടുണ്ടു്. അനേകശതം ആളുകൾ ദേവാലയങ്ങളിൽ അഭയം തേടിയിരുന്നു. അവ ഇടിഞ്ഞുവീഴുകയാൽ അവർ മൃതിയടയുന്നതിനിടവന്നു. അംബാട്ടോയിലെ കത്തീഡ്രലിൽ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനായി ഒരുങ്ങിവന്ന 60 ബാലികമാർക്കു ഒരു വൈദികൻ ഉപദേശം കൊടുത്തുകൊണ്ടുനില്ക്കുകയായിരുന്നു. അവരെല്ലാവരും ഞൊടിയിടയിൽ മണ്ണിനടിയിലായി. അക്കൂട്ടത്തിലുണ്ടായിരുന്ന ഒരു സ്ത്രീയും അവരുടെ രണ്ടു കുട്ടികളും, വൈദികനും രക്ഷപെട്ടിട്ടുണ്ടു്. ആ വൈദികന്റെ പേർ ഫാദർ ജുവാൻ ബൊറാറിസ്സു എന്നാണു്. അദ്ദേഹത്തെ നഷ്ടശിഷ്ടങ്ങൾക്കിടയിൽനിന്നു കണ്ടെടുത്തതു് ആറു ദിവസങ്ങൾക്കു ശേഷമാണു്. പള്ളിയുടെ ഒരു വളവ് (Arch) അദ്ദേഹത്തിന്റെ മേൽ പതിച്ചിരുന്നതുകൊണ്ടു് അദ്ദേഹം സുരക്ഷിതനായിരുന്നു. ഇത്ര ഭയങ്കരമായ ഒരു ഭൂകമ്പം അടുത്തകാലത്തെങ്ങും എക്വഡോറിൽ ഉണ്ടായിട്ടില്ല. 4000 ചതുരശ്രമൈൽ സ്ഥലത്തിന്റെ ഭൂപടംതന്നെ മാറിവരേണ്ടുന്നതായിട്ടാണിരിക്കുന്നതു്. മാർപ്പാപ്പാ തിരുമേനി ദുരിതനിവാരണാർത്ഥം 5000 ഡോളർ അയച്ചുകൊടുത്തിട്ടുണ്ടു്. അപ്രകാരമുള്ള സംഭാവനകൾ ന്യൂയോർക്കിലെ മെത്രാപ്പോലീത്തയായ കാർഡിനൽ സ്പെൽമനും, അമേരിക്കയിലെ നാഷനൽ കാത്തലിക്കു വെൽഫെയർ കോൺഫറൻസും അയച്ചുകൊടുത്തിരിക്കുന്നു. വെനേസുല ഗവമെൻറ് ദുരിതനിവാരണാർത്ഥം 250,000 പവൻ സംഭാവന ചെയ്തിരിക്കുന്നു. അംബാട്ടോയിൽ മൃതിയടഞ്ഞവരുടെ ശവസംസ്കാരം ക്വിറേറായിലെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടാണു നിർവ്വഹിച്ചതു്. ഗവമെൻറിന്റെ ദുരിതനിവാരണശ്രമങ്ങളിൽ ഹാർദ്ദമായി സഹകരിക്കാൻ അദ്ദേഹം കത്തോലിക്കാ പ്രവർത്തനസംഘങ്ങളെയും പരോപകാരസംഘടനകളെയും ഉൽബോധിപ്പിച്ചിരിക്കുന്നു.

## മാനസാന്തരം

സി. എം. എസ്. സഭയിലെ ഒരു പുരോഹിതനായ റാവുബഹദൂർ (റവ.) ജോൺ കുര്യൻ അവർകളുടെ മകൾ മിസ് എലിസബെത്തു കത്തോലിക്കാസഭയിൽ പ്രവേശിച്ചിരിക്കുന്നതായി ഒരു വാർത്തയിൽ കാണുന്നു. ഈ മഹതി അമേരിക്കയിലെ മിക്കിഗൻ സർവ്വകലാശാലയിലാണു വിദ്യാഭ്യാസം പൂർത്തിയാക്കിയതു്. അവർ ഓക്സ്ഫോർഡും സന്ദർശിച്ചിട്ടുണ്ടു്. കുറെനാൾ സിലോണിലെ ഒരു കത്തോലിക്കാ കോളെജിൽ പ്രൊഫസറായി അവർ ജോലിനോക്കിയിരുന്നു. മിസ് എലിസബെത്തിന്റെ പിതാവു് കൊച്ചിയിലെ ചീഫ് എൻജിനീയറായും തിരുവിതാംകൂറിലെ എക്സിക്യൂട്ടീവ് എൻജിനീയറായും ഉദ്യോഗം വഹിച്ചിട്ടുള്ളതാണു്.

## ഗൈഡ് ബുക്ക്

വിശുദ്ധവത്സരത്തിൽ റോമ സന്ദർശിക്കുന്ന തീർത്ഥകരുടെ സഹായാർത്ഥം ഒരു ഗൈഡുബുക്കു വത്തിക്കാനിൽനിന്നും പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിൽ റോമിലുള്ള 120 ഇടവകകളേയും അവയിലെ സ്ഥാപനങ്ങളേയും പററിയുള്ള വിശദവിവരങ്ങൾ അടങ്ങിയിട്ടുണ്ടു്. കൂടാതെ, പരിശുദ്ധപിതാവിന്റെ ജീവചരിത്രം, കർദ്ദിനാൾസംഘം, റോമൻ കൂരിയ ആദിയായ വിഷയങ്ങളെപ്പററിയും അതിൽ പ്രതിപാദിക്കപ്പെടുന്നു. ഇററാലിയൻ ഭാഷയിൽ വിരചിതമായിരിക്കുന്ന പ്രസ്തുത ഗ്രന്ഥം ഉടൻതന്നെ മററു് അഞ്ചു യൂറോപ്യൻ ഭാഷകളിലേക്കു തർജ്ജമചെയ്യപ്പെടുന്നതാണു്.

## വിനോദവല്ലി

തോമസ്: "ഇവിടന്നു ചന്ദ്രനിലേക്കു് എത്ര ദൂരംവരും അപ്പാ?"

പിതാവു്: "ആവോ, എനിക്കറിഞ്ഞുകൂടാ."

തോമസ്: "എന്നാൽ അപ്പനു അറിയാൻ മേലാത്തതിനു സാറു നാളെ എന്നെ തല്ലിയാൽ ഞാൻ കുററക്കാരനല്ല."

* * *

കന്യാസ്ത്രീ: 'നമ്മുടെ വലത്തെ കരണത്തിൽ അടിക്കുന്നവനു് നമ്മൾ ഇടത്തെ കരണവും കാണിച്ചുകൊടുക്കണം. ഇപ്പോൾ ജോസിനെ ഒരാൾ ഒന്നിടിച്ചാൽ ജോസ് എന്തുചെയ്യും?"

ജോസ്: "എന്നെക്കാൾ വലിയ ആളോ ചെറിയ ആളോ?"

* * *

ഒരാൾ പത്രമാഫീസിലേക്കു ഫോൺ വിളിക്കയാണു്:

"ഹലോ, പത്രാധിപരല്ലേ അതു്?"

"അതെ, എന്തുവേണം?"

"നിങ്ങൾ സൂക്ഷിച്ചുകൊള്ളുക; നിങ്ങളുടെ ഇന്നലത്തെ പത്രത്തിൽ എന്റെ മരണവാർത്ത പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതായി ഞാൻ കണ്ടു."

"അയ്യോ! നിങ്ങൾ ഏതു ലോകത്തുനിന്നാണു വിളിക്കുന്നതു്?"

* * *

അദ്ധ്യാപകൻ: "എന്താ ജോണി, പഴയ ചരിത്രപാഠങ്ങളൊന്നും പഠിക്കാറില്ല അല്ലേ?"

ജോണി: "ഇല്ല സാർ; കഴിഞ്ഞകൊല്ലം തോററപ്പോൾ സാറു പറഞ്ഞതു് കഴിഞ്ഞുപോയതെല്ലാം പോകട്ടെ, ഇനി വരാൻപോകുന്നതിനെപ്പററി ചിന്തിച്ചാൽ മതിയെന്നല്ലേ?"

# ഇൻറർനൺഷ്യോ

## സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച്

(കെ. ററി. സെബാസ്റ്റ്യൻ ബി. എ., ബോംബെ)

ഡൽഹിയിലെ വത്തിക്കാൻ ഇൻറർനൺഷ്യോ ആയ ലിയോ പീററർ കീർക്കൽസിൻെറ ആകാരവിശേഷം ഏതൊരു സന്ദർശകനേയും ഹഠാദാകർഷിക്കത്തക്കതാണ്. ആദ്യസന്ദർശനത്തിൽ തന്നെ നമുക്ക് അദ്ദേഹത്തോട് അസാധാരണമായ ഒരു ബഹുമാനം തോന്നിപ്പോകും. ആദ്ധ്യാത്മികവിഷയങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അദ്ദേഹത്തിൻെറ അതുലമായ ബുദ്ധിപ്രാഭവം നമുക്ക് അനുഭവപ്പെടുന്നതാണ്. അദ്ദേഹത്തിൻെറ ചികിയൊതുക്കിവച്ചിരിക്കുന്ന വെള്ളിപോലെയുള്ള മുടി കാണുന്നനാം വത്തിക്കാൻ സമ്രാട്ടുകളുടെ പ്രത്യേകവിധത്തിലുള്ള കേശസംവിധാനത്തെയാണ് ഓർത്തുപോവുക. അദ്ദേഹത്തിൻെറ നയനങ്ങൾ അതുലമായ ഒരു ധിഷണാശക്തിയെ പ്രദ്യോതിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിൻെറ മനനീയനിൽ ദീർഘായുസ്സ് ചില സംവിധാനങ്ങൾ നടത്തിയിട്ടുള്ള ലക്ഷണങ്ങൾ കാണാം. സുന്ദരവും അതിമൃദുലവുമായ അദ്ദേഹത്തിൻെറ ചർമ്മം വിളിച്ചു പറയുന്നു, ബ്രഹ്മചര്യത്തിലും മററു കത്തോലിക്കാ പുരോഹിതാനുഷ്ഠാനങ്ങളിലും അദ്ദേഹം തികഞ്ഞ ഒരഭ്യാസിയാണെന്ന്. അദ്ദേഹത്തിൻെറ സൗമ്യവും ശാന്തസുന്ദരവുമായ സ്വഭാവത്തിനു പുറകിൽ അദ്ദേഹം പ്രതിനിധീകരിക്കുന്ന സഭയുടെ ആദ്ധ്യാത്മികമൂല്യങ്ങളെ തേടിപ്പിടിക്കുന്നതിൽ താൻ നടത്തിയ ഭഗീരഥപ്രയത്നങ്ങൾ ഒളിഞ്ഞുകിടപ്പുണ്ട്.

1882 ഡിസംബർ 12-ാംനു ഹോളണ്ടിൽ ഭൂജാതനായ ഈ തിരുമേനി ബൽജിയത്തിലെ പാഷനിസ്റ്റ് സഭാംഗമായി ചേരുകയും ബൽജിയം, ഫ്രാൻസ്, പാലസ്റ്റൈൻ ഈ സ്ഥലങ്ങളിൽ വൈദികവിദ്യാഭ്യാസം നടത്തുകയും ചെയ്തു. 1906-ൽ ബ്രൂഗസിൽ വച്ച് വൈദികനായി അഭിഷിക്തനായ ഇദ്ദേഹം താമസിയാതെതന്നെ റോമിലെ പാഷനിസ്റ്റ് കോളെജിൽ ഒരു പ്രൊഫസരായി ജോലി ആരംഭിച്ചു. ഇദ്ദേഹത്തിൻെറ ശേഷിച്ച ജീവിതകാലം സംഭവബഹുലമാണ്. 1915-ൽ ഇദ്ദേഹം പാഷനിസ്റ്റ് സഭയുടെ സെക്രട്ടറി ജനറലായി; 1920-ൽ പ്രോകുറേറർ ജനറലും. പ്രോകുറേറർ ജനറൽ എന്ന നിലയിൽ ഇദ്ദേഹം ജനറൽ സുപ്പീരിയറിനോടൊന്നിച്ച് പാഷനിസ്റ്റ് ആശ്രമങ്ങൾ സന്ദർശിക്കുന്നതിനായി ഒരു ഭൂലോകപര്യടനംതന്നെ നടത്തുകയുണ്ടായി. പ്രസ്തുത ഭൂലോകപര്യടനം ഇദ്ദേഹം ഉൾക്കൊള്ളുന്ന സമൂഹത്തെ സംബന്ധിച്ചും ലോകകാര്യങ്ങളെക്കുറിച്ച് പൊതുവിലും പല സംഗതികൾ മനസ്സിലാക്കുന്നതിനു അദ്ദേഹത്തെ സഹായിച്ചുവെന്നു നമുക്കു ന്യായമായി വിചാരിക്കാവുന്നതാണ്. അധികം താമസിയാതെതന്നെ അദ്ദേഹം പാഷനിസ്റ്റ് സമൂഹത്തിൻെറ ജനറൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ടു. താമസിയാതെതന്നെ അദ്ദേഹം മററു പല റോമൻ സന്യാസസമൂഹങ്ങളുടെ കോൺസുലെററർ ആയി ഉയർത്തപ്പെടുകകൊണ്ടു ഈ സമയത്തുതന്നെയും അദ്ദേഹത്തിൻെറ പ്രവർത്തനപരിധി താൻ ഉൾക്കൊണ്ടിരുന്ന സമൂഹത്തിൻെറ താല്പര്യങ്ങളെ അതിക്രമിച്ചിരുന്നു. ജനറൽ സുപ്പീരിയർ ഉദ്യോഗത്തിൻെറ കാലാവധി അവസാനിച്ചു ഉടൻതന്നെ പരിശുദ്ധ സിംഹാസനം അദ്ദേഹത്തെ ഈസ്റ്റിൻഡീസിൻെറ അപ്പസ്തോലിക്ക് ഡലിഗേററായി തെരഞ്ഞെടുക്കുകയുണ്ടായി. 1931-ഏപ്രിൽ 26-ാംനു സലാമിസിൻെറ മെത്രാപ്പോലീത്തായായി അദ്ദേഹം അഭിഷിക്തനായി. 1931-ജൂൺ 30-ാംനു അദ്ദേഹം ബോംബെയിൽ കാലുകുത്തി. അന്നുമുതൽ ഇന്നുവരെയുള്ള 17 സംവത്സരക്കാലമായി അദ്ദേഹം ഇന്ത്യൻ കാര്യങ്ങളിൽ അതിവ്യഗ്രതാലുവായി കഴിഞ്ഞുവരുകയാണ്.

II

ഡൽഹിയിൽനിന്നും പുറപ്പെടുന്ന "ഇന്ത്യൻ ന്യൂസ് ക്രോണിക്കിൾ" എന്ന പത്രം, പി. എൻ. കോൺസ്സെ എന്ന പത്രപ്രതിനിധി ഈയിടെ തിരുമേനിയുമായി നടത്തിയ ഒരു അഭിമുഖസംഭാഷണവിവരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യപ്രശ്നങ്ങളെ സംബന്ധിച്ച് തിരുമേനിക്കുള്ള സുചിന്തിതങ്ങളായ അഭിപ്രായങ്ങൾ പ്രസ്തുത അഭിമുഖസംഭാഷണമദ്ധ്യേ പ്രകാശിതമായിരിക്കുന്നതിനാൽ അതു താഴെ ചേർക്കുന്നു.

ചോ: (കോൺസ്സെ) ക്രിസ്തു ഒരു ചരിത്രപുരുഷനാണെന്നുള്ളതിനു ഏററം വലിയ തെളിവെന്താണ്?

ഉ: (തിരുമേനി) സുവിശേഷങ്ങളായ ചരിത്രലക്ഷ്യങ്ങൾ! വലിയ വിമർശകന്മാർപോലും സമ്മതിക്കുന്നുണ്ട് സുവിശേഷങ്ങൾ മറേറതൊരു ചരിത്രരേഖയുംപോലെതന്നെ വിശ്വസനീയങ്ങളാണെന്ന്. ക്രിസ്തുവിൻെറ സമകാലീനന്മാർതന്നെയാണ് അവയിൽ അതിപ്രധാനങ്ങളായവ രചിച്ചിട്ടുള്ളത്.

ചോ: ക്രിസ്ത്യാനികളെ ക്രിസ്തുവിൻെറ ചൈതന്യമുള്ളവരാക്കിത്തീർക്കുന്നതിനുള്ള ഏററവും സുഗമമായ മാർഗ്ഗം എന്താണെന്നാണ് അങ്ങയുടെ പക്ഷം?

ഉ: അവർ അവരുടെ മതത്തിനു അനുസൃതമായി ജീവിക്കുകയെന്നതുതന്നെ.



ചോ: സാമൂഹ്യസമീകരണത്തിനായിക്കൊണ്ടുള്ള ശക്തിമത്തായ പ്രവർത്തനങ്ങൾ ആരംഭിക്കാതെ ക്രിസ്തുമതത്തിനു കമ്മ്യൂണിസത്തെ നേരിടാമെന്നു അങ്ങു വിചാരിക്കുന്നുണ്ടോ?

ഉ: ഇല്ല. സാമൂഹ്യസമീകരണത്തിനായുള്ള ശക്തി ഉല്പാദിപ്പിക്കുന്നതിനു വേണ്ടി തീക്ഷ്ണമായി പ്രവർത്തിക്കാത്ത പക്ഷം ക്രിസ്തുമതത്തിനു കമ്മ്യൂണിസത്തെ സാരമായവിധത്തിൽ നേരിടാമെന്നു ഞാൻ വിചാരിക്കുന്നില്ല. സമീകരണനടപടികൾ എന്നതുകൊണ്ടു ഞാൻ അർത്ഥമാക്കുന്നതു ധനികവർഗ്ഗം അവരുടെ ധനത്തിൽ പാവങ്ങളെക്കൂടെ ഓഹരിക്കാരാക്കണമെന്നും അങ്ങനെ പാവങ്ങളുടെ ജീവിതത്തോത് ഉയർത്തണമെന്നുമാണ്.

ചോ: അവർക്കതിനു സമ്മതമില്ലെങ്കിലോ?

ഉ: എങ്കിൽത്തന്നെയും ഭീകരപ്രസ്ഥാനങ്ങൾ അവലംബിക്കാവുന്നതല്ല. സ്വസമ്മതത്തോടുകൂടിയും, ഇനി വേണ്ടിവന്നാൽ രാഷ്ട്രത്തിനു നിയമനിർമ്മാണം വഴിയായും, ഇതു സാധിക്കാവുന്നതാണ്.

ചോ: രാഷ്ട്രവും അതിനുള്ള സൗമനസ്യം പ്രദർശിപ്പിക്കുന്നില്ലെങ്കിലോ?

ഉ: അങ്ങനെ വരുമ്പോൾ ജനങ്ങൾ കത്തോലിക്കാസഭയുടെ സാമൂഹ്യപരിപാടികൾക്കനുസൃതമായുള്ള പരിപാടികൾ തയ്യാറാക്കപ്പെടുത്തേണ്ടതാണ്.

ചോ: കത്തോലിക്കാസഭയുടെ സാമൂഹ്യപരിപാടികൾ എന്തൊക്കെയാണ്?

ഉ: ഏതാനും വാക്കുകളിൽ അതു വിശദമാക്കുക സാദ്ധ്യമല്ല. എന്നാൽ, സ്വജീവിതസ്ഥിതിക്ക് അവശ്യം വേണ്ടതിൽ കൂടുതൽ ധനം കൈവശംവച്ചുകൊണ്ടിരിക്കുന്നവർ ആ ധനത്തിനു പാവങ്ങളെക്കൂടി ഓഹരിക്കാരാക്കണമെന്നുള്ളതത്രേ അതിൻെറ കാതൽ.

ചോ: പക്ഷേ അത്യാഗ്രഹികളുടെ ഒരു ഭൂരിപക്ഷത്തോടുകൂടിയ അവർക്കിതിനു സമ്മതം ഇല്ലെങ്കിലോ?

ഉ: തത്വങ്ങൾ പഠിപ്പിക്കുകയും ശരിയായ മാർഗ്ഗമിന്നതാണെന്നു ചൂണ്ടിക്കാണിച്ചുകൊടുക്കുകയും മാത്രമേ ഞങ്ങളാൽ സാദ്ധ്യമാകൂ. ക്രിസ്തുതന്നെയാണെങ്കിലും തത്വങ്ങൾ പ്രസംഗിക്കുകയും അതിനനുസൃതമായി ഒരു ജീവിതം നയിക്കുകയും ചെയ്തു. പക്ഷേ പലരും അദ്ദേഹത്തിൻെറ പന്ഥാവിലൂടെ പോയില്ല.

ചോ: അങ്ങനെയാണെങ്കിൽ മനുഷ്യനു മതത്തിലുള്ള അവസാനശരണവും മതത്തിനു സാമൂഹ്യപരിഷ്കരണത്തിനായുള്ള കഴിവുകളും വളരെ പുറകോട്ടുപോകുന്നല്ലോ? എന്താ അങ്ങനെയല്ലേ?

ഉ: സാമൂഹ്യപരിഷ്കരണത്തിനായുള്ള ഏതൊരു പരിപാടിയും മാർഗ്ഗവും ജനങ്ങളുടെ സ്വീകരണത്തേയും സഹകരണത്തേയും ആശ്രയിച്ചാണല്ലോ ഇരിക്കുന്നതു. ജനങ്ങളുടെ സഹകരണം കൂടാതെ മതത്തിനു സാമൂഹ്യപരിഷ്കരണം നിർവഹിക്കുക സാദ്ധ്യമല്ലെന്നു പരമാർത്ഥങ്ങൾ വിളിച്ചുപറയുന്നു. മനുഷ്യപ്രകൃതി അപ്രകാരമായതുകൊണ്ടു ഇതു അനിവാര്യമാണ്.

ചോ: പക്ഷേ സമുദായഘടന മനുഷ്യൻെറ നിയന്ത്രണത്തിലാണല്ലോ?

ഉ: പൂർണ്ണമായും ആണെന്നു പറഞ്ഞുകൂടാ. സഭക്കു സമുദായത്തിൻെറമേൽ പൂർണ്ണമായ നിയന്ത്രണം ഇല്ല.

ചോ: ഒരു കാലത്തു പാപ്പാധിപത്യരാഷ്ട്രം എന്നൊന്നു നിലവിലുണ്ടായിരുന്നു. പാപ്പാധിപത്യരാഷ്ട്രത്തിൻെറ അധഃപതനത്തിൽനിന്നും എന്തെങ്കിലും അങ്ങു മനസ്സിലാക്കുന്നുണ്ടോ?

ഉ: ശരിയായ വിധം പാപ്പാക്കു ഭരിക്കുവാൻ കഴിയാതെ പോയതുകൊണ്ടല്ല. പിന്നെയോ ഇററലിയുടെ ഏകീകരണത്തിനായുള്ള അക്കാലത്തെ ശ്രമങ്ങൾകൊണ്ടാണ് അതു സംഭവിച്ചതു.

ചോ: ഞാൻ ഇതു ചോദിച്ചതു ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. മതത്തിനു സാമൂഹ്യപരിഷ്കരണാർത്ഥം സാരമായവിധം പ്രവർത്തിക്കുവാൻ കഴിയുമായിരുന്നെങ്കിൽ പാപ്പാധിപത്യരാഷ്ട്രത്തിൻെറ ജനനം അതിനുള്ള ഒരു സുവർണ്ണാവസരം ആയിരുന്നുവല്ലോ.

ഉ: പാപ്പാധിപത്യരാജ്യം മൺമാഞ്ഞുപോയതു മതപരമായോ ധാർമ്മികമായോ ഉള്ള യാതൊരു കാരണത്താലുമല്ല. പിന്നെയോ ഇററലിയരുടെ ഒരു ഏകീകൃതരാഷ്ട്രത്തിനായുള്ള രാഷ്ട്രീയാഭിവാഞ്ഛയാൽ മാത്രമാണ്.

ചോ: പാപ്പാധിപത്യരാഷ്ട്രത്തിൽ ധാർമ്മികമായ അടിസ്ഥാനത്തിൽ യാതൊരു അസ്വാസ്ഥ്യവും ഇല്ലായിരുന്നുവെന്നു പറയുന്നതും മുഴുവൻ വാസ്തവമാണോ?

ഉ: പാപ്പാധിപത്യരാഷ്ട്രത്തെ കൈവശപ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയ വെളിയിൽനിന്നുള്ള ചില ശക്തികളുടെ പ്രോത്സാഹനഫലമായി രാഷ്ട്രീയമായ ചില അസ്വാസ്ഥ്യങ്ങളെല്ലാം അവിടെയുണ്ടായിരുന്നു.

ചോ: സംസ്കാരത്തിൻെറ നിലനില്പിനു സമുദായത്തെ വർഗ്ഗങ്ങളായി തിരിക്കേണ്ടതാവശ്യമാണെന്നു ടി. എസ്. എലിയട്ട് (T. S. Eliat) അഭിപ്രായപ്പെടുന്നു. അങ്ങു അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിക്കുന്നുണ്ടോ?

ഉ: വിഭിന്നങ്ങളായ കഴിവുകളുടെയും ആദർശങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഒരു വിഭജനമാണ് അദ്ദേഹം വിഭാവനചെയ്യുന്നതെങ്കിൽ — അതോടുകൂടിത്തന്നെ അവസരസമത്വം അദ്ദേഹം വകവച്ചുകൊടുക്കുകയും ചെയ്യുന്നുവെങ്കിൽ — അദ്ദേഹത്തിൻെറ അഭിപ്രായത്തോടു ഞാൻ യോജിക്കാം.

ചോ: സ്ഥിതിസമത്വാടിസ്ഥാനത്തിലുള്ള ഒരു സമുദായം അക്കാരണത്താൽ തന്നെ സംസ്കൃതമായിരിക്കുക സാദ്ധ്യമല്ലെന്നു അങ്ങു വിചാരിക്കുന്നുണ്ടോ?

ഉ: "സ്ഥിതിസമത്വാടിസ്ഥാനത്തിലുള്ള ഒരു രാഷ്ട്രം" എന്നതുകൊണ്ടു അർത്ഥമാക്കുന്നതു കഴിവുകളുടെയും സാമർത്ഥ്യത്തിൻെറയും വിവേചനാരാഹിത്യമാണെങ്കിൽ അതു സംസ്കാരത്തോടുതന്നെയുള്ള ഒരു വെല്ലുവിളിയായിരിക്കും. പക്ഷെ യഥാർത്ഥത്തിൽ അങ്ങനെയൊരു സ്ഥിതിസമത്വം ഇല്ല. ഉണ്ടായിരിക്കുക സാദ്ധ്യവുമല്ല. എന്നാൽ അവസരസമത്വമാണ് അതുകൊണ്ടർത്ഥമാക്കുന്നതെങ്കിൽ അതു സംസ്കാരത്തെ പോഷിപ്പിക്കുകതന്നെ ചെയ്യും.

ചോ: സമുദായത്തിൻെറ ധനത്തെ സാഹോദര്യാടിസ്ഥാനത്തിൽ ഒരുമിച്ചുകൂട്ടാതെ മനുഷ്യൻെറ സാഹോദര്യം യഥാർത്ഥീകരിക്കാമെന്നു അങ്ങു വിചാരിക്കുന്നുണ്ടോ?

ഉ: ഇല്ല. എല്ലാവർക്കും ന്യായമായ ഒരു ജീവിതത്തോതു ഉണ്ടാക്കിക്കൊടുക്കുവാനായി സമുദായത്തിൻെറ സ്വത്തുമുഴുവൻ വിഭജിക്കേണ്ടതാവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ചോ: ഈശ്വരൻെറ സ്വതന്ത്രബുദ്ധിയോടും പരമാധികാരത്തോടും മനുഷ്യൻെറ സ്വതന്ത്രബുദ്ധിയേയും പ്രജാധിപത്യത്തേയും ഇണക്കിച്ചേർത്തുകൊണ്ടുപോവുക എങ്ങനെയാണു സാധിക്കുക?

ഉ: തങ്ങൾക്കു പ്രത്യേകമായ സ്വാതന്ത്ര്യത്തോടുകൂടി കല്പനാലോകത്തു വിഹരിക്കുവാനായി ഒരു കലാകാരൻ എങ്ങനെ കഥാപാത്രങ്ങളെ അനുവദിക്കുന്നുവോ അതുപോലെതന്നെ നാമും സ്വതന്ത്രമായി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ ഈശ്വരൻ തിരുമനസ്സായിരിക്കുന്നു.

ചോ: സംഘടിതമതാനുഷ്ഠാനവും ആദ്ധ്യാത്മികസ്വാതന്ത്ര്യവുമായി യാതൊരു മാത്സര്യവും ഇല്ലെന്നു അങ്ങു വിചാരിക്കുന്നുണ്ടോ?

ഉ: സംഘടിതമതത്തെ വേണ്ടവിധത്തിൽ വീക്ഷിക്കുകയാണെങ്കിൽ മാത്സര്യത്തിനുള്ള യാതൊരു കാരണവും കാണുകയില്ല.

ചോ: ബഹുജനങ്ങളുടെ മനസ്സിനെ മതം മത്തുപിടിപ്പിച്ചിട്ടുണ്ടെന്നു അങ്ങു വിചാരിക്കുന്നുവോ?

ഉ: ഇല്ല. നേരെമറിച്ച് നിർമ്മതത്വമാണ് ബഹുജനങ്ങളുടെ മനസ്സിനെ മത്തുപിടിപ്പിച്ചിരിക്കുന്നതു.

ചോ: സഭയുടെ ആദ്ധ്യാത്മികലക്ഷ്യത്തിൽ പലപ്പോഴും അതിൻെറ സ്ഥാപിതതാല്പര്യങ്ങൾ കലർന്നുപോകുന്നുവെന്നും അതു ധനികവർഗ്ഗത്തോടു കൂടുതൽ ചാഞ്ഞിരിക്കുന്നുവെന്നുമുള്ള പൊതുവായ ആക്ഷേപത്തിനു അങ്ങു എന്തു മറുപടിപറയുന്നു?

ഉ: സഭ അതിൻെറ ഭൗതികതാല്പര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നുകൂടി ഒരാക്ഷേപമുള്ളതായി മനസ്സിലാക്കണം. സഭ ഒരു മനുഷ്യസമൂഹമായതുകൊണ്ടു അതിൻെറ സ്ഥാപനങ്ങളുടെ സംരക്ഷണാർത്ഥം ചില ഭൗതികതാല്പര്യങ്ങൾ അതിനുണ്ടായിരിക്കേണ്ടതു ഒരാവശ്യംമാത്രമാണ്. പക്ഷേ ഇതു അതിൻെറ അതിപ്രധാനങ്ങളായ ആദ്ധ്യാത്മികലക്ഷ്യങ്ങളെ സുഗമമാക്കുവാൻവേണ്ടി മാത്രമാണ്.

(പകർപ്പവകാശം)

## പാചകയോഗം

### നെയ്ബിസ്കററ്

(കുടുംബിനി)

ഒരു റാത്തൽ ഗോതമ്പുപൊടി, അര റാത്തൽ പൊടിപ്പഞ്ചസാര, നാഴി പാൽ, മൂന്നു കോഴിമുട്ട, രണ്ടുതുടം നെയ്, നാഴി വെളിച്ചെണ്ണ, അഞ്ചു ഏലക്കായ്, രണ്ടു കരയാമ്പൂ.

നെയ്, മുട്ട, പഞ്ചസാര ഇവ ഒന്നിച്ചു ചേർത്തു നല്ലപോലെ വെട്ടുക. പതഞ്ഞുകഴിയുമ്പോൾ ഏലത്തരി, കരയാമ്പൂ എന്നിവ പൊടിച്ചതും പിന്നീടു പാലും ചേർത്തു വീണ്ടും വെട്ടണം. അതിൽക്കൂടി ഗോതമ്പുപൊടി അരിച്ചു ചേർത്ത് നന്നായി കുഴച്ചശേഷം ഒരു പലകയിൽ വച്ച് റൂൾത്തടികൊണ്ടോ മറേറാ ഘനംകുറച്ചു പരത്തുക. പിന്നീടതു ഒരു കത്തികൊണ്ടു ഏതെങ്കിലും ആകൃതിയിൽ ചെറിയ കഷണങ്ങളായി മുറിച്ചു വെളിച്ചെണ്ണയിൽ ഇട്ടു മൊരിച്ചെടുക്കാം.

## ചോദ്യോത്തരപംക്തി

**ചോ:** ലൂഥറൻ സഭയിലെ ഒരംഗമായ ഞാൻ ആ സഭയിൽ മരണപര്യന്തം നിലനില്ക്കുന്നതാണെന്നു സത്യം ചെയ്തിട്ടുണ്ടു്. ആ സത്യം ലംഘിച്ചു് ഞാനെങ്ങനെയാണു കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതു്?

**ഉ:** കത്തോലിക്കാസഭയാണു മിശിഹാ സ്ഥാപിച്ച ഏകസത്യസഭയെന്നും നിത്യരക്ഷാമാർഗ്ഗമെന്നും നിങ്ങൾക്കു ബോദ്ധ്യമായാൽ അതിലെ അംഗമാകുന്നതിനു നിങ്ങൾക്കു ഗൗരവമായ കടമയുണ്ടു്. ലൂഥറൻ സഭയുടെ അംഗമായി നിന്നുകൊള്ളാമെന്നുള്ള വ്രതം നിങ്ങളുടെ സത്യസഭാപ്രവേശത്തിനു പ്രതിബന്ധമായിക്കൂടാത്തതാകുന്നു. ലൂഥറൻസഭ മിശിഹാ സ്ഥാപിച്ച സഭയല്ല, രക്ഷാമാർഗ്ഗമല്ല എന്നു നിങ്ങൾക്കു ബോദ്ധ്യപ്പെട്ടശേഷം നിങ്ങൾ അതിന്റെ അംഗമായി തുടരുന്നതു പാപമാണല്ലോ. ഒരു സത്യപ്രതിജ്ഞയുടെ വിഷയം പാപകരമാണെങ്കിൽ ആ സത്യപ്രതിജ്ഞ പാലിക്കാൻ കടമയില്ലെന്നു മാത്രമല്ല, അതു പാലിക്കുന്നതുതന്നെ പാപമായി പരിണമിക്കയും ചെയ്യുന്നു.

**ചോ:** എന്റെ മാതാപിതാക്കന്മാർ അനുഷ്ഠിച്ചുവന്നതും, ജന്മനാ എനിക്കു സിദ്ധിച്ചിരിക്കുന്നതുമായ മതത്തിൽത്തന്നെ ഞാൻ ജീവിക്കയും മരിക്കയും ചെയ്താൽ പോരെയോ?

**ഉ:** നിങ്ങളുടെ മാതാപിതാക്കന്മാർ ദരിദ്രന്മാരായിരുന്നുവെന്നിരുന്നാലും നിങ്ങൾ അദ്ധ്വാനംചെയ്തു ധനം സമ്പാദിക്കുന്നതിനു ശ്രമിക്കുന്നതു നിഷിദ്ധമാണെന്നുവരുമോ? നിങ്ങൾക്കു പരമ്പരാഗതമായി ഒരു രോഗം സിദ്ധിച്ചിരുന്നാൽ, അതിനു പ്രതിവിധി ചെയ്യുന്നതു ബുദ്ധിശൂന്യമാണെന്നും പിതാക്കന്മാരോടുള്ള അനാദരവാണെന്നും വല്ലവരും പറയുമോ? അതുപോലെ, നിങ്ങളുടെ മാതാപിതാക്കന്മാർ അനുഷ്ഠിച്ചുവന്ന മതം സാക്ഷാൽ രക്ഷാമാർഗ്ഗമല്ല എന്നു നിങ്ങൾക്കു ബോദ്ധ്യം വന്നാൽ, അതു പരിത്യജിച്ചു് സത്യമതം സ്വീകരിച്ചാൽ അതു ബുദ്ധിശൂന്യമായ പ്രവൃത്തിയാണെന്നോ മാതാപിതാക്കന്മാരോടുള്ള അനാദരവാണെന്നോ പറയുന്നതു നിരർത്ഥകമാണു്. പ്രത്യുത, ഏററവും ബുദ്ധിപൂർവ്വകവും അവശ്യാവശ്യകവുമായ ഒരു കൃത്യമാണതു്. നിങ്ങളുടെ ആത്മരക്ഷ സാധിക്കുന്നതിനുവേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുക എന്നതു നിങ്ങളുടെ സർവ്വപ്രധാനമായ ചുമതലയാണു്. മാത്രമല്ല, മാതാപിതാക്കന്മാരെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിനെക്കാൾ കൂടുതലായി ദൈവത്തെ ആദരിക്കുന്നതിനും സ്നേഹിക്കുന്നതിനും നിങ്ങൾക്കു കടമയുണ്ടു്. വേറൊരു കാര്യംകൂടി ചിന്താർഹമായിരിക്കുന്നു. നിങ്ങളുടെ മാതാപിതാക്കന്മാർക്കു ഒരുപക്ഷെ, അവരുടെമതം രക്ഷാമാർഗ്ഗമല്ലെന്നു ബോദ്ധ്യപ്പെട്ടിരുന്നില്ലായിരിക്കാം. ആ കാരണത്താൽ, ആ മതത്തിൽത്തന്നെ മരണംവരെ നിലനിന്നതിനു് അവരെ പഴിക്കേണ്ടതില്ല. എന്നാൽ നിങ്ങൾ സത്യം ഗ്രഹിച്ചിരിക്കുന്നു. എന്നിട്ടും ആ സത്യത്തെ ആശ്ലേഷിക്കുന്നതിനു വൈമുഖ്യം പ്രദർശിപ്പിക്കുകയോ താമസം വരുത്തുകയോ ചെയ്താൽ നിങ്ങൾ ദൈവസമക്ഷം അപരാധിയും ശിക്ഷാർഹനുമായി ഭവിക്കുന്നു. ഒരുപക്ഷെ, നിങ്ങളുടെമതം രക്ഷാമാർഗ്ഗമാണോ എന്നു സംശയം തോന്നുക മാത്രമേ ചെയ്യുന്നുള്ളായിരിക്കാം. അത്തരം ചുററുപാടിൽ, സത്യമതത്തെപ്പററി അവധാനപൂർവ്വം അന്വേഷണം നടത്തുന്നതിനെങ്കിലും നിങ്ങൾക്കു ചുമതലയുണ്ടു്. നിങ്ങളുടെ മതത്തെപ്പററി നിങ്ങൾക്കു സംശയം ജനിക്കയും കത്തോലിക്കാമതം മാത്രമാണു സത്യമതം എന്നു പലവുരു കേൾക്കയും ചെയ്തതിനുശേഷം "എത്രയൊക്കെയായാലും എനിക്കു എന്റെ മാതാപിതാക്കന്മാരുടെ മതം മതി" എന്നു പറഞ്ഞു സ്വയംതൃപ്തിപ്പെട്ടുകൊണ്ടിരിക്കാൻ നിവൃത്തിയില്ല. ആ ആനന്ദസുഷുപ്തിയിൽനിന്നും ഉണരേണ്ടതു് അത്യന്താപേക്ഷിതമാണു്.

**ചോ:** ഞാൻ കത്തോലിക്കാസഭയിൽ പ്രവേശിച്ചാൽ എന്റെ അമ്മയുടെ ഹൃദയം പൊട്ടുമെന്നു് അമ്മ പറയുന്നു. മാതാപിതാക്കന്മാരെ ബഹുമാനിപ്പാനും അനുസരിപ്പാനും ദൈവം ആജ്ഞാപിച്ചിട്ടുള്ളതല്ലേ?

**ഉ:** ദൈവഹിതത്തിനു വിരുദ്ധമായ രീതിയിൽ മാതാപിതാക്കന്മാരെ അനുസരിപ്പാനും ആദരിപ്പാനും 4-ാം പ്രമാണത്താൽ കല്പിക്കപ്പെടുന്നില്ല. മനസ്സാക്ഷിപ്രകാരം സത്യമതമെന്നു ബോദ്ധ്യമായ മതം സ്വീകരിക്കുന്ന കാര്യത്തിലും, "ജീവിതാന്തസ്സു്" തിരഞ്ഞെടുക്കുന്ന കാര്യത്തിലും മാതാപിതാക്കന്മാരെ അനുസരിപ്പാൻ കടമയില്ല. നിങ്ങളുടെ മാനസാന്തരം മാതാവിനു വേദനാജനകമായി ഭവിച്ചേക്കാം. പക്ഷെ, ദൈവഹിതം അനുവർത്തിക്കുന്നതിനുവേണ്ടി ധൈര്യസമേതം അങ്ങനെയുള്ള ത്യാഗങ്ങൾ അനുഷ്ഠിക്കുന്നതിനു സന്നദ്ധനാകണം. ക്രിസ്തുനാഥൻ അരുളിച്ചെയ്തിരിക്കുന്ന താഴെപറയുന്ന വാക്കുകൾ ശ്രദ്ധേയമാണു്: "എന്നെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതലായി പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോജിച്ചവനല്ല; എന്നെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതലായി മകനെയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോജിച്ചവനല്ല." (മത്തായി 10, 37)

—

പുസ്തകാഭിപ്രായം

### ശോകാനുഭവം

(ക. നി. മൂ. സ. ബ്രോക്കാർദച്ചൻ. എസ്. ജെ. പ്രസ്സ്, മാന്നാനം. പേജ് 105. വില 1 ക)

"Rainbow of Sorrows" എന്ന പേരിൽ മോൺസിഞ്ഞോർ ഫുൾട്ടൺ ജെ. ഷീൻ രചിച്ചിട്ടുള്ള പുസ്തകത്തിന്റെ വിവർത്തനമാണു് ഈ കൃതി. കുരിശിൽനിന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്ത ഏഴുവാക്യങ്ങളുടെ വെളിച്ചത്തിൽ, ജീവിതക്ലേശങ്ങൾ എങ്ങനെ സഹിക്കണമെന്നു പഠിപ്പിക്കുകയാണു ഗ്രന്ഥോദ്ദേശ്യം. അഗാധപണ്ഡിതനും വേദശാസ്ത്രവിശാരദനുമായ മോൺസിഞ്ഞോർ ഷീന്റെ ഭക്തിനിഷ്യന്ദിയായ തൂലികയിൽനിന്നു് ഈ കൃതി ഏവംവിധം ഭംഗിയായി വിവർത്തനംചെയ്തു കൈരളിയെ അനുഗ്രഹിച്ച ബ. ബ്രോക്കാർദച്ചനെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുകയും ചെയ്യുന്നു.

### ഒരഭ്യർത്ഥന

(ഗ്രന്ഥകർത്താ: ഒരു സന്യാസവൈദികൻ. സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്, തിരുവല്ല. പേജ് 33, വില 4 ണ)

"ഭാരതീയരായ അക്രൈസ്തവരോടുള്ള ഒരഭ്യർത്ഥന"യായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ ഗ്രന്ഥം, കത്തോലിക്കാമതത്തിനെതിരായുള്ള അക്രൈസ്തവരുടെ പ്രധാനപ്പെട്ട പല ആക്ഷേപങ്ങൾക്കും വിദഗ്ദ്ധമായ സമാധാനം നല്കിക്കൊണ്ടു് സത്യമതം സ്വീകരിക്കുന്നതിനു് അവരെ ആഹ്വാനം ചെയ്യുന്നു. ഈ ഗ്രന്ഥം വാങ്ങി അക്രൈസ്തവരുടെ ഇടയിൽ സൗജന്യമായി വിതരണം ചെയ്യുന്നതു ഫലപ്രദായകമായ ഒരു പ്രേഷിതവൃത്തിയായിരിക്കും.

### ക്രൈസ്തവസഭകളുടെ പുനരൈക്യം

(ഗ്രന്ഥകർത്താ: ഒരു സന്യാസവൈദികൻ. സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്, തിരുവല്ല. പേജ് 61, വില 8 ണ.)

ക്രിസ്തു ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളുവെന്നു് വേദപുസ്തകം സാക്ഷ്യം വഹിക്കുന്നു. "പത്രോസെ, നീ പാറയാകുന്നു, ഈ പാറമേൽ എന്റെ സഭയെ ഞാൻ സ്ഥാപിക്കും" എന്നാണു് ദിവ്യരക്ഷകൻ അരുളിച്ചെയ്തിരിക്കുന്നതു്. "സഭയെ" എന്നല്ലാതെ "സഭകളെ" എന്നു പറയുന്നില്ല. മാത്രമല്ല, മേഷാലയത്തോടും രാജ്യത്തോടും സഭയെ അവിടുന്നു് ഉപമിക്കുന്നുണ്ടു്. ആ അവസരങ്ങളിലെല്ലാം അവിടുന്നു ഏകവചനമാണു പ്രയോഗിച്ചിട്ടുള്ളതു്. ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭ കത്തോലിക്കാസഭയാണെന്നതു്, വേദപുസ്തകസാക്ഷ്യങ്ങളുടേയും ചരിത്രത്തിന്റേയും വെളിച്ചത്തിൽ അനിഷേധ്യമായ ഒരു വാസ്തവമായി പരിലസിക്കയും ചെയ്യുന്നു. മററു സഭകൾ പിന്നെ എങ്ങനെയുണ്ടായി? അവയെല്ലാം ഓരോരോ കാലങ്ങളിൽ ആവിർഭവിച്ചിട്ടുള്ള "വ്യാജപ്രവാചകന്മാർ" സൃഷ്ടിച്ചിട്ടുള്ളവയാണു്. പലരും അവരാൽ വഞ്ചിക്കപ്പെട്ടുപോയിട്ടുമുണ്ടു്. സത്യസഭയിലേക്കു പിന്തിരിയുന്നതിനു് അവർക്കു ഗൗരവമായ കടമയുണ്ടെന്നുള്ളതിനു സംശയമില്ലല്ലോ. ഈ സംഗതി യുക്തിയുക്തം ചൂണ്ടിക്കാണിക്കുകയാണു് നിഷ്പ്രപഞ്ചവിഷയമായ ഗ്രന്ഥംകൊണ്ടു് തൽകർത്താവു് സാധിച്ചിട്ടുള്ളതു്. കത്തോലിക്കാ സഭയ്ക്കു പുറമെ രക്ഷയുണ്ടോ, ക്രൈസ്തവസഭയ്ക്കു സഹോദരീസഭകൾ ഉണ്ടാകാൻ പാടില്ലയോ, പത്രോസിന്റെ പിൻഗാമികൾ ആരാണു്, രക്ഷപ്രാപിക്കാൻ വേദപുസ്തകം മാത്രം പോരെയോ, കത്തോലിക്കർപുരോഹിതരുടെ അടിമകളാണോ, ശുദ്ധീകരണസ്ഥലം എന്നുവച്ചാൽ എന്താണു്, നിത്യനരകമുണ്ടോ, കൂദാശ എന്നുവച്ചാൽ എന്താണു്, നോമ്പു്, ഉപവാസം മുതലായവ ആവശ്യമാണോ, "റീത്തു്" എന്താണു്, അമലോത്ഭവം എന്നാലെന്തു്, കൊന്തയും വെന്തിങ്ങയും മററും എന്തിനു് എന്നിങ്ങനെ അകത്തോലിക്കാ ക്രിസ്ത്യാനികൾ ഉന്നയിക്കാറുള്ള 25 ചോദ്യങ്ങൾക്കു തൃപ്തികരമായ സമാധാനം ഗ്രന്ഥകാരൻ നല്കിയിരിക്കുന്നു. നിഷ്പക്ഷബുദ്ധിയോടുകൂടി ഈ പുസ്തകം വായിക്കുന്ന അകത്തോലിക്കരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനു ഇതു സഹായകമാകാതിരിക്കയില്ല. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കയും ഇതു പ്രചരിപ്പിക്കുന്നതിനു സത്യദീപം വായനക്കാർ യഥാശക്തി പരിശ്രമിക്കണമെന്നു ഉൽബോധിപ്പിക്കുകയും ചെയ്യുന്നു.

P. I. J.

## സമരഗീതി *

എകു ദീലുരക ടുക്കടെ ഹസാർഹ്രരവ. എ. മ. (പ്യാർകീ ജീത്ത്-ഹിന്ദി)

പല്ലവി

അണി നിരന്നു നമിപ്പിൻ സഖാക്കളെ!
മേരി പദാംബുജം—താപസംഹാരകം (അണി
നമുക്കാദരവോലും—ജനനിപദം (മേരി

അ. പല്ലവി

ഭീകര രണ്ണിനികടേ—ധീരതയോടിനി
നാമടരാടണം—വീരരെ!
വരുമാശു ജയം—കരമണഞ്ഞിടുമെ (മേരി

ചരണങ്ങൾ

1 മേരീ തനുജ—സൈന്യസമൂഹം നാം
നിരനിരന്നുണർവൊടു വന്നാലും
അജസൂനവിനി ഭുവി നേടുക നാം (മേരി
2 സ്നേഹോജ്ജ്വലമാം—ജീവിതസരണി നാം-
തേടണമവനിയിലാമോദം
മഹി ഭാസുരമാമൊളി വീശിടുമെ (മേരി
3 ത്യാഗം, സഹനം—ജപ, തപ, ദാനമീ-
യായുധമേന്തി ഭയഹീനം
ഇനി മടിയാതടർനിലമണയുക നാം (മേരി
4 വീറോടിരുളിൻ—കാഹള ഭേരികൾ
പടയണിപടഹമിതാ! കേൾപ്പിൻ!!
കഴിവോ? ഇനിയലസത? ഏതാവോ? (മേരി
5 മായാവിമോഹ—വൈരികളാരൊട്ടും
നേരിടും നാമിതനായാസം
വരുമാശു ജയം കരമണഞ്ഞിടുമെ (മേരി
6 ആശാപ്രദീപം—മേരിതൻ നാമമൊ!!
നവ നവ ജീവ സുധാപാനം
രണ ഗീതിയിതു ജയമരുളിടുമെ (മേരി

(ഫാ. ജേക്കബ് കല്ലറയ്ക്കൽ)

* മരിയ സഖ്യാംഗങ്ങളുടെ പരേഡിനു ഉപയോഗിക്കാവുന്നതു്.

### നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 രാജാക്കന്മാരുടെ 3-ാം പുസ്തകം 10-ാം അദ്ധ്യായത്തിൽ, സ്ലോമോൻ പണികഴിച്ച മഹാസിംഹാസനത്തെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. അതു ദന്തം കൊണ്ടു നിർമ്മിച്ചു് സ്വർണ്ണംപതിച്ചു് അലങ്കരിച്ചിരുന്നു. അതിലേക്കു കയറുവാൻ ആറു പടികൾ തയ്യാറാക്കി ഓരോന്നിലും ഈരണ്ടു സിംഹത്തവിതം പണുതു വച്ചിരുന്നു. സിംഹാസനത്തിന്റെ രണ്ടു കൈയിലും ഓരോ സിംഹംവീതമുണ്ടായിരുന്നു. ഇതുപോലെ ഒരു സിംഹാസനം വേറൊരു രാജ്യത്തും ഉണ്ടായിരുന്നില്ല എന്നു വേദപുസ്തകത്തിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടു്. ഈ സിംഹാസനം നിത്യവിജ്ഞാനത്തിന്റെ ഇരിപ്പിടമായ പരിശുദ്ധമറിയത്തിന്റെ സാദൃശ്യം വഹിക്കുന്നു. (കൂടുതൽ വിവരങ്ങൾക്കു സത്യദീപം 21-ാം പുസ്തകം 22-ാം ലക്കം 7-ാം പേജു നോക്കുക.)

2 നോഹിന്റെ കാലത്തെ ജലപ്രളയത്തിനുശേഷം, മേലാൽ അപ്രകാരം ലോകത്തെ നശിപ്പിക്കയില്ല എന്നതിന്റെ അടയാളമായി ദൈവം മഴവില്ലിനെ രൂപവൽക്കരിച്ചതായി നാം വേദപുസ്തകത്തിൽ വായിക്കുന്നുണ്ടല്ലോ. മഴവില്ലു ലക്ഷ്യംവഹിക്കുന്ന പ്രസ്തുത വാഗ്ദാനത്തെക്കാൾ അനുഗ്രഹസമ്പന്നവും രക്ഷാകരവുമായ വാഗ്ദാനങ്ങളെപ്പററി മറിയം നമുക്കറപ്പുനല്കിയിരിക്കുന്നതിനാൽ അവിടുന്നു യഥാർത്ഥത്തിൽ മനോഹരമായ ഒരു മേഘവില്ലാണു്.

3 മൂശ ഹോറെബ്ബ് മലയിൽ ഒരു മുൾപ്പടർപ്പിനുള്ളിൽ തീ കത്തുന്നതായും എന്നാൽ ആ മുൾപ്പടർപ്പു ദഹിക്കാതിരിക്കുന്നതായും കണ്ടു. ആ മുൾപ്പടർപ്പിനുള്ളിൽനിന്നാണു ദൈവം സംസാരിച്ചതു്. അതുപോലെ ദൈവമായ ഈശോ പരിശുദ്ധ കന്യകാമറിയത്തിൽനിന്നു പ്രത്യക്ഷപ്പെട്ടു. കൂടാതെ, തീ കത്തിക്കൊണ്ടിരുന്നെങ്കിലും എരിഞ്ഞു വീഴാതിരുന്ന മുൾച്ചെടി, കന്യാത്വത്തിനു ഭംഗം വരാതെയുള്ള മറിയത്തിന്റെ മാതൃത്വത്തെ അനുസ്മരിപ്പിക്കുന്നു. വീണ്ടും, ദൈവസ്നേഹാഗ്നിയിൽ നിരന്തരം ഉജ്ജ്വലിച്ചിരുന്ന മറിയം ആ സ്നേഹപാരവശ്യത്തിൽപ്പെട്ടു മരിക്കാതിരുന്നതും, അഗ്നിയിൽ മുൾച്ചെടി ദഹിക്കാതിരുന്നതുപോലെയുള്ള ഒരത്ഭുതമാണു്.

പഴയനിയമത്തിന്റെ

### കൈയെഴുത്തുപ്രതികൾ

പഴയനിയമത്തിന്റെ 4 കൈയെഴുത്തുപ്രതികൾ ചാവുകടലിനു സമീപമുള്ള ഒരു ഗുഹയിൽനിന്നും ആട്ടിടയന്മാർ കണ്ടെടുക്കുകയും ജറുസലത്തെ സെൻറ് മാർക്കസ് ആശ്രമത്തിന്റെ അധിപനെ ഏല്പിക്കയും ചെയ്തിരിക്കുന്നതായി ഒരു ജറുസലം സന്ദേശത്തിൽ കാണുന്നു. ആ ആട്ടിടയന്മാർതന്നെ മുന്നൊരവസരത്തിൽ, ഭരണികളിൽ നിക്ഷിപ്തമായ പഴയനിയമത്തിന്റെ ചില ഭാഗങ്ങളും കണ്ടെടുത്തിട്ടുള്ളതാണു്. ഈ പുരാതനലിഖിതങ്ങൾക്കു 2250 കൊല്ലങ്ങളോളം പഴക്കമുണ്ടെന്നു പറയപ്പെടുന്നു.

# പരിഷ്കരിച്ച പ്രാർത്ഥനകൾ

[പരിഷ്കരിച്ച പ്രാർത്ഥനാമാതൃകകളെപ്പററിയുള്ള പണ്ഡിതാഭിപ്രായങ്ങളും നിർദ്ദേശങ്ങളും നവംബർ 15-ാംനു-ക്കു മുമ്പായി കൊല്ലം മെത്രാൻ തിരുമനസ്സിലെ പേക്ക് അയച്ചുകൊടുക്കാനപേക്ഷ.]

## 15 വിശ്വാസപ്രകരണം

എന്റെ ദൈവമേ, അങ്ങേ കത്തോലിക്കാതിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന തിരുസത്യങ്ങളെല്ലാം ഞാൻ ദൃഢമായി വിശ്വസിക്കുന്നു; എന്തുകൊണ്ടെന്നാൽ വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും വഹിയാത്ത അങ്ങുതന്നെ അവ വെളിപ്പെടുത്തിയിരിക്കുന്നു.

## 16 ശരണപ്രകരണം

എന്റെ ദൈവമേ, അങ്ങു സർവശക്തനും അനന്തദയാലുവും വാഗ്ദാനങ്ങൾ പാലിക്കുന്നവനുമാകുന്നു; ആകയാൽ ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ യോഗ്യതകളാൽ പാപമോചനവും, വരപ്രസാദത്തിന്റെ സഹായവും, നിത്യജീവിതവും എനിക്കു കിട്ടുമെന്നു ഞാൻ ശരണപ്പെടുന്നു.

## 17 സ്നേഹപ്രകരണം

എന്റെ ദൈവമേ, അങ്ങു സർവനന്മസ്വരൂപനും അനന്തസ്നേഹത്തിനു യോഗ്യനുമാകുന്നു; ആകയാൽ എന്റെ പൂർണ്ണഹൃദയത്തോടുകൂടെ എല്ലാവസ്തുക്കളിലും ഉപരിയായി അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങയോടുള്ള സ്നേഹത്തെപ്രതി മററുള്ളവരെയും എന്നെപ്പോലെ ഞാൻ സ്നേഹിക്കുന്നു. എന്നെ ഉപദ്രവിച്ചിട്ടുള്ള എല്ലാവരോടും ഞാൻ ക്ഷമിക്കുന്നു. ഞാൻ ഉപദ്രവിച്ചിട്ടുള്ള എല്ലാവരോടും ഞാൻ മാപ്പു അപേക്ഷിക്കുകയും ചെയ്യുന്നു.

## 18 മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏററം നല്ലവനും എല്ലാററിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരായി പാപം ചെയ്തതിനാൽ പൂർണ്ണഹൃദയത്തോടുകൂടി ഞാൻ മനസ്തപിക്കുകയും എന്റെ പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി, നരകത്തിനു അർഹനായിത്തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങേ വരപ്രസാദത്തിന്റെ സഹായത്താൽ പാപഹേതുക്കളെ ഉപേക്ഷിച്ച്, മേലിൽ പാപം ചെയ്കയില്ലെന്നു ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുന്നതിനുമുമ്പ് മരിക്കുവാനും ഞാൻ സന്നദ്ധനായിരിക്കുന്നു ആമേൻ.

## 19 കാരുണ്യപ്രവൃത്തികൾ പതിനാല്

എ—ശാരീരികമായവ ഏഴ്

1 വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുന്നത്.

2 ദാഹിക്കുന്നവർക്കു കുടിക്കാൻ കൊടുക്കുന്നത്.

3 ഉടുക്കാൻ ഇല്ലാത്തവർക്കു വസ്ത്രം കൊടുക്കുന്നത്.

4 പാർപ്പിടമില്ലാത്തവർക്കു പാർപ്പിടം കൊടുക്കുന്നത്.

5 രോഗികളെയും ബന്ധനസ്ഥരെയും സന്ദർശിക്കുന്നത്.

6 അടിമകളെ മോചിക്കുന്നത്. (1)

7 മരിച്ചവരെ അടക്കുന്നത്.

ബി—ആത്മികമായവ ഏഴ്.

1 അറിവില്ലാത്തവരെ പഠിപ്പിക്കുന്നത്.

2 സംശയഗ്രസ്തരുടെ സംശയം തീർത്തുകൊടുക്കുന്നത്.

3 ദുഃഖിതരെ ആശ്വസിപ്പിക്കുന്നത്.

4 തെററുചെയ്യുന്നവരെ തിരുത്തുന്നത്.

5 ദ്രോഹങ്ങളെ ക്ഷമിക്കുന്നത്.

6 അന്യരുടെ ന്യൂനതകളെ ക്ഷമയോടുകൂടി സഹിക്കുന്നത്.

7 ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നത്.

## 20 മനുഷ്യന്റെ അന്ത്യങ്ങൾ നാല്

1 മരണം.

2 വിധി.

3 നരകം.

4 സ്വർഗ്ഗം.

(1) മോചിപ്പിക്കുന്നത്.

---

പ്രഭാഷണം

# കഥയുള്ള കഥ

"ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു നീ തരിക" കർതൃപ്രാർത്ഥനയിലെ നാലാം യാചന).

"കർത്താവ് എന്റെ വെളിച്ചവും രക്ഷയുമാകകൊണ്ടു ഞാൻ ആരെ ഭയപ്പെടും? കർത്താവ് എന്റെ ജീവന്റെ സംരക്ഷകനാകകൊണ്ടു ഞാൻ എന്തിനു ഭയപ്പെടും?" (Ps. XXVI)

സെർവിയ രാജ്യത്തു പ്രചുരപ്രചാരത്തിലിരിക്കുന്ന ഒരു നാടോടിക്കഥയുടെ രത്നച്ചുരുക്കമാണ് താഴെ ചേർക്കുന്നത്. സമ്പൽസമൃദ്ധിയുടെ സമാശ്ലേഷമനുഭവിച്ചിട്ടില്ലാത്ത ഒരു ചെറുകുടിലിൽ ഒരു സാധുവിധവ ആസന്നമരണയായിക്കിടന്നിരുന്നു. അപ്പോൾ ദൈവം മിഖായേൽ മുഖ്യദൂതനെ വിളിച്ച് ആ വിധവയുടെ ആത്മാവിനെ ശരീരത്തിൽനിന്ന് വേർപെടുത്തി തന്റെ തിരുമുമ്പിൽ ഹാജരാക്കുവാൻ കല്പിച്ചു. ഉടനെ മിഖായേൽ തന്റെ വെള്ളച്ചിറകുകൾ വിരിച്ച് ആകാശപ്പരപ്പിൽക്കൂടി അസ്ത്രസമാനം ആ ചെറുകുടിലിൽ എത്തി. എന്നാൽ അവിടെക്കണ്ട കാഴ്ച ആ ദൂതപ്രവരനെ നിറുത്തിച്ചിന്തിപ്പിച്ചു. കാരണം, രണ്ടു കൊച്ചു തങ്കക്കുടങ്ങൾ—ആ സാധ്വിയുടെ അരുമക്കിടാങ്ങൾ—ആ മരണക്കട്ടിലിനെ കെട്ടിപ്പുണർന്നുകൊണ്ടു നിന്നിരുന്നു. അനുകമ്പയാൽ ചഞ്ചലചിത്തനായ ദൂതമുഖ്യൻ വെറുംകൈയോടെ ദൈവതിരുസന്നിധിയിൽ ഹാജരായി ഇപ്രകാരമുണർത്തിച്ചു: "സ്വാമിൻ, അങ്ങയുടെ കല്പന നിർവ്വഹിക്കുവാൻ ഞാൻ ഉദ്യുക്തനായി. എന്നാൽ, ആ സാധ്വിയുടെ രണ്ടു പിഞ്ചുകുഞ്ഞുങ്ങളെ കണ്ടപ്പോൾ എനിക്കു വലിയ സഹതാപം തോന്നി. ഞാൻ വെറുംകൈയോടെ മടങ്ങിവന്നിരിക്കുന്നു. അവർ മരിച്ചാൽ പിന്നെ ആരാണ് ആ അരുമസന്താനങ്ങളെ സംരക്ഷിക്കുവാനുള്ളത്?" ഉടനെ ദൈവം അരുളിച്ചെയ്തു: "മിഖായേൽ, നീ ഝടുതിയിൽ സമുദ്രത്തിന്റെ അടിത്തട്ടിലെ അത്യഗാധതലത്തിൽ ചെന്നു നോക്കുക. അവിടെ വൃത്താകാരത്തിലുള്ള ഒരു ചെറിയ കല്ലിൻകഷണം കാണും. അതിവിടെ കൊണ്ടുവരിക." മിഖായേൽ ഒരു ഞൊടിയിടകൊണ്ട് ആ ശിലാശകലം ദൈവതിരുമുമ്പിൽ എത്തിച്ചു. നോക്കിയപ്പോൾ, ആശ്ചര്യം! രണ്ടു പുഴുക്കുഞ്ഞുങ്ങൾ ആ കല്ലിന്മേൽ ഇഴഞ്ഞുകൊണ്ടിരുന്നു. ദൈവം മിഖായേലിനോടു ചോദിച്ചു: "ആരാണ് ഇവയെ സംരക്ഷിക്കുന്നത്?" മിഖായേൽ ലജ്ജിച്ച് തലതാഴ്ത്തി ഇതികർത്തവ്യതാമൂഢനായി നിന്നുപോയി. ദൈവത്തിന്റെ ഗംഭീരസ്വരം ഉടനെ മുഴങ്ങി: "ആകയാൽ ആ വിധവയുടെ അനാഥശിശുക്കളെക്കുറിച്ച് നീ ഉൽകണ്ഠിതനാകേണ്ട ആവശ്യമില്ല. ഞാൻതന്നെയാണ് അവയെ സംരക്ഷിക്കുക. നീ എന്റെ കല്പനകളെ അനുസരിച്ചാൽ മാത്രം മതി."

സങ്കല്പസാഗരത്തിൽനിന്നും കടഞ്ഞെടുത്ത ഒരു കഥാരത്നമാണിത്. എന്നാൽ ഇതൊരു കഥയുള്ളകഥയാണെന്നു ആലോചനാശീലന്മാർക്കു മനസ്സിലാക്കാൻ കഴിയും. സർവ്വജീവജാലങ്ങൾക്കും സംരക്ഷണവും ജീവസന്ധാരണമാർഗ്ഗങ്ങളും നൽകി പരിപാലിച്ചുവരുന്നത് ജഗൽപിതാവായ ദൈവമാണെന്നും, ഏററവും നിസ്സാരമായ ഒരു പുഴുക്കുഞ്ഞിനെപ്പോലും അങ്ങേ സംരക്ഷണാവലയം ആശ്ലേഷിക്കുന്നുണ്ടെന്നും ഇതിൽനിന്നു നാം ഗ്രഹിക്കുന്നു. ജീവിതക്ലേശങ്ങളിൽ ഇതു നമുക്കു എത്രയോ ആശ്വാസപ്രദമായ ഒരു ചിന്തയാണ്! ഒരു ദൈവമുണ്ട് എന്നു പറയുമ്പോൾത്തന്നെ സകലത്തേയും പരിപാലിക്കുന്ന ഒരു ദൈവമുണ്ട് എന്നല്ലയോ നാം ധരിക്കുന്നത്? എന്തുകൊണ്ടെന്നാൽ തന്റെ സൃഷ്ടികളുടെ പരിപാലനയിൽ ഉദാസീനനായിരിക്കുന്ന ഒരു സ്രഷ്ടാവിനെക്കുറിച്ച് വിചാരിക്കുകപോലും നമുക്കു സാദ്ധ്യമല്ല. ദൈവം തന്റെ എല്ലാ സൃഷ്ടികളെക്കുറിച്ചും ജാഗരൂകനായിരിക്കുന്നു. അവയെ സംരക്ഷിക്കുന്നതിൽ അവിടുന്ന് ഒരിക്കലും ക്ലാന്തമനസ്കനാകുന്നില്ല. അങ്ങേ അറിവുകൂടാതെ അന്തരിക്ഷത്തിൽ പറന്നു വിഹരിക്കുന്ന പക്ഷികളിലൊന്നുപോലും താഴെ വീഴുകയോ, നമ്മുടെ ശിരസ്സിലെ ഒരൊററ രോമംപോലും കൊഴിഞ്ഞുപോകയോ ചെയ്യുന്നില്ല. ജീവസന്ധാരണത്തിന് അവശ്യം വേണ്ടവയെ നൽകണമെന്നുള്ള ഉദ്ദേശ്യംപോലുമില്ലാതെയാണ് ദൈവം നിന്നെ സൃഷ്ടിച്ചിട്ടുള്ളതെന്നു വിചാരിക്കുവാൻ യാതൊരു ന്യായവുമില്ല. സ്വപ്രജകളെ നിഷ്കരുണം മർദ്ദിക്കുന്ന ഒരു പ്രജാപീഡകനോ ദൈവം! അല്ലെങ്കിൽ ജനിച്ചുകഴിയുമ്പോൾത്തന്നെ സ്വന്തം കുഞ്ഞുങ്ങളെ അത്യാർത്തിയോടെ ഭക്ഷിച്ചുകളയുന്ന ബീഭത്സസത്വങ്ങൾക്കു തുല്യനായിരിക്കുമൊ, അവിടുന്ന്? അതുമല്ലെങ്കിൽ ആഫ്രിക്കയിലെ മ്ലേച്ഛവർഗ്ഗക്കാർ ആരാധിച്ചുപോരുന്ന പ്രാകൃതികദേവതകളിൽ ഒരാളാണൊ ഈശ്വരൻ? ഇപ്രകാരമുള്ള ഒരു ദൈവത്തിലല്ല നാം വിശ്വസിക്കുന്നത്. പിതൃവാത്സല്യവും സന്താനസംരക്ഷണോൽകണ്ഠയും ഒരു ഭൗമികപിതാവിൽ നാം ദർശിക്കുന്നുണ്ടെങ്കിൽ അവ അനന്തമായവിധത്തിൽ ദൈവത്തിലും നമുക്കു ദർശിക്കാം. സകല മനുഷ്യർക്കും മാത്രമല്ല ഏററവും നിസ്സാരമായ ഒരു പ്രാണിക്കുപോലും മാനമായി ജീവിക്കുന്നതിനാവശ്യമുള്ള സകല സമ്പൽസമൃദ്ധിയും ദൈവം ഭൂമിയിൽത്തന്നെ നിക്ഷേപിച്ചുതന്നിട്ടുണ്ട്. ഇതു നാം ഗ്രഹിച്ചുകൊണ്ട് വിനീതമായി പുത്രവാത്സല്യത്തോടുകൂടെ "ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു തരിക" എന്നു നമുക്കു പ്രാർത്ഥിക്കാം.

ജീവസന്ധാരണത്തിനുള്ള വ്യഗ്രത കൂടിക്കൂടി വരുന്നു; ഭക്ഷണപ്രശ്നം നമ്മെയെല്ലാം ഞെരിച്ചുനോക്കുന്നു. തന്നിമിത്തം ഉള്ളുരുകിക്കൊണ്ടുതന്നെ നാം ഈ അർത്ഥനയെ ഉരുവിടേണ്ടിയിരിക്കുന്നു. സകല സൃഷ്ടിജാലങ്ങൾക്കും സുഖമായി ജീവിക്കുവാനുള്ള സീമയററ സമ്പത്തു ദൈവം ജഗത്തിൽ വിതച്ചിട്ടുണ്ടെങ്കിലും പട്ടിണിപ്പിശാചിന്റെ പേക്കൂത്തുകൾ നമുക്കു നിത്യാനുഭവങ്ങളാണ്. എന്നാൽ, ചുരുക്കംപേർമാത്രം സുഭിക്ഷതയിൽ ആറാടുകയും ഭൂരിപക്ഷം ജനങ്ങളും അരപ്പട്ടിണിയും മുഴുപ്പട്ടിണിയുമായി ക്ലേശിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതു ദൈവത്തിന്റെ കുററമല്ല. ഇക്കഴിഞ്ഞ മഹായുദ്ധകാലത്തു കൽക്കത്തയിൽ പത്തു ലക്ഷത്തോളം ജനങ്ങൾ പട്ടിണിയാൽ മരിച്ചപ്പോൾ, അന്നത്തെ ഇന്ത്യാ സ്റ്റേയിററ് സിക്രട്ടറിയായിരുന്ന ആമെറിപ്രഭു കോമൺസ്സ്സഭയിൽ പറഞ്ഞുവത്രെ അതു ദൈവനിശ്ചയമായിരുന്നുവെന്നു്. ഭക്തരായി പരിഗണിക്കപ്പെടുന്ന ചില കത്തോലിക്കാസമ്പന്നന്മാർപോലും അഭിപ്രായപ്പെടാറുണ്ട്, പട്ടിണിക്കാരും യാചകന്മാരും ആ നിലയിൽത്തന്നെ കഴിഞ്ഞുകൂടണമെന്നാണു ദൈവനിശ്ചയമെന്നു്. ഈ തക്കം നോക്കി വിപ്ലവകക്ഷിക്കാരും "പുരോഗമന"ക്കാരും, പട്ടിണിപ്പാവങ്ങളെ പട്ടിണിയിടുന്ന ദൈവം ക്രൂരനും കണ്ണിൽ ചോരയില്ലാത്തവനുമായ ഒരു ഭയങ്കരസത്വമാണെന്നും അഥവാ അങ്ങനെ ഒരാൾതന്നെ വെറും സങ്കല്പസൃഷ്ടിമാത്രമാണെന്നും തട്ടിവിട്ടുകൊണ്ട് ദൈവവിശ്വാസം മനുഷ്യഹൃദയങ്ങളിൽനിന്നു നിഷ്കാസനം ചെയ്യാൻ പണിപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ദൈവം സകലർക്കും ജീവസന്ധാരണത്തിനാവശ്യമുള്ള ഭക്ഷ്യപദാർത്ഥങ്ങൾ ഭൂമിയിൽത്തന്നെ നിക്ഷേപിച്ചിട്ടുണ്ട്. പക്ഷെ, ചിലരുടെ സ്വാർത്ഥതയും അക്രമവും ധനതൃഷ്ണയുംമൂലം ഇതു സകലർക്കും ന്യായമായ തോതിൽ ലഭിക്കാതെ വരുന്നുണ്ടായിരിക്കാം. അതു മനുഷ്യരുടെ കുററമാണ്. "നിങ്ങൾ ആദ്യമായിത്തന്നെ ദൈവരാജ്യത്തേയും അങ്ങേ നീതിയേയും അന്വേഷിപ്പിൻ അപ്പോൾ ശേഷമുള്ളതെല്ലാം നിങ്ങൾക്കു കൂട്ടി നല്കപ്പെടും" എന്നു നമ്മുടെ ദിവ്യരക്ഷകൻ വാക്കുതന്നിട്ടുണ്ട്. ദൈവത്തേയും അങ്ങേ നീതിയേയും നാം ആരായുകയും ആദരിക്കയും ചെയ്യുന്നുണ്ടോ? കുറെ ദിവസങ്ങൾക്കുമുമ്പ് ദൽഹിയിലെ ഇന്ത്യൻ നിയമനിർമ്മാണസമിതിയിൽ ദൈവം ഒരു പരിഹാസവിഷയമാക്കപ്പെടുകയല്ലെ ചെയ്തതു്? ഐക്യരാഷ്ട്രസമിതിയിലും ഇന്ത്യൻ ഭരണഘടനയിലും ദൈവനാമം തിരസ്കൃതമായില്ലേ? സമുദായഗാത്രത്തിന്റെ ശിരസ്സായ ജനകീയനേതാക്കന്മാർ ഇപ്രകാരം വർത്തിക്കുമ്പോൾ എങ്ങനെ ലോകത്തിൽ സുഭിക്ഷതയും സമാധാനവുമുണ്ടാകും?

ഒരു കാര്യം ഇവിടെ പ്രത്യേകം സ്മർത്തവ്യമായിട്ടുണ്ട്. അന്നന്നത്തെ അപ്പം ദൈവത്തോടു യാചിച്ചതിനുശേഷം നാം കൈയുംകെട്ടിയിരുന്നാൽ പോരാ. ആകാശത്തിലെ പറവകളെ ദൈവം തീററിപ്പോററുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അവിടുന്നു ഭക്ഷണസാധനങ്ങൾ അവയുടെ കൂടുകളിൽ വെച്ചുകൊടുക്കുന്നില്ല. അവ തന്നെ പോയി ആഹാരങ്ങൾ അന്വേഷിക്കുന്നു. ദൈവം വിളവുകളെ ഫലസമൃദ്ധമാക്കുന്നു; എന്നാൽ, വിതയ്ക്കാതെ അവ മുളയ്ക്കുകയില്ല, പാകംചെയ്യാതെ ഭക്ഷണയോഗ്യവുമാകുന്നില്ല. വനാന്തരങ്ങളിൽ വൃക്ഷങ്ങളും ഭൂമിയുടെ അന്തർഭാഗങ്ങളിൽ കൽക്കരിഖനികളും അങ്ങുന്ന് ഉളവാക്കിയിട്ടുണ്ട്. എന്നാൽ വൃക്ഷങ്ങളെ വെട്ടിയിറക്കുകയും കൽക്കരി കുഴിച്ചെടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ദൈവപരിപാലനയോടൊപ്പം മനുഷ്യസഹകരണവും കൂടിയേ കഴിയൂ.

ഈ അഭ്യർത്ഥനയിൽ നാം അനുദിനഭോജനം മാത്രമാണ് ആവശ്യപ്പെടുന്നതു്. നാളത്തെക്കാര്യത്തിൽ ഒട്ടും തന്നെ ഉൽകണ്ഠ പ്രകടിതമാകുന്നില്ല. "നാളത്തെ ദിവസത്തെപ്പററി നിങ്ങൾ ഉൽകണ്ഠയുള്ളവരാകേണ്ട. എന്തുകൊണ്ടെന്നാൽ നാളത്തെ ദിവസം അതിന്റെ കാര്യം നോക്കിക്കൊള്ളും. അതതു ദിവസത്തിനു അന്നത്തെ ക്ലേശങ്ങൾ മതിയാകും" എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. ഇസ്രായേൽക്കാർക്കു മരുഭൂമിയിൽവെച്ച് നൽകപ്പെട്ട മന്നായും അതതു ദിവസത്തേക്കു മാത്രമായിരുന്നു. അത്യാഗ്രഹത്തോടെ ആരെങ്കിലും അധികം ശേഖരിച്ചാൽ അതു പിറെറദിവസത്തേക്ക് ഉപയോഗശൂന്യമായവിധത്തിൽ ചീഞ്ഞഴിഞ്ഞുപോകുമായിരുന്നു. ഭാവി ദൈവതൃക്കരങ്ങളിൽ സുരക്ഷിതമാണെന്നുള്ള ഒരു വിശ്വാസം ഈ അർത്ഥനയിൽ അന്തർലീനമായിരിക്കുന്നുണ്ട്.

സഭാപിതാക്കന്മാർ ഈ അഭ്യർത്ഥനയെ വ്യാഖ്യാനിക്കുകയിൽ "ജീവന്റെ അപ്പ"മായ പരി. കുർബാനയെക്കുറിച്ചും ഊന്നിപ്പറയുന്നുണ്ട്. നമ്മുടെ ആദ്ധ്യാത്മികജീവിതത്തിനു ഭക്ഷണവും പോഷണവും, ശക്തിയും, ജീവനും നൽകുന്ന ഈ പരിശുദ്ധ അപ്പം"—ശാരീരികഭോജനത്തെക്കാൾ പ്രാധാന്യമർഹിക്കുന്നു "ഈ അപ്പം ഭക്ഷിക്കുന്നവൻ എന്നന്നേക്കും ജീവിക്കും." സാക്ഷാൽ സ്വീകരണം വഴിയായോ അരൂപിക്കടുത്തവിധത്തിൽ സ്വീകരിച്ചുകൊണ്ടോ ഈ അപ്പം നമ്മുടെ അനുദിനജീവിതത്തിൽ ആദ്ധ്യാത്മികമായ ശക്തികേന്ദ്രമായിത്തീരട്ടെ. "ഞങ്ങളുടെ അന്നന്നത്തെ അപ്പം ഇന്നു ഞങ്ങൾക്കു നീ തരിക" എന്നു നാം പ്രാർത്ഥിക്കുമ്പോഴൊക്കെയും അരൂപിക്കടുത്ത വിധത്തിൽ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുള്ള ശക്തിമത്തായ ആഗ്രഹവും അതിനടിസ്ഥാനമായ വിശ്വാസവും ശരണവും പരിപൂർണ്ണസമർപ്പണവും നമ്മുടെ ഹൃദയത്തെ ഉജ്ജ്വലിപ്പിക്കട്ടെ.

(ജെ. ചെമ്മണൂർ)

# പ്രഖ്യാപിക്കപ്പെട്ടേക്കും

പരിശുദ്ധ കന്യകാമറിയം ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു എന്ന വസ്തുത അടുത്ത വിശുദ്ധവത്സരത്തിൽ ഒരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്യുന്ന കാര്യം പരിശുദ്ധ സിംഹാസനം ആലോചിച്ചുവരുന്നതായറിയുന്നു.

വിമർശനവീഥി

## സദാചാരത്തെ സംബന്ധിച്ചുള്ള ഹാൽഡെയിന്റെ തെറ്റിദ്ധാരണ

ഞങ്ങൾ കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ വിമർശിച്ച പ്രഫസർ ഹാൽഡെയിന്റെ ലേഖനത്തിൽനിന്നു സദാചാരത്തെ പുരസ്കരിച്ചു യഥാർത്ഥക്രിസ്ത്യാനികൾ അവലംബിക്കുന്ന നിലയുടെ കാര്യത്തിലും അദ്ദേഹത്തിനു അബദ്ധമായ ധാരണകളുണ്ടെന്നു കാണാവുന്നതാണ്. അദ്ദേഹം പറയുന്നതു കേട്ടാലും:—

"നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും ക്രിസ്ത്യാനികൾക്കു മാത്രമേ സാധിക്കു എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ വളരെയുണ്ട്. ക്രൈസ്തവമതപ്രബോധനമുണ്ടായിരുന്നില്ലെങ്കിൽ യുദ്ധങ്ങളും ഹിംസകളും മതഭ്രാന്തും ദുർമ്മാർഗ്ഗവും വർദ്ധമാനമായിരിക്കുമെന്നവർ വിശ്വസിക്കുന്നു. ക്രിസ്തുവബ്ദത്തിനുമുൻപു സദാചാരനിരതരായ നല്ല മനുഷ്യർ ഉണ്ടായിരുന്നെന്നും, ഇന്നും ക്രൈസ്തവരല്ലാത്ത ശിഷ്ടന്മാരുണ്ടെന്നും ഉള്ള വസ്തുതകൾ അവർ വിസ്മരിച്ചുകളയുകയാണു ചെയ്യുന്നതു്. ബ്രിട്ടീഷുകാർ ഇത്തരം വിശ്വാസം വെച്ചുകൊണ്ടിരിക്കുന്നേടത്തോളംകാലം അവർ ഇന്ത്യയിലും ചൈനയിലുമുള്ള ക്രൈസ്തവേതരന്മാരെ നികൃഷ്ടരോ താണതരം മനുഷ്യരോ ആയിട്ടേ കരുതുകയുള്ളൂ. അതു ബ്രിട്ടീഷുകാർക്കു സ്വയം ആപൽക്കരമായ ഒരു മനസ്ഥിതിയാണ്. ഹിന്ദുമതത്തിനു കുറ്റങ്ങൾ പലതുമുണ്ടായിരിക്കാം. എന്നാൽ ഹിന്ദുക്കൾ ക്രൈസ്തവരെപ്പോലെ സ്വമതസ്ഥരെ സംഘടിപ്പിച്ചു കുരിശുയുദ്ധങ്ങൾ (Crusades) പോലുള്ള കൊടിയപാതകങ്ങൾ ഇതുവരെ നടത്തിയിട്ടില്ല."

ഈ ഖണ്ഡികയിൽ പ്രൊഫസർ ഹാൽഡെയിൻ സിദ്ധാന്തപരമായും ചരിത്രപരമായും പല ആശയക്കുഴപ്പങ്ങളും അബദ്ധാഭിപ്രായങ്ങളും പ്രകടിപ്പിക്കുകയാണു ചെയ്തിരിക്കുന്നതു്. ശാസ്ത്രീയമായ അന്വേഷണരീതിയിൽ ആയുഷ്കാലം മുഴുവനും ഏർപ്പെട്ടിരിക്കുന്നവനെന്നു സ്വയം അഭിമാനിക്കുന്ന അദ്ദേഹത്തിൽ ഈ ആശയക്കുഴപ്പവും അബദ്ധാഭിപ്രായവും ഒട്ടും ക്ഷന്തവ്യമല്ലതന്നെ.

### അക്രൈസ്തവസദാചാരബോധം കത്തോലിക്കർ വിസ്മരിക്കുന്നില്ല

നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും ക്രിസ്ത്യാനികൾക്കു മാത്രമേ സാധിക്കൂ എന്നു വിശ്വസിക്കുന്ന ക്രിസ്ത്യാനികളുടെ ഗണത്തിൽ കത്തോലിക്കർ പെടുന്നില്ലെന്നുള്ള വസ്തുത അദ്ദേഹത്തിനറിയാമോ, എന്തോ. ക്രിസ്ത്യാനികളല്ലാത്തവർക്കും നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും സാധിക്കുമെന്നു തന്നെയാണു കത്തോലിക്കർ സ്വീകരിച്ചിരിക്കുന്ന വിശ്വാസം. മാത്രമല്ല സാധിക്കുമെന്നുള്ള വസ്തുതയിൽനിന്നുതന്നെ കത്തോലിക്കാതത്വശാസ്ത്രജ്ഞന്മാർ ദൈവാസ്തിത്വത്തെ തെളിയിക്കുന്ന ഒരു ന്യായം പ്രത്യേകം എടുത്തുകാണിക്കുകയും ചെയ്യുന്നുണ്ട്. ഇതിനാധാരം പൗലോസ് ശ്ലീഹാതന്നെയാണ്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും ക്രിസ്ത്യാനികളല്ലാത്തവർക്കും കഴിവുണ്ടെന്നും, തന്മൂലം നന്മതിന്മ തിരിച്ചറിയാതിരിക്കുകയും സദാചാരം പാലിക്കാതിരിക്കുകയും ചെയ്യാത്തതു് അവരിൽ കുറ്റകരമാണെന്നും ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. കത്തോലിക്കാസഭ എന്നും പഠിപ്പിച്ചുപോന്നിട്ടുള്ളതും ഇതുതന്നെയാണ്. പ്രോട്ടസ്റ്റന്റു മതസ്ഥാപകന്മാരിൽ പ്രധാനനായ ലൂഥറിനെതിരായി ട്രെന്റിൽകൂടിയ സൂനഹദോസ് (മാർപ്പാപ്പായുടെ കീഴിലുള്ള മെത്രാന്മാരുടെ സമ്മേളനം) പ്രഖ്യാപിച്ച തത്വങ്ങളിലൊന്നും ഇതുതന്നെയായിരുന്നു. ആദം ചെയ്ത പാപംമൂലം മനുഷ്യവർഗ്ഗം മുഴുവനും ഏറ്റവും ദുഷ്ടമായ പ്രകൃതിയോടുകൂടിയാണു ജനിക്കുന്നതെന്നും, തന്മൂലം അവർക്കാർക്കും സന്മാർഗ്ഗദൃഷ്ട്യാ യാതൊരു സൽപ്രവൃത്തിയും ചെയ്യുവാൻ സാദ്ധ്യമല്ലെന്നും ലൂഥർ പഠിപ്പിച്ചു. ഈ അബദ്ധസിദ്ധാന്തത്തെ തിരുസ്സഭ ശപിച്ചിരിക്കുകയാണ്. ആദത്തിന്റെ പാപത്താൽ മനുഷ്യവർഗ്ഗത്തിനു പ്രകൃത്യതീതങ്ങളായി ലഭിച്ചിരുന്ന ദൈവദാനങ്ങൾ മുഴുവനും നഷ്ടപ്പെട്ടെങ്കിലും, പ്രകൃത്യനുസൃതങ്ങളായ ബുദ്ധിയുടേയും മനസ്സിന്റേയും ശക്തികൾ നിശ്ശേഷം നശിച്ചിട്ടില്ലെന്നാണ് ലൂഥറിനെതിരായി തിരുസ്സഭ പഠിപ്പിക്കുന്നതു്. മനുഷ്യനു പ്രകൃത്യാ ലഭിച്ചിട്ടുള്ളതും ലഭിക്കാനവകാശപ്പെട്ടതുമായ ബുദ്ധിയുടേയും മനസ്സിന്റേയും ശക്തികൾക്കു ആദത്തിന്റെ പാപത്താൽ കേടു തട്ടിട്ടുണ്ടെന്നല്ലാതെ, അവ നിശ്ശേഷം നശിച്ചെന്നും തൽഫലമായി മനുഷ്യപ്രകൃതി മുഴുവനും ദുഷ്ടമായിത്തീർന്നുവെന്നും തിരുസ്സഭ പഠിപ്പിക്കുന്നില്ല. ഇക്കാരണത്താൽ "ക്രിസ്ത്വബ്ദത്തിനു മുൻപു സദാചാരനിരതരായ നല്ല മനുഷ്യർ ഉണ്ടായിരുന്നു" എന്നു സമ്മതിക്കുവാൻ കത്തോലിക്കർ തയ്യാറാണ്. "ഇന്നും ക്രൈസ്തവരല്ലാത്ത ശിഷ്ടന്മാരുണ്ടെന്നുള്ള വസ്തുതയും" സമ്മതിക്കുവാൻ കത്തോലിക്കർ സന്നദ്ധരാണ്. അക്രൈസ്തവരായ ജാതിക്കാരുടേയും രാജ്യക്കാരുടേയും ഇടയിൽ സുവിശേഷപ്രചരണം നടത്തുന്ന യൂറോപ്യൻ മിഷനറിമാർക്കു റോമയിൽനിന്നു പണ്ടു മുതൽക്കേ നല്കിയിട്ടുള്ള നിർദ്ദേശങ്ങളിൽ ഈ വസ്തുതകൾ സമ്മതിക്കപ്പെട്ടിട്ടുള്ളതായി കാണാം. (സത്യദീപം 22-ാം പുസ്തകം 41, 42 ലക്കങ്ങളിലെ മുഖപ്രസംഗങ്ങൾ നോക്കുക)

### അക്രൈസ്തവസദാചാരബോധത്തെ ക്രൈസ്തവമതം ശുചീകരിക്കുന്നു

"ക്രൈസ്തവമതപ്രബോധനമുണ്ടായിരുന്നില്ലെങ്കിൽ യുദ്ധങ്ങളും ഹിംസകളും മതഭ്രാന്തും ദുർമ്മാർഗ്ഗവും വർദ്ധമാനമായിരിക്കുമെന്നവർ വിശ്വസിക്കുന്നു" എന്ന പ്രസ്താവവും കത്തോലിക്കരെ സംബന്ധിച്ചാകുമ്പോൾ ആശയക്കുഴപ്പമുള്ളതാണെന്നു കാണാൻ പ്രയാസമില്ല. ക്രൈസ്തവമതപ്രബോധനം, നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും അക്രൈസ്തവർക്കുള്ള കഴിവിനെ സഹായിക്കുന്നതെങ്ങനെയെന്നുള്ള പ്രശ്നമാണ് ഇവിടെ ഉദിക്കുന്നതു്. അതിനുള്ള മറുപടിയും ഞങ്ങൾ ഈ പംക്തികളിൽ വിശദീകരിച്ചിട്ടുള്ളതാണ്. (സത്യദീപം 22-ാം പുസ്തകം 43-ാം ലക്കം മുഖപ്രസംഗം നോക്കുക.) ആദത്തിന്റെ പാപത്താൽ മനുഷ്യബുദ്ധിക്കും മനുഷ്യമനസ്സിനും കേടു തട്ടിയതുനിമിത്തം നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനുമുള്ള അക്രൈസ്തവജനതതികളുടെ കഴിവ് അന്യൂനമായിരിക്കുന്നില്ല. പ്രാചീനകാലത്തെ അക്രൈസ്തവരുടെ ഇടയിലും, ആധുനികകാലത്തെ ക്രൈസ്തവരുടെ ഇടയിലും, പുനരുദ്ധരണ്ട ക്രൈസ്തവമതബോധം നഷ്ടീഭവിച്ചു് യഥാർത്ഥത്തിൽ അക്രൈസ്തവരായി തീർന്നിട്ടുള്ള യൂറോപ്യൻകാരും മറ്റുമായ പാശ്ചാത്യരുടെ ഇടയിലും അനേകം ദൃഷ്ടാന്തങ്ങൾ ഇതിനു ചൂണ്ടിക്കാണിക്കാവുന്നതാണ്. പ്രാചീനഗ്രീക്കുകാരിൽ പ്രമുഖനായിരുന്ന പ്ലേറ്റോപോലും അടിമത്തത്തെ നീതീകരിക്കുവാനും, രോഗബാധിതരായ ശിശുക്കളുടെ പരിത്യക്തതയെ ആദരിക്കുവാനും, ഏറ്റവും മ്ലേച്ഛമായ അസാന്മാർഗ്ഗികനടപടികളെ സഹിഷ്ണുതയോടുകൂടി വീക്ഷിക്കുവാനും മടിച്ചിരുന്നില്ല. ചൈനയിലും മറ്റും അബദ്ധങ്ങളായ ഇതേ അഭിപ്രായങ്ങളും നടപടികളും അക്രൈസ്തവരുടെ ഇടയിൽ ഇക്കാലത്തും നിലവിലുണ്ടെന്നുള്ളതും പരസ്യമാണല്ലോ. എന്തിനു്, ആത്മഹത്യ, രോഗികളുടെ വേദനക്കുടയുള്ള വധം, ജനനനിയന്ത്രണം, വിവാഹമോചനം മുതലായി യഥാർത്ഥത്തിൽ സദാചാരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും നടപടികളും ക്രൈസ്തവനാമം വഹിക്കുന്നവരെങ്കിലും യഥാർത്ഥത്തിൽ അക്രൈസ്തവരായിരിക്കുന്ന ജനതതികളുടെയിടയിൽ നാം ഇന്നു ധാരാളം കാണുന്നുണ്ടല്ലോ എന്നാൽ ഇവയെല്ലാം നിഷിദ്ധങ്ങളാണെന്നു ലോകത്തെ അനുസ്യൂതം വിളിച്ചറിയിച്ചുകൊണ്ടിരിക്കുന്ന ഏകസ്ഥാപനം കത്തോലിക്കാസഭയാകുന്നു. സഭയ്ക്കു് അതു സംബന്ധിച്ചുള്ള ശരിയായ അറിവു ലഭിച്ചിട്ടുള്ളതു് ദൈവത്തിൽനിന്നുള്ള വെളിപാടുവഴിയാണ്. നന്മ തിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും ക്രൈസ്തവമതപ്രബോധനം മുഖേന ലോകത്തിനു പൊതുവിൽ സഹായം ലഭിച്ചിട്ടുണ്ടെന്നുള്ള വസ്തുതയ്ക്കൊരു സാക്ഷ്യം, ആ വിഷയത്തിൽ ക്രിസ്തുവിനു മുൻപും ക്രിസ്തുവിനു പിൻപും തമ്മിൽ ലോകചരിത്രത്തിൽ കാണുന്ന വ്യത്യാസംതന്നെയാണ്. പ്രാചീനറോമയും ഗ്രീസും വിജ്ഞാനത്തിലും കലകളിലും രാജ്യതന്ത്രജ്ഞതയിലും ഭൗതികങ്ങളായ മറ്റു കാര്യങ്ങളിലും വളരെ ഉന്നതമായ നിലയെ പ്രാപിച്ചിരുന്നെങ്കിലും, സന്മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം താത്വികമായും പ്രായോഗികമായും ഏറ്റവും അധഃപതിച്ചാണിരുന്നിരുന്നതു്. അന്നത്തെ "യുദ്ധങ്ങളും ഹിംസകളും മതഭ്രാന്തും ദുർമ്മാർഗ്ഗവും" പിൽക്കാലത്തേതിനെക്കാൾ എത്രയോ അധികം ഭയങ്കരമായിരുന്നു! അന്നത്തേതിനോടു താരതമ്യം ചെയ്താൽ പിൽക്കാലത്തേതു് എത്രയോ നിസ്സാരം! ഈ വലിയ വ്യത്യാസത്തിനു കാരണം നന്മതിന്മ തിരിച്ചറിയാനും സദാചാരം പാലിക്കാനും ക്രൈസ്തവമതപ്രബോധനം ലോകത്തിനു പൊതുവേ നൽകിയ പ്രേരണയല്ലാതെ മറ്റൊന്നുമല്ല.

### കുരിശുയുദ്ധങ്ങൾ

ക്രൈസ്തവർ നടത്തിയിട്ടുള്ള കുരിശുയുദ്ധങ്ങളെപ്പറ്റി പ്രൊഫസർ ഹാൽഡെയിനുള്ള ധാരണയിലും ആശയക്കുഴപ്പമുണ്ട്. യുദ്ധം സ്വതവേ സന്മാർഗ്ഗവിരുദ്ധമാണെന്നുള്ള സിദ്ധാന്തം സന്മാർഗ്ഗവിരുദ്ധമാകുന്നു. സ്വയരക്ഷയ്ക്കുവേണ്ടി ആക്രമണങ്ങളെ വേണ്ടിവന്നാൽ ബലം പ്രയോഗിച്ചുപോലും എതിർക്കുവാൻ ആർക്കും അവകാശമുണ്ടെന്നുള്ളതു് പ്രാഥമികമായ സന്മാർഗ്ഗതത്വമാകുന്നു. വ്യക്തികൾക്കു് അങ്ങനെ ആകാമെങ്കിൽ രാഷ്ട്രങ്ങൾക്കും അങ്ങനെ ആകാവുന്നതാണല്ലോ. ഒരു രാഷ്ട്രം അതിനെ അന്യായമായി ആക്രമിക്കുന്ന മറ്റൊരു രാഷ്ട്രത്തെ സ്വയരക്ഷയ്ക്കുവേണ്ടി ബലം പ്രയോഗിച്ചു് എതിർക്കുന്നതാണല്ലോ യുദ്ധം. ആക്രമപരമായ യുദ്ധം പലപ്പോഴും സന്മാർഗ്ഗവിരുദ്ധമായിരിക്കും. എന്നാൽ ആക്രമത്തെ തടുക്കുവാനുള്ള, പ്രതിരോധനപരമായ, യുദ്ധം സന്മാർഗ്ഗദൃഷ്ട്യാ നീതീകരിക്കാവുന്നതാണ്. കുരിശുയുദ്ധങ്ങൾ ഇപ്രകാരമുള്ള യുദ്ധങ്ങളായിരുന്നു. യൂറോപ്പിലെ ക്രൈസ്തവജനങ്ങൾ വിശുദ്ധസ്ഥലങ്ങളായി പരിഗണിച്ചിരുന്ന പലസ്തീനായിലേക്കു ആദ്യകാലംമുതൽ തീർത്ഥയാത്ര നടത്തിയിരുന്നു. എന്നാൽ ആ രാജ്യം മുസ്ലീംശക്തികൾക്കു് അധീനമായിത്തീർന്നപ്പോൾ അവ അസാദ്ധ്യമായി ഭവിച്ചു മാത്രമല്ല ക്രൈസ്തവരായ തീർത്ഥകന്മാർക്കു മുസ്ലീംശക്തികളിൽനിന്നു കഠിനമായ ഉപദ്രവങ്ങളും നേരിട്ടു സമാധാനനയങ്ങളാൽ മുസ്ലീംശക്തികളെ അന്യായമായ ഈ ആക്രമണങ്ങളിൽനിന്നു വിരമിപ്പിക്കുവാൻ സാധിക്കാതെവന്നപ്പോൾ ക്രൈസ്തവരാഷ്ട്രങ്ങൾ ബലംപ്രയോഗിച്ചു തന്നെയും മതപരമായ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നിർബന്ധിതരായി. ആ പ്രസ്ഥാനമാണു കുരിശുയുദ്ധമെന്നപേരിൽ ചരിത്രത്തിൽ അറിയപ്പെടുന്നതു്. ആകയാൽ കുരിശുയുദ്ധങ്ങൾ സ്വതവേ സന്മാർഗ്ഗദൃഷ്ട്യാ അപലപനീയങ്ങളായിരുന്നുവെന്നു യുക്തിപൂർവ്വം ആക്ഷേപിക്കാവുന്നതല്ല. എന്നാൽ സ്വതവേ നിർദ്ദോഷമായ ആ യുദ്ധപ്രസ്ഥാനത്തിൽ ഏർപ്പെട്ട മനുഷ്യർ മനുഷ്യസഹജമായ ബലഹീനതകൾക്കധീനരായി "കൊടിയ പാതകങ്ങൾ" ചിലപ്പോൾ നടത്തിയിട്ടുണ്ടായിരിക്കാം. അക്കാരണത്താൽ കുരിശുയുദ്ധങ്ങളെ മൊത്തത്തിൽ അപലപിക്കുന്നതു യുക്തിഹീനമായിരിക്കും.

ഹിന്ദുക്കൾക്കും കത്തോലിക്കാ ക്രിസ്ത്യാനികൾക്കും തമ്മിൽ മതവിഷയത്തിൽ ഒരു വലിയ വ്യത്യാസമുണ്ട്. ഇന്നതു വിശ്വസിക്കണം, ഇന്നതു വിശ്വസിക്കരുതു് എന്ന യുക്തിപൂർവ്വകമായ നിർബന്ധം കത്തോലിക്കർക്കുണ്ട്. ഹിന്ദുക്കൾക്കാകട്ടെ അതില്ലെന്നാണു വയ്പ്. നിരീശ്വരനുപോലും ഹിന്ദുമതാനുയായിയായിരിക്കാൻ വിരോധമില്ലെന്നു ഹിന്ദുമതപ്രാസംഗികന്മാർപോലും പ്രഖ്യാപനം ചെയ്യുന്നതായി നമുക്കറിയാം. ആകയാൽ മതപരമായ അവകാശസംരക്ഷണത്തിനുവേണ്ടി ഹിന്ദുക്കൾ "സ്വമതസ്ഥരെ സംഘടിപ്പിച്ചു കുരിശുയുദ്ധങ്ങൾ" നടത്തിയിട്ടില്ലെങ്കിൽ അതിനു കാരണം, അവകാശസംരക്ഷണത്തിനായി വേണ്ടിവന്നാൽ യുദ്ധം ചെയ്യുവാൻ അവർ തയാറാകാത്തവിധം സഹിഷ്ണുബുദ്ധികളാണെന്നുള്ളതല്ല, പ്രത്യുത വേണ്ടിവന്നാൽ യുദ്ധംചെയ്തുപോലും സംരക്ഷിക്കേണ്ട ഗണത്തിൽ പെട്ടതാണു മതപരമായ അവകാശങ്ങളെന്നു് അവർക്കു വിശ്വാസമില്ലെന്നുള്ളതാണ്. അവർ വിലവയ്ക്കുന്ന അവകാശങ്ങളെ സംരക്ഷിക്കുവാൻ "കൊടിയ പാതകങ്ങൾ" ഉൾപ്പെടുന്ന പ്രസ്ഥാനങ്ങൾക്കു് അവർ സന്നദ്ധരാണെന്നുള്ളതിനു് ഇന്നത്തെ ആർ. എസ്സ്. എസ്സ്. സംഘടനതന്നെ സ്പഷ്ടമായ തെളിവല്ലയോ?

"ഇന്ത്യയിലും ചൈനയിലുമുള്ള ക്രൈസ്തവേതരന്മാരെ നികൃഷ്ടരോ താണതരം മനുഷ്യരോ ആയിട്ടേ കരുതുകയുള്ളൂ" എന്ന പ്രസ്താവം കത്തോലിക്കരെ ഒട്ടും ബാധിക്കുന്നില്ലെന്നു മുകളിൽ അക്കങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള സത്യദീപത്തിന്റെ മുൻലേഖനങ്ങൾ വായിച്ചാൽ കാണാം.

കണ്ടാലും "ഇന്നു ലോകത്തിലുള്ള അഗ്രഗണ്യശാസ്ത്രകാരന്മാരിലൊരാളായ" പ്രൊഫസർ ഹാൽഡെയിന്റെ ക്രിസ്ത്യാനികളേയും ക്രിസ്തുമതത്തേയും കുറിച്ചുള്ള ആശയക്കുഴപ്പങ്ങളും അബദ്ധാഭിപ്രായങ്ങളും!

---

## കൽക്കദോനിയാ സൂനഹദോസ്

(12-ാം പേജ് തുടർച്ച)

മായിമാത്രം ഏക വ്യക്തിയായി ക്രിസ്തു കാണപ്പെട്ടിരുന്നു എന്നുമാണല്ലോ പഠിപ്പിച്ചിരുന്നതു്. നെസ്തോറിയസിന്റെ ഈ അബദ്ധോപദേശം ശപിക്കപ്പെട്ടെങ്കിലും ഇപ്പോഴും ഈ ഉപദേശത്തെ അനുകൂലിക്കുന്നവർ പല സ്ഥലങ്ങളിലും ധാരാളമുണ്ടെന്നു വന്ദ്യ തിരുമേനിമാർ മനസ്സിലാക്കണമെന്നു സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു. ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു പഠിപ്പിച്ചാൽ ഓരോ സ്വഭാവത്തിനും അനുസരണമായി ഓരോ വ്യക്തിത്വവും ക്രിസ്തുവിൽ ഉണ്ടെന്നു സമ്മതിക്കേണ്ടിവരുകയില്ലേ? എന്തുകൊണ്ടെന്നാൽ സ്വഭാവം എത്രയുണ്ടോ അത്രയും വ്യക്തിത്വവും ഉണ്ടായിരിക്കണം. സ്വഭാവത്തിനു വ്യക്തിത്വമില്ലാതെ താനേ നില്ക്കുവാൻ സാധിക്കയില്ല ആകയാൽ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്നു പഠിപ്പിച്ചാൽ ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു വ്യക്തിത്വമുണ്ടായിരുന്നു എന്നുള്ള നെസ്തോറിയൻ പാഷണ്ഡതയിൽ ചെന്നുചാടും. ഇതുകൊണ്ടാണു ക്രിസ്തുവിൽ ഒരു സ്വഭാവമേ ഉള്ളൂ എന്നു ഞാൻ ഉപദേശിക്കുന്നതു്.

എന്നാൽ ക്രിസ്തുവിലുള്ള ഈ ഏക സ്വഭാവം ഏതാണെന്നും ഒരുദാഹരണംകൊണ്ടു ഞാൻ വ്യക്തമാക്കാം. മഹാസമുദ്രത്തിൽ ഒരുതുള്ളി പാൽ ഒഴിച്ചാൽ ആ പാൽ സമുദ്രജലത്തിൽ മുഴുവനായി ലയിച്ചുപോകയില്ലേ? ആർക്കും ആ പാൽ വേർതിരിച്ചു എടുക്കാൻ സാധിക്കയില്ല. ക്രിസ്തുവിൽ അനന്തമാഹാത്മ്യമുള്ള ദൈവത്വം സ്ഥിതിചെയ്യുന്നു. ക്രിസ്തു മനുഷ്യത്വം സ്വീകരിച്ചു മനുഷ്യനായി അവതരിച്ചപ്പോൾ മഹാസമുദ്രത്തിൽ ഒരു തുള്ളി പാൽ എന്നപോലെ അനന്തമാഹാത്മ്യമുള്ള ദൈവത്വത്തിൽ അതിനിസ്സാരമായ മനുഷ്യത്വം മുഴുവനായി ലയിച്ചുപോയി. മനുഷ്യത്വം ദൈവത്വത്തോടു യോജിക്കുന്നതിനുമുമ്പു ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരുന്നെന്നു വേണമെങ്കിൽ ഞാൻ സമ്മതിക്കാം. എന്നാൽ രണ്ടു സ്വഭാവങ്ങളും യോജിച്ചുകഴിഞ്ഞപ്പോൾ ദൈവത്വത്തിൽ മനുഷ്യത്വം പൂർണ്ണമായി ലയിച്ചു് ഒറ്റ സ്വഭാവമായി എന്നു പറയാതെ തരമില്ല ആകയാൽ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ ദൈവസ്വഭാവം എന്ന ഒരു സ്വഭാവം മാത്രമേയുള്ളൂ. ഇതു് എത്രയോ യുക്തിയുക്തമായ ഒരു ഉപദേശമാണ്! ഇതിനു് എതിരായി ആർ എന്തു പറയാനാണ്? (ഇരിക്കുന്നു)

[എവുത്തിക്കോസിന്റെ വാദം അടുത്തുവരുന്ന ഭാഗങ്ങളിൽ ഖണ്ഡിക്കപ്പെടുന്നതാണ്.]

Sathya Deepam

Vol. 23 | Ernakulam September 14 1949 | No. 5

# കൽക്കദോനിയാസൂനഹദോസ്

അഥവാ

## യാക്കോബായസഭയുടെ ഉത്ഭവം

(ചരിത്രസംഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു പ്രഹസനം)

(റി. ജെ. വി.)

### കൽക്കദോനിയാ സൂനഹദോസ്



(പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ പൗരോഹിത്യ ജൂബിലി സംബന്ധിച്ച് ഇക്കഴിഞ്ഞ മാർച്ച് 6-ാംനു തിരുവല്ലാ ദേവാലയത്തിൽ നടന്ന യോഗത്തിൽ പ്രസ്തുത ദേവാലയത്തിലെ സൊഡാലിററി അംഗങ്ങൾ അഭിനയിച്ച പ്രഹസനം).

ഇരിക്കുന്നവർ (ഇടത്തുനിന്നു വലത്തോട്ട്) 1 ഹില്ലാരി (ആറാംപട്ടക്കാരൻ) 2 ലൂക്കൻസിയൂസ് 3 ജൂലിയസ് 4 ഫ്ളാവിയൻ പാത്രിയർക്കീസ് 5 ലെഓൻ മാർപ്പാപ്പാ 6 ദീയസ്കോറോസ് പാത്രിയർക്കീസ് 7 എവുത്തിക്കോസ് (സന്യാസി) 8 പസ്കാസിനൂസ് 9 ബൊനിഫാസ് (പട്ടക്കാരൻ)

### രംഗം 1

കോൺസ്റ്റൻറിനോപ്പിളിൽ നടന്ന പ്രാദേശികസൂനഹദോസ്

[പ്രഹസനം ആരംഭിക്കുന്നതിനുമുമ്പ് സൂത്രധാരൻ രംഗത്തു പ്രവേശിച്ചു കഥാസാരം പറയുന്നു:—

മാന്യമഹാജനങ്ങളേ, ഇവിടെ അഭിനയിക്കുവാൻ തുടങ്ങുന്ന "കൽക്കദോനിയാ സൂനഹദോസ്" അഥവാ യാക്കോബായസഭയുടെ ഉത്ഭവം" എന്ന പ്രഹസനം ചരിത്രസംഭവങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഒന്നാണ്. ചരിത്രവിഷയങ്ങൾ ശരിയായി ഗ്രഹിക്കുവാൻ പലർക്കും വളരെ വിഷമമുള്ളതുകൊണ്ട് ഓരോ രംഗവും ആരംഭിക്കുന്നതിനുമുമ്പ് കഥാസാരം പറയുന്നതു പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ക്രിസ്ത്വബ്ദം 451-ൽ കൽക്കദോനിയായിൽ സമ്മേളിച്ച സൂനഹദോസ് തിരുസഭയിൽ നടന്ന നാലാമത്തെ പൊതുസൂനഹദോസാണ്. ഈ സൂനഹദോസിനുമുമ്പ് നിക്യാ, കോൺസ്റ്റൻറിനോപ്പിൾ, എഫേസൂസ് എന്നിങ്ങനെ മൂന്നു പൊതുസൂനഹദോസുകൾ തിരുസഭയിൽ നടന്നിട്ടുണ്ട്. നിക്യാ സൂനഹദോസ് ആരിയോസിന്റെയും, കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് മക്കദോനിയസിന്റെയും, എഫേസൂസ് സൂനഹദോസ് നെസ്തോറിയസിന്റെയും, കൽക്കദോനിയാ സൂനഹദോസ് എവുത്തിക്കോസ്, ദീയസ്കോറോസ് എന്നിവരുടെയും അബദ്ധോപദേശങ്ങളെ ശപിച്ച് അവരെ സഭയിൽനിന്നു ബഹിഷ്കരിച്ചു.

എവുത്തിക്കോസ് പഠിപ്പിച്ച ഏകസ്വഭാവവാദത്തിൽനിന്നു കാലക്രമത്തിൽ അനേകസഭകൾ ഉത്ഭവിച്ചു. അവയിൽ ഈജിപ്തായ (Coptic), അബിസ്സീനിയ, അർമ്മേനിയ, യാക്കോബായ എന്നിങ്ങനെ നാലു സഭകളാണ് ഇപ്പോൾ ലോകത്തിലുള്ളത്.

എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെ അനുകൂലിച്ചവർക്കു ഏകസ്വഭാവവാദികൾ (Monophysites) എന്ന പേരുണ്ടായി. എന്നാൽ പിൽക്കാലത്തു ചില ഏകസ്വഭാവവാദികൾ എവുത്തിക്കോസിനെ പാഷണ്ഡിയായി പരിഗണിച്ച് അദ്ദേഹത്തിന്റെ അബദ്ധോപദേശത്തെ നിരസിച്ചുവന്നു. തന്മൂലം ഇവരെ ഏകസ്വഭാവവാദികൾ എന്നു വിളിക്കുന്നതു അത്ര ശരിയല്ലെന്നത്രെ ചില പണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നു സ്പഷ്ടമായി പറയുവാൻ മിക്ക ഏകസ്വഭാവവാദികളും മടിക്കുന്നു. മാത്രമല്ല എവുത്തിക്കോസിനെയും ദീയസ്കോറോസിനെയും ശപിച്ച കൽക്കദോനിയാ സൂനഹദോസ് അസാധുവാണെന്ന് എല്ലാ ഏകസ്വഭാവവാദികളും അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായമാണ് അർമ്മേനിയൻ സഭക്കാരും യാക്കോബായക്കാരും സ്വീകരിച്ചിരിക്കുന്നത്. അവർ എവുത്തിക്കോസിനെ ഒരു പാഷണ്ഡിയായി കരുതുകയും അദ്ദേഹത്തിന്റെ ഉപദേശം അബദ്ധമാണെന്നു പറയുകയും ചെയ്യുന്നുണ്ടെങ്കിലും എവുത്തിക്കോസിനെയും അദ്ദേഹത്തെ പൂർണ്ണമായി അനുകൂലിച്ച ദീയസ്കോറോസിനെയും ശപിച്ച് സഭയിൽനിന്നു ബഹിഷ്കരിച്ച കൽക്കദോനിയാ സൂനഹദോസ് ശരിയല്ലെന്നു പഠിപ്പിച്ചുവരുന്നു. കൽക്കദോനിയാ സൂനഹദോസ് ശരിയാണെന്നു സമ്മതിച്ചുപോയാൽ യാക്കോബായസഭയും, അതുപോലെ ഏകസ്വഭാവവാദത്തിൽനിന്നു ഉത്ഭവിച്ച മററു സഭകളും സാർവ്വത്രികസഭയിൽനിന്ന്—മിശിഹാതമ്പുരാൻ സ്ഥാപിച്ച ഏകസത്യസഭയിൽനിന്ന്—വേർപെട്ടുനില്ക്കുന്ന സഭകളാണെന്നു സമ്മതിക്കേണ്ടിവരുമല്ലോ. ഇക്കാരണത്താലാണ് എവുത്തിക്കോസിനെ പാഷണ്ഡിയായി പരിഗണിച്ചു ശപിക്കുന്ന യാക്കോബായക്കാർ എവുത്തിക്കോസിനെ പാഷണ്ഡിയായി പരിഗണിച്ചു ശപിച്ച കൽക്കദോനിയാ സൂനഹദോസ് അസാധുവാണെന്നും, എവുത്തിക്കോസിനെ പൂർണ്ണമായി അനുകൂലിച്ചതുനിമിത്തം സഭാഭ്രഷ്ടനായ ദീയസ്കോറോസ് സത്യവിശ്വാസം പരിരക്ഷിച്ച മഹാവിശുദ്ധനാണെന്നും മററുമുള്ള വിചിത്രവാദങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

ഇവിടെ അഭിനയിക്കുന്ന പ്രഹസനത്തിൽനിന്ന് എവുത്തിക്കോസിന്റെ ഏകസ്വഭാവവാദം അബദ്ധമാണ്; എവുത്തിക്കോസിനെ പൂർണ്ണമായി അനുകൂലിച്ച ദീയസ്കോറോസിന്റെ പ്രവൃത്തികൾ നിയമവിരുദ്ധമാണ്; കൽക്കദോനിയാ സൂനഹദോസ് സാധുവാണ്; ഏകസ്വഭാവവാദം നിമിത്തം സാർവ്വത്രികസഭയിൽനിന്നു നിയമാനുസരണം ഛേദിക്കപ്പെട്ട വിഭാഗത്തിൽനിന്ന് ഉത്ഭവിച്ച വിവിധസഭകളിൽ ഒന്നായ യാക്കോബായസഭയുടെ നില അസാധുവാണ് ആദിയായ സംഗതികൾ വിശദമാകും.

കോൺസ്റ്റൻറിനോപ്പിൾ പാത്രിയർക്കീസായ ഫ്ളാവിയന്റെ അദ്ധ്യക്ഷതയിൽ ക്രിസ്ത്വബ്ദം 448-ൽ കോൺസ്റ്റൻറിനോപ്പിളിൽ സമ്മേളിച്ച ഒരു പ്രാദേശികസൂനഹദോസാണ് ഇവിടെ ആദ്യമായി അഭിനയിക്കപ്പെടുന്നത്. സമീപസ്ഥലങ്ങളിലെ പല മെത്രാന്മാരും ഈ സൂനഹദോസിൽ സംബന്ധിച്ച് എവുത്തിക്കോസിന്റെ ഉപദേശത്തെപ്പററി അഭിപ്രായങ്ങൾ പറയുന്നു. സൂനഹദോസിലെ പിതാക്കന്മാർ നിർബന്ധിച്ച് അപേക്ഷിച്ചിട്ടും തന്റെ അബദ്ധോപദേശത്തെ ഉപേക്ഷിക്കുന്നതിനു എവുത്തിക്കോസ് വിസമ്മതിക്കുന്നു. തന്നിമിത്തം അവർ ഇദ്ദേഹത്തെ ഒരു പാഷണ്ഡിയായി പരിഗണിച്ചു ശപിക്കുന്നു. എവുത്തിക്കോസിനെതിരായി സൂനഹദോസ് ചെയ്ത നിശ്ചയങ്ങൾക്കു അംഗീകാരം സിദ്ധിക്കുന്നതിനുവേണ്ടി അവ റോമ്മായിലേക്കു അയച്ചുകൊടുക്കുന്നു.]

(കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ്. ഫ്ളാവിയൻ ആദ്ധ്യക്ഷം വഹിക്കുന്നു. സമീപസ്ഥലങ്ങളിലെ പല മെത്രാന്മാരും സൂനഹദോസിൽ സന്നിഹിതരായിരിക്കുന്നു. ഏതാനും ഭടന്മാരുടെയും രാജകീയമന്ദിരത്തിലെ സേവകന്മാരുടെയും അകമ്പടിയോടുകൂടി എവുത്തിക്കോസും സൂനഹദോസിൽ ഉപവിഷ്ടനായിരിക്കുന്നു.)

ഫ്ളാവിയൻ പാത്രിയർക്കീസ് (എഴുന്നേററുനിന്നു പറയുന്നു):—

ബഹുമാന്യ സഹോദരന്മാരേ,

നാം ഇന്ന് ഈ പ്രാദേശികസൂനഹദോസ് വിളിച്ചുകൂട്ടിയിരിക്കുന്നതു സാർദസിലെ (Sardes) മെത്രാനായ ഫ്ളോറൻസിയസും മററു ചില മെത്രാന്മാരും തമ്മിൽ ഉണ്ടായിട്ടുള്ള ചില തർക്കങ്ങൾ തീർക്കുവാനാണല്ലോ. ദൈവാനുഗ്രഹത്താൽ ഈ തർക്കങ്ങളെ സംബന്ധിച്ച് ഏററവും സമാധാനപരമായ തീരുമാനങ്ങൾ നാം ഉണ്ടാക്കിക്കഴിഞ്ഞു. ഇനി ഗൗരവാവഹമായ മറെറാരു കാര്യത്തിലേക്കു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ.

നമ്മുടെ ഈ പാത്രിയർക്കാസിംഹാസനത്തിൽ സ്ഥാപിച്ചിട്ടുള്ളതും മുന്നൂറോളം അംഗങ്ങൾ ഉള്ളതുമായ ഒരു സന്യാസസഭയുടെ ശ്രേഷ്ഠനായ എവുത്തിക്കോസ് ഏതാനും നാളുകളായി പഠിപ്പിച്ചുവരുന്ന ഒരു പുതിയ ഉപദേശത്തെ ശോധനചെയ്ത് അതു ശരിയോ തെററോ എന്നു തീരുമാനിച്ചു നാം വിധി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ സൂനഹദോസിൽ സന്നിഹിതനാകണമെന്ന് ആവശ്യപ്പെട്ടു രണ്ടു പ്രാവശ്യം നാം കല്പന അയച്ചിട്ടും എവുത്തിക്കോസ് അനുസരിക്കയുണ്ടായില്ല. തനിക്കു വാർദ്ധക്യമാണെന്നും, അസുഖമാണെന്നും, സന്യാസാശ്രമം തന്റെ ശ്മശാനസ്ഥലമായി കരുതുന്നതിനാൽ അവിടം വിട്ടുപോകരുതെന്നുള്ള ദൃഢവ്രതം താൻ എടുത്തിട്ടുണ്ടെന്നുമുള്ള കാരണങ്ങൾ പറഞ്ഞാണ് അദ്ദേഹം കല്പന അനുസരിക്കാതിരുന്നത്. എന്നാൽ മൂന്നാം പ്രാവശ്യവും നാം കല്പന അയച്ചതനുസരിച്ച് ഇതാ, പട്ടാളക്കാരുടെയും രാജമന്ദിരത്തിലെ സേവകന്മാരുടെയും അകമ്പടിയോടുകൂടി എവുത്തിക്കോസ് ഈ സൂനഹദോസിൽ ഹാജരായിരിക്കുന്നു.

വിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ മനുഷ്യാവതാരം ചെയ്തപ്പോൾ അവിടുത്തെ ദൈവസ്വഭാവത്തിൽ മനുഷ്യസ്വഭാവം മുഴുവനായി ലയിച്ചുപോയെന്നും, തന്നിമിത്തം ക്രിസ്തുവിൽ ദൈവസ്വഭാവം മാത്രമേ ഉള്ളുവെന്നും അത്രേ എവുത്തിക്കോസ് ഇപ്പോൾ പഠിപ്പിച്ചുവരുന്നത്. ഈ ഉപദേശം അബദ്ധമാണെന്ന് അന്ത്യോക്യായിലെ ദോമ്നസ് (Domnus) പാത്രിയർക്കീസും, ദൊറിലേയമിലെ (Dorylaeum) മെത്രാനായ എവുസേബിയസും ഇതിനകം നമ്മെ അറിയിച്ചുകഴിഞ്ഞു. ഈ സൂനഹദോസിൽസന്നിഹിതരായിരിക്കുന്ന മററു പിതാക്കന്മാർ ഈ ഉപദേശത്തെപ്പററി എന്തു പറയുന്നെന്ന് അറിയേണ്ടിയിരിക്കുന്നു.

(ഇരിക്കുന്നു)

ഒരു മെത്രാൻ (എഴുന്നേററു നിന്നു പറയുന്നു.):—

പ്രതിയുടെ സമാധാനങ്ങൾ കേൾക്കാതെ ഈ വിഷയത്തെപ്പററി ഒരു വിധി പ്രസ്താവിക്കുന്നതു ന്യായാനുസരണമല്ലല്ലോ. ആകയാൽ പ്രതിക്കു പറയുവാനുള്ള അഭിപ്രായങ്ങളും ന്യായങ്ങളും ഈ സൂനഹദോസിൽ ആദ്യമായി ബോധിപ്പിക്കട്ടെ. (ഇരിക്കുന്നു.)

മററു മെത്രാന്മാർ:— അതേ, പ്രതി അങ്ങനെ ചെയ്യട്ടെ.

ഫ്ളാവിയൻ (എവുത്തിക്കോസിന്റെ നേരേ തിരിഞ്ഞ്):—അല്ലയോ സന്യാസിശ്രേഷ്ഠാ, ക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ച നീങ്ങൾ ഒരു പുതിയ ഉപദേശം നൽകുന്നത് എന്തുകൊണ്ട്? നിങ്ങളുടെ ഉപദേശത്തെ സാധൂകരിക്കുന്നതിനു വല്ല ന്യായവുമുണ്ടോ? ഈ സൂനഹദോസിൽ നിങ്ങളുടെ അഭിപ്രായങ്ങൾ തുറന്നു പറഞ്ഞാലും.

എവുത്തിക്കോസ് (വടികുത്തി എഴുന്നേററുനിന്നു പറയുന്നു):—അദ്ധ്യക്ഷൻ തിരുമേനി, അഭിവന്ദ്യ പിതാക്കന്മാരേ,

കോൺസ്റ്റൻറിനോപ്പിൾ എന്ന ഈ മഹനീയ സിംഹാസനത്തിൽ പാത്രിയർക്കീസായി വാണുകൊണ്ടിരുന്ന നെസ്തോറിയസിനെ എഫേസൂസ് സൂനഹദോസ് പാഷണ്ഡിയായി ശപിച്ചു സഭയിൽനിന്നു ബഹിഷ്കരിച്ചിട്ടു പതിനേഴു കൊല്ലമേ ആയിട്ടുള്ളു എന്ന സംഗതി എല്ലാവർക്കും അറിവുണ്ടല്ലോ. നെസ്തോറിയസിന്റെ അബദ്ധോപദേശത്തിനു എതിരായി എത്രമാത്രം ഞാൻ പോരാടിയിട്ടുണ്ടെന്നുള്ള കാര്യവും നിങ്ങളെല്ലാം അറിഞ്ഞിട്ടുണ്ട്. റോമ്മായിലെ അതിപരിശുദ്ധനായ ലെഓൻ മാർപ്പാപ്പാതന്നെയും ഒരു ലേഖനത്തിൽ (1) അതെപ്പററി എന്നെ വളരെ പ്രശംസിച്ചിരിക്കുന്നു. നെസ്തോറിയസ് ക്രിസ്തുവിൽ ദൈവികം, മാനുഷികം എന്നിങ്ങനെ രണ്ടു വ്യക്തികൾ സാക്ഷാൽ ഉണ്ടായിരുന്നെന്നും, എന്നാൽ ബാഹ്യ

(1) Leo Ep. XX; Mansi, V, 1223

(ശേഷം 11-ാം പേജിൽ)

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam